بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 4

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 20

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 മെയ് 16/ഹി:ശം:1398 ഹിജ്റത്ത് 16/ഹി:ഖ:1440 റമളാൻ 10

## അല്ലാഹുവിന്റെ വചനം

مَا کَانَ لِبَشَرٍ اَنۡ یُّؤۡتِیَہُ اللّٰہُ الۡکِتٰبَ وَالۡحُکۡمَ وَالنُّبُوَّۃَ ثُمَّ یَقُوۡلَ لِلنَّاسِ کُوۡنُوۡا عِبَادًا لِّیۡ مِنۡ دُوۡنِ اللّٰہِ وَلٰکِنۡ کُوۡنُوۡا رَبّٰنِیّٖنَ بِمَا کُنۡتُمۡ تُعَلِّمُوۡنَ الۡکِتٰبَ وَبِمَا کُنۡتُمۡ تَدۡرُسُوۡنَ۝ (آل عمران:80)

“അല്ലാഹു ഒരു മനുഷ്യന് ഗ്രന്ഥവും വിധികർതൃത്ത്വവും പ്രവാചകത്വവും നലികിയിട്ട്-അയാൾ ജനങ്ങളോടു, നിങ്ങൾ അല്ലാഹുവിനെ ഉപേക്ഷിച്ച് എന്റെ അടിമകളായിത്തീരുവിൻ എന്ന് പറയുക എന്നത് അയാൾക്ക് ചേർന്നതല്ല. പ്രത്യുത നിങ്ങൾ വേദഗ്രന്ഥം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരായതുകൊണ്ട് നിങ്ങൾ ദൈവഭക്തരായിരിക്കുവിൻ” (എന്നാണ് അയാൾ പറയുക). (3:80)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**നമ്മുടെ സമ്പൂർണ മാർഗദർശകന്റെ സ്വഹാബ തങ്ങളുടെ ദൈവത്തിനും റസൂലിനുംവേണ്ടി എന്തെന്തൊക്കെയാണ് ചെയ്തത്. ജീവൻ ബലിയർപിച്ചു. സ്വദേശം വെടിഞ്ഞു. അക്രമങ്ങൾ വഹിച്ചു. പലരീതിയിലുള്ള കെടുതികൾ സഹിച്ചു. ജീവൻ നല്കി. പക്ഷേ, സത്യസന്ധതയോടെ ചുവടുവെച്ചു കൊണ്ടേപോയി. ഇങ്ങനെ അവരെ ജീവാർപണം ചെയ്യുന്നവരാക്കിയെതന്താണ്? സത്യസന്ധമായ ദൈവസ്നേഹത്തിന്റെ ആവേശമായിരുന്നു അത്. അതിന്റെ ജ്വാലകൾ അവരുടെ മനസ്സിൽ പതിഞ്ഞു കഴിഞ്ഞിരുന്നു. അതിനാൽ ഏതൊരു നബിയെ താരതമ്യം ചെയ്താലും ആത്മശുദ്ധീകരണം, അനുയായികളെ ഭൗതിക മുക്തരാക്കൽ, ധീരതയോടുകൂടി സത്യസാക്ഷ്യത്തിന് രക്തംചിന്തൽ, തുടങ്ങിയ അധ്യാപനങ്ങളിലൊന്നും ഒരിടത്തും തുല്യതകാണുകയില്ല.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## നബി(സ)തിരുമേനിയുടേയും അവിടത്തെ സ്വഹാബത്തിന്റ്യും സ്ഥാനം

നബി(സ)തിരുമേനിയും അവിടത്തെ സ്വഹാബത്തും കാണിച്ച സത്യസന്ധത അതുല്യമായിരുന്നു. ജീവൻ നൽകാൻപോലും അവർ മടിച്ചിരുന്നില്ല. ഹദ്റത്ത് ഈസാ(അ)യ്ക്ക് ദുഷ്കരമായ ഒരു ജോലിയും ഉണ്ടായിരുന്നില്ല. എല്ലാവർക്കും പ്രയോജനപ്രദമായ വെളിപാടും ഉണ്ടായിട്ടില്ല. ബന്ധത്തിലുള്ള കുറച്ചാളുകൾക്ക് മനസ്സിലാക്കിക്കൊടുക്കുക എന്നത് വലിയ കാര്യമൊന്നുമല്ല. യഹൂദികൾ തൗറാത്ത് പഠിച്ചിരുന്നവരാണ്. വിശ്വസിച്ചിരുന്നവരാണ്. അല്ലാഹുവിനെ ഏകനായി മനസ്സിലാക്കിയിരുന്നവരാണ്. മസീഹ് എന്തു ചെയ്യാനാണ് വന്നതെന്നുപോലും ചിലപ്പോൾ ചിന്തിച്ചുപോകുന്നു. യഹൂദികളിൽ തൗഹീദിനുവേണ്ടി ഇപ്പോഴും ധാർമികരോഷം കാണാം. അങ്ങേയറ്റം പോയാൽ പറയാൻ കഴിയുന്നത് അവരിൽ സ്വഭാവപരമായ ചില പോരായ്മ ഉണ്ടായിരിക്കാമെന്നാണ്. പക്ഷേ, അവർക്കുള്ള അധ്യാപനം തൗറാത്തിലുണ്ടായിരുന്നു. ജനത ആ ഗ്രന്ഥത്തെ അംഗീകരിച്ചിരുന്നു. മസീഹും ആ ഗ്രന്ഥം ഓരോ പാഠവും ഉസ്താദിൽനിന്ന് പഠിച്ചിരുന്നു. ഇതിന്നെതിരിൽ നമ്മുടെ സയ്യിദും മൗലായുമായ പൂർണമാർഗദർശി നിരക്ഷരനായിരുന്നു. അദ്ദേഹത്തിന് ഉസ്താദും ഉണ്ടായിരുന്നില്ല. എതിരാളികൾക്കുപോലും നിഷേധിക്കാൻ പറ്റാത്ത കാര്യമാണിത്. അതിനാൽ, ഹദ്റത്ത് ഈസായ്ക്ക് കാര്യങ്ങൾ എളുപ്പമുണ്ടായിരുന്നു. ഒന്ന് അവരെല്ലാം ബന്ധത്തിലുള്ള ആളുകളായിരുന്നു. അംഗീകരിപ്പിക്കേണ്ട ഭാരിച്ച കാര്യം ആദ്യംതന്നെ അവർ അംഗീകരിച്ചു കഴിഞ്ഞിരുന്നു. അതേ! സ്വഭാവപരമായ കുറച്ച് പോരായ്മയുണ്ടായിരുന്നു. പക്ഷേ, ഇത്രയൊക്കെ സൗകര്യങ്ങൾ ഉണ്ടായിട്ടും ഹവാരീംകൾ നന്നായില്ല. അവർ അത്യാഗ്രഹികളായിരുന്നു. ഹദ്റത്ത് ഈസായുടെ കൈയിൽ പണമുണ്ടായിരുന്നു. ചിലർ അതിൽനിന്ന് മോഷ്ടിക്കുകയും ചെയ്തിരുന്നു. അദ്ദേഹം പറയുന്നത് തനിക്ക് തല ചായ്ക്കാൻ ഇടമില്ലെന്നാണ്. പക്ഷേ നാം അത്ഭുതപ്പെടുന്നു. ഇതിന്റെ അർഥമെന്താണ്? ഭവനമുണ്ട്, വീടുണ്ട്, ധനം എത്രമാത്രമാണെന്നാൽ, മോഷ്ടിച്ചാലും അറിയുകയില്ല. എന്തായാലും ഇതൊരു ആക്ഷേപകരമായ വാക്യമാണ്. ചൂണ്ടി കാണിക്കാനാഗ്രഹിക്കുന്നത് ഈ എല്ലാ സൗകര്യങ്ങളുണ്ടായിട്ടും പരിഷ്കരണമൊന്നും നടന്നില്ല എന്നാണ്. പത്രോസിന് സ്വർഗത്തിന്റെ താക്കോൽ കിട്ടി. പക്ഷേ, തന്റെ ഉസ്താദിനുമേൽ ശാപംചൊരിയുന്നത് നിറുത്താൻ കഴിഞ്ഞില്ല.

ഇതിന്നെതിരിൽ നീതിയോടുകൂടി നോക്കുക. നമ്മുടെ സമ്പൂർണ മാർഗദർശകന്റെ സ്വഹാബ തങ്ങളുടെ ദൈവത്തിനും റസൂലിനുംവേണ്ടി എന്തെന്തൊക്കെയാണ് ചെയ്തത്. ജീവൻ ബലിയർപ്പിച്ചു. സ്വദേശം വെടിഞ്ഞു. അക്രമങ്ങൾ വഹിച്ചു. പലരീതിയിലുള്ള കെടുതികൾ സഹിച്ചു. ജീവൻ നല്കി. പക്ഷേ, സത്യസന്ധതയോടെ ചുവടുവെച്ചുകൊണ്ടേപോയി. ഇങ്ങനെ അവരെ ജീവാർപണം ചെയ്യുന്നവരാക്കിയെതന്താണ്? സത്യസന്ധമായ ദൈവസ്നേഹത്തിന്റെ ആവേശമായിരുന്നു അത്. അതിന്റെ ജ്വാലകൾ അവരുടെ മനസ്സിൽ പതിഞ്ഞുകഴിഞ്ഞിരുന്നു. അതിനാൽ ഏതൊരു നബിയെ താരതമ്യം ചെയ്താലും ആത്മശുദ്ധീകരണം, അനുയായികളെ ഭൗതികമുക്തരാക്കൽ, ധീരതയോടുകൂടി സത്യസാക്ഷ്യത്തിന് രക്തംചിന്തൽ, തുടങ്ങിയ അധ്യാപനങ്ങളിലൊന്നും ഒരിടത്തും തുല്യത കാണുകയില്ല. ഈ സ്ഥാനമാണ് നബി(സ)തിരുമേനിയുടെ സ്വഹാബത്തിന്റേത്. അവരിൽ പരസ്പരമുണ്ടായിരുന്ന ഇണക്കത്തിന്റേയും സ്നേഹത്തിന്റെയും ചിത്രം രണ്ടു വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നു. *വ അല്ലഫ ബയ്ന ഖുലൂബി ഹിം. ലൗ അൻഫഖ്ത്ത മാഫിൽഅർളി ജമീഅൻ മ്മാ അല്ലഫ്ത്ത ബയ്ന ഖുലൂബിഹിം വലാക്കിന്നല്ലാഹ അല്ലഫ ബയ്നഹും.*(8:64) പർവ്വതത്തിനു സമാനമായി സ്വർണം നല്കിയാലും അവരിലുള്ള ഇണക്കം ഒരിക്കലും ഉണ്ടാകുമായിരുന്നില്ല. ഇനിയുള്ള മറ്റൊരു ജമാഅത്ത് മസീഹ് മൗഊദിന്റേതാണ്. അവർ തങ്ങളുടെ ഉള്ളിൽ സ്വഹാബത്തിന്റെ വർണം ഉണ്ടാക്കേണ്ടതാണ്.

(ശേഷം പേജ് 2ൽ)

## 125-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 125-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2019 ഡിസംബർ 27,28,29(വെള്ളി,ശനി,ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനും വേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

***(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# അനുഗൃഹീത റമളാനുമായി തഹ്‌രീക്കെ ജദീദിന് അഗാധമായ ബന്ധം.

തഹ്‌രീക്കെ ജദീദിന്റെ സ്ഥാപകനായ ഹദ്‌റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ് ഖലീഫത്തുൽ മസീഹ് ഥാനി (റ) പറയുന്നു:

“നിങ്ങൾ റമളാനിൽനിന്ന് ഫലമെടുക്കാനാഗ്രഹിക്കുന്നെങ്കിൽ തഹ്‌രീക്കെ ജദീദ് അനുസരിച്ച് പ്രവർത്തിക്കുക. തഹ്‌രീക്കെ ജദീദിന് ഗുണം ചെയ്യാനാഗ്രഹിക്കുന്നെങ്കിൽ നോമ്പുകളിൽനിന്ന് ശരിയായ ഫലങ്ങളെടുക്കുക. ലളിതമായി ജീവിക്കുക. തങ്ങളെ സ്വയം അധ്വാനത്തിന്റേയും പ്രയാസത്തിന്റേയും ത്യാഗത്തിന്റേയും ശീലമുള്ളവരാക്കുക. ഇതാണ് തഹ്‌രീക്കെ ജദീദ്. ഈ പാഠം നിങ്ങളെ പഠിപ്പിക്കാനാണ് റമളാൻ വരുന്നത്. ഏതൊരു ഉദ്ദേശ്യത്തിനു വേണ്ടിയാണോ റമളാൻ വന്നിട്ടുള്ളത് ആ ഉദ്ദേശ്യം കരസ്ഥമാക്കാൻ പരിശ്രമിക്കുക......... തഹ്‌രീക്കെ ജദീദിന്റെ റമളാനാകാനും റമളാൻ തഹ്‌രീക്കെ ജദീദിന്റേതാകാനും ഓരോ വ്യക്തിയും കഠിനമായി ശ്രമിക്കേണ്ടതാണ്. റമളാൻ നമ്മുടെ ശരീരേച്ഛയെ കൊന്നിടുന്നതാകണം. തഹ്‌രീക്കെ ജദീദ് നമ്മുടെ ആത്മാവിന് നവോന്മേഷം പകരുന്നതാകണം. റമളാനിൽനിന്ന് ഫലമെടുക്കുക എന്നു ഞാൻ പറയുമ്പോൾ, യഥാർഥത്തിൽ ഞാൻ നിങ്ങൾക്കു മനസ്സിലാക്കിത്തരുന്നത്, നിങ്ങൾ തഹ്‌രീക്കെ ജദീദിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ റമളാനിന്റെ വെളിച്ചത്തിൽ മനസ്സിലാക്കുക എന്നാണ്. തഹ്‌രീക്കെ ജദീദിലേക്ക് ശ്രദ്ധിക്കുക എന്നു ഞാൻ പറയുമ്പോൾ മറ്റു വാക്കുകളിൽ ഞാൻ നിങ്ങളോട് പറയുന്നത്, നിങ്ങൾ എല്ലാ അവസ്ഥയിലും റമളാനിന്റെ സ്വഭാവം നിങ്ങളുടെമേൽ നടപ്പിൽ വരുത്തുക എന്നാണ്. ശരിയായ ത്യാഗത്തിന്റേയും നിരന്തരമായ ആത്മസമർപണത്തിന്റേയും ശീലമുണ്ടാക്കുക എന്നാണ്. ഏതൊരു റമളാനാണോ സത്യമായ ആത്മസമർപണം കൂടാതെ കടന്നു പോകുന്നത്, അത് റമളാനല്ല. ആത്മാവിന്റെ നവോന്മേഷം കൂടാതെ കടന്നു പോകുന്ന തഹ്‌രീക്കെ ജദീദും, തഹ്‌രീക്കെ ജദീദല്ല.” (ജുമുഅ ഖുത്ബ 1938 നവംബർ 4)

ഇതിനോടനുബന്ധിച്ച് 1938 നവംബർ 11ന് ചെയ്ത ഖുത്ബ ജുമുഅയുടെ അവസാനം ഖലീഫത്തുൽ മസീഹ് ഥാനി(റ) ജമാഅത്തിനോട് തഹ്‌രീക്കെ ജദീദിന് ചന്ദ കൊടുക്കുന്നവർക്കു വേണ്ടി പ്രത്യേകം ദുആ ചെയ്യാൻ പറയുകയുണ്ടായി. പറഞ്ഞു:

“റമളാനിന്റെ അവസാനത്തെ പത്ത് വരാൻ പോകുകയാണ്. ഇതിനെ തഹ്‌രീക്കെ ജദീദിന് വേണ്ടിമുമ്പേ ചെയ്ത ത്യാഗങ്ങൾക്ക് നന്ദിയും ഭാവിയിൽ ശക്തി കരസ്ഥമാക്കുന്നതിനും വേണ്ടി ചെലവഴിക്കുക. ആർക്കാണോ കഴിഞ്ഞ വർഷങ്ങളിൽ ത്യാഗം ചെയ്യാൻ ഭാഗ്യം കിട്ടിയത്, അവർ അതിനു അല്ലാഹുവിനോട് നന്ദി കാണിക്കുക. ദുആ ചെയ്യുന്ന ഓരോരുത്തരും അല്ലാഹുവിനോട് എല്ലാ ത്യാഗത്തിനു വേണ്ടിയും ദുആ ചെയ്യുക; അവർ ദീനിന്റെ ശക്തിക്കും ജമാഅത്തിന്റെ പ്രബലതയ്ക്കും വേണ്ടി ചെയ്ത ത്യാഗത്തിന്റെ ഫലമായി അല്ലാഹു അവരിൽ തന്റെ കൃപാദാനവും കാരുണ്യവും ഇറക്കുന്നതിനും ഏതൊരു സ്നേഹത്തോടും ആത്മാർഥതയോടും കൂടി അവർ അല്ലാഹുവിന്റെ വഴിയിൽ ത്യാഗം ചെയ്തുവോ അതനുസരിച്ച് അല്ലാഹു തന്റെ സ്നേഹവും അനുഗ്രഹങ്ങളും അവരിൽ ഇറക്കുന്നതിനും വേണ്ടിത്തന്നെ! ആമീൻ. (അൽഫള്ൽ 1938 നവംബർ 15 പേജ്: 4)

1938 നവംബർ 29 ന് ഖാദിയാനിൽ നിന്ന് പുറപ്പെടുന്ന അൽഫള്ൽ ദിനപത്രത്തിൽ വന്ന വിളംബരം അനുസരിച്ച് തഹ്‌രീക്കെ ജദീദിന്റെ തുടക്കം മുതൽതന്നെ ജമാഅത്തിലെ ആത്മാർഥരായ അംഗങ്ങൾ റമളാൻ മാസം പകുതിയാകുന്നതോടെ തങ്ങളുടെ തഹ്‌രീക്ക് ജദീദ് ചന്ദയുടെ വാഗ്ദാനങ്ങൾ നൂറുശതമാനവും അടച്ചു തീർത്ത് അല്ലാഹുവിന്റെ കൃപാദാനങ്ങളും അനുഗ്രഹങ്ങളും ആകർഷിച്ചെടുക്കാൻ പരിശ്രമിച്ചുവരുന്നു. ഇപ്പോൾ നമ്മൾ അല്ലാഹു നല്കിയിട്ടുള്ള കഴിവനുസരിച്ച് ഒരിക്കൽ വീണ്ടും അതിരറ്റ ദൈവിക കാരുണ്യങ്ങളും അനുഗ്രഹങ്ങളും വഹിക്കുന്ന ഈ പരിശുദ്ധമാസത്തിൽ ചുവടുവെക്കാൻ പോകുകയാണ്. തഹ്‌രീക്കെ ജദീദിന്റെ സഹായികളോടു അപേക്ഷിക്കുകയാണ്. അവർ തങ്ങളുടെ ശോഭനീയമായ ജമാഅത്തീപാരമ്പര്യങ്ങളെ നിലനിറുത്തിക്കൊണ്ട് റമളാൻ 20 ന് അതായത് മെയ് 26നുള്ളിൽ തങ്ങളുടെ കർത്തവ്യങ്ങൾ പൂർണമായും നിറവേറ്റി ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലായുടെ സ്വീകാര്യമായ ദുആകളിൽ നിന്ന് കൂടുതൽ ഭാഗം കരസ്ഥമാക്കാനുള്ള ഭാഗ്യം നേടുക. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്‌മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community


(പേജ് 1ൽനിന്ന്)

സ്വഹാബിമാരുടേത് പരിശുദ്ധ ജമാഅത്തായിരുന്നു. അവരെക്കുറിച്ചുള്ള സ്തുതികൊണ്ട് വിശുദ്ധഖുർആൻ നിറഞ്ഞുകിടക്കുന്നു. നിങ്ങൾ അങ്ങനെയുള്ളവരാണോ? സ്വഹാബത്തിന്റെ തോളോടുതോളു ചേർന്ന് നടക്കുന്നവരായിരിക്കും മസീഹിനോടൊപ്പം ഉണ്ടാകുക എന്ന് അല്ലാഹു പറയുന്നു. ആരായിരുന്നു സ്വഹാബ. അവർ തങ്ങളുടെ ധനവും തങ്ങളുടെ നാടും സത്യത്തിന്റെ വഴിയിൽ നല്കി. എല്ലാം ഉപേക്ഷിച്ചു. ഹദ്‌റത്ത് സിദ്ദീഖുൽ അക്ബർ(റ)ന്റെ കാര്യം മിക്കപ്പോഴും കേട്ടിട്ടുണ്ടാകും. ഒരിക്കൽ ദൈവമാർഗത്തിൽ ധനം നല്കാൻ കല്പനയുണ്ടായപ്പോൾ വീട്ടിലെ എല്ലാ സാധനങ്ങളും കൊണ്ടുകൊടുത്തു. നബി(സ)തിരുമേനി വീട്ടിൽ എന്ത് വിട്ടിട്ടാണ് വന്നതെന്ന് ചോദിച്ചപ്പോൾ പറഞ്ഞു: ‘അല്ലാഹുവിനേയും അവന്റെ റസൂലിനേയും വീട്ടിൽ വിട്ടുപോന്നു.’ മക്കയിലെ നേതാവാകട്ടെ, എപ്പോഴും കമ്പിൾ പുതിച്ചിരുക്കുന്ന ദർവേശാകട്ടെ ദരിദ്രരുടെ വസ്ത്രം അണിഞ്ഞു. അവർ അല്ലാഹുവിന്റെ വഴിയിൽ ശഹീദായി എന്ന് മനസ്സിലാക്കുക. വാളുകളുടെ കീഴെയാണ് സ്വർഗം എന്നാണ് അവരെക്കുറിച്ച് എഴുതിയിട്ടുള്ളത്. പക്ഷേ, നമുക്ക് അത്ര കടുപ്പമില്ല. കാരണം യുദ്ധം നിറുത്തലാക്കുമെന്ന് നമ്മെ കുറിച്ച് വന്നിരിക്കുന്നു. അതായത് മഹ്ദിയുടെ കാലത്ത് മതയുദ്ധമുണ്ടാകുകയില്ല.

### ജിഹാദിന്റെ യാഥാർഥ്യം

അല്ലാഹു ചില ഉദ്ദേശ്യത്തോടുകൂടി ഒരു കർമം ചെയ്യുന്നു. ഭാവിയിൽ ആ കർമം ആക്ഷേപാർഹമായിത്തീരുമ്പോൾ പിന്നീട് ആ കർമം തുടരുകയില്ല. ഒന്നാമതായി നമ്മുടെ നബി(സ) തിരുമേനി ഒരു വാളും എടുത്തിരുന്നില്ല. എന്നാൽ, അവർക്ക് അതികഠിനമായ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു. 13 വർഷം എന്നു പറയുന്നത് ഒരു കുട്ടി പ്രായപൂർത്തിയാകുന്നതിന് മതിയായതാണ്. ഈ ദീർഘ കാലത്ത് വഹിക്കാത്തതായ ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. അവസാനം നാടുപേക്ഷിച്ചു പോകുമ്പോൾ പിന്തുടർന്നു. മറ്റൊരു സ്ഥലത്ത് അഭയം തേടിയപ്പോൾ ശത്രുക്കൾ അവിടേയും വിട്ടില്ല. ഈ അവസ്ഥയിലെത്തിയത്തിയപ്പോൾ പീഢിതരെ അക്രമികളിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി കല്പന ഉണ്ടായി: *ഉദിന ലില്ലദീന യുഖാത്തലൂന ബി അന്നഹും ളുലിമൂ വ അന്നല്ലാഹ അലാ നസ്‌രിഹിം ലഖദീർ അല്ലദീന ഉഖ്‌രിജൂ മിൻ ദിയാരിഹിം ബിഗയ്‌രി ഹഖ്ഖിൻ ഇല്ലാ അൻ യ്യഖൂലൂ റബ്ബുനല്ലാഹ്* (22:40–41)അനാവശ്യമായി ആരുമായാണോ യുദ്ധങ്ങൾ ചെയ്യപ്പെട്ടത്, തങ്ങളുടെ രക്ഷിതാവ് അല്ലാഹു ആണെന്ന് പറഞ്ഞ ഒറ്റക്കാരണത്താൽ ആരാണോ വീട്ടിൽനിന്ന് അന്യായമായി പുറത്താക്കപ്പെട്ടത്! അപ്പോൾ അവർക്കെതിരിൽ വാളെടുക്കേണ്ടത് ആവശ്യമായിത്തീർന്നു. ഇതല്ലാതെ അവിടന്ന് ഒരിക്കലും വാളെടുത്തിട്ടില്ല. അതേ! നമ്മുടെ കാലത്ത് നമുക്കെതിരിൽ തൂലിക എടുക്കപ്പെട്ടു. തൂലികകൊണ്ട് നമ്മെ വിഷമിപ്പിച്ചു. കഠിനമായി പീഢിപ്പിച്ചു. അതിനെതിരിൽ തൂലുകതന്നെയാണ് നമ്മുടെ ആയുധം *(മൽഫൂദാത്ത് വാല്യം 1, പേജ് 36–38, 2018 ഖാദിയാൻ പതിപ്പ്)*

## അല്ലാഹുവിന്റെ കലാം

***“അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.’(2:22)***


ത്വാലിബെ ദുആ
M.P.Haneef Ahmad
Ameer Ahmadiyya Jama-ath Koodali, Kerala.


## കലാമുൽ ഇമാം:–

**‘ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: ‘ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.’ (കിതാബുൽ ബരിയ്യ പേജ് 47)**


ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

## ഖുത്ബ ജുമുഅ

**ശഹീദ് വീണ്ടും അല്ലാഹുവിന്റെ അടുക്കൽ പോകുകയും അവിടെ സ്വതന്ത്രനായി ചുറ്റിക്കറങ്ങുകയും ചെയ്യുന്നു.**

ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദിൽ മുൻദിർ.....പറഞ്ഞു:‘ഞാൻ സ്വർഗത്തിലാണുള്ളത്. സ്വർഗത്തിൽ ഞങ്ങൾ ആഗ്രഹിക്കുന്നിടത്തു നിന്നെല്ലാം ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നു.’ താങ്കൾ ബദ്റിൽ ശഹീദായിരുന്നില്ലേ? എന്നു ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: തീർച്ചയായും. എന്നാൽ, എന്നെ വീണ്ടും ജീവിപ്പിക്കുകയുണ്ടായി. ഹദ്റത്ത് അബ്ദുല്ലാഹ് ഈ സ്വപ്നം നബി(സ) തിരുമേനിയെ കേൾപ്പിച്ചപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ‘അല്ലയോ അബൂ ജാബിർ, ശഹാദത്തെന്നാൽ ഇതുതന്നെയാണ്.’

സമയം കഴിഞ്ഞുപോകുന്നതിനും ശത്രുക്കളുടെ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും യുദ്ധങ്ങളും ശത്രുക്കളും ബുദ്ധിമുട്ടിച്ചിരുന്നിട്ടും സ്വഹാബ തങ്ങളുടെ വിനോദത്തിനുള്ള സാഹചര്യവും ഒരുക്കിയിരുന്നു. പരസ്പരം ചെറിയ ചെറിയ വെല്ലുവിളികളും നടത്തിക്കൊണ്ടിരുന്നു.

**‘നബി(സ)തിരുമേനിയ്ക്ക് കൊല്ലുന്നതിനോടും കവർച്ച ചെയ്യുന്നതിനോടും ഒരു താൽപര്യവുമുണ്ടായിരുന്നില്ല.’**

അനുസരണത്തിന്റേയും ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപങ്ങളായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാർ ഹദ്റത്ത് ഹുസ്വയ്ൻ ബിൻ ഹാരിഥ്, ഹദ്റത്ത് സ്വഫ്‌വാൻ, ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദിൽ മുൻദിർ, ഹദ്റത്ത് വർഖ ബിൻ ഇയാസ്, ഹദ്റത്ത് മുഹർരിസ് ബിൻ നള്‌ല,ഹദ്റത്ത് സുവയ്ബിത് ബിൻ സഅ്ദ് (റളിയല്ലാഹു അൻഹും വറളൂ അൻഹും)തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം

**അല്ലാഹു തന്റെ പ്രവാചകൻമാരോട് ഒരു കാര്യം ചെയ്യുക എന്ന് ഇൽഹാമിലൂടെ കല്പിക്കുമ്പോൾ അതിനർഥം അല്ലാഹുവിന്റെ സഹായവും പിന്തുണയും അതിനോടൊപ്പം ഉണ്ടാകുമെന്നാണ്. അതിനുള്ള സാഹചര്യം അവൻ ഒരുക്കുകയും അങ്ങനെ അവൻ അത് പൂർത്തീകരിക്കുകയും ചെയ്യുന്നു.നമ്മുടെ അനുഭവവും അതാണ്.**

മുന്നോട്ടുയരുന്ന നമ്മുടെ ഓരോ ചുവടും, അല്ലെങ്കിൽ നമ്മൾ കാണുന്ന ഓരോ നേട്ടവും യഥാർഥത്തിൽ അല്ലാഹു ഇസ്‌ലാമിനെ ലോകത്ത് പരത്തുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള പദ്ധതികളുടെ ഭാഗമാണ്.

**എനിക്കു ദൃഢവിശ്വാസമുണ്ട്, മറ്റു തെളിവുകളും അതു പ്രകടിപ്പിക്കുന്നുണ്ട്. ഇവിടെ സ്ഥിരമായൊരു മർക്കസ് ഉണ്ടാക്കണമെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന് ആഗ്രഹമുണ്ടായിരുന്നു.**

ഇസ്‌ലാമാബാദിൽനിന്ന് ഇസ്‌ലാമിക പ്രബോധനപ്രവൃത്തി മുമ്പത്തേതിനേക്കാൾ കൂടുതൽ അല്ലാഹു വിശാലമാക്കുമാറാകട്ടെ. **വസ്സിഅ് മക്കാനക്ക** എന്നത് കേവലം വീടുകളുടെ വിശാലതയിൽ മാത്രം ഒതുങ്ങാതെ അല്ലാഹുവിന്റെ പദ്ധതികളുടെ പൂർത്തീകരണ വിശാലതയ്ക്ക് മാർഗമായിത്തീരട്ടെ.

**‘വസ്സിഅ് മക്കാനക്ക’** എന്ന മസീഹ് മൗഊദിനുണ്ടായി ഇൽഹാം അനുസരിച്ച് ഇസ്‌ലാമാബാദ്, ടെലിഫോർഡ്, സർറെയിലെ അഹ്മദിയ്യ ജമാഅത്തിന്റെ പുതിയ കേന്ദ്രത്തിന്റെ നിർമാണത്തിന്റേയും അവിടുത്തേക്കുള്ള മാറ്റത്തിന്റേയും വിളംബരം. ഇപ്രകാരംതന്നെ ഇസ്‌ലാമാബാദിലെ നവനിർമാണപദ്ധതികളും അഹ്മദിയ്യത്തിന്റെ കേന്ദ്രം അവിടേക്ക് മാറുന്നതും അനുഗൃഹീതമാകുന്നതിന് ജമാഅത്തംഗങ്ങളോടു ദുആ ചെയ്യാൻ ആഹ്വാനം.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്ബ 2019 ഏപ്രിൽ 12/1398 ശഹാദത്ത് 12**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

**ഹദ്റത്ത് ഹുസ്വയ്ൻ ബിൻ ഹാരിഥ്(റ):** ഇന്ന് ഞാൻ വിവരിക്കാൻ പോകുന്ന ബദ്‌രീ സ്വഹാബാക്കളിൽ ആദ്യത്തേത് ഹദ്റത്ത് ഹുസ്വയ്ൻ ബിൻ ഹാരിഥാണ്. ഹദ്റത്ത് ഹുസ്വയ്ന്റെ മാതാവ് സുഖയ്‌ല ബിൻത് ഖുസായീ ആയിരുന്നു. ബനൂമുത്ത്വലിബു ബിൻ അബ്ദി മനാഫുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം തന്റെ രണ്ടു സഹോദരങ്ങളായ ഹദ്റത്ത് ത്വുഫയ്‌ലിന്റേയും ഹദ്റത്ത് ഉബയ്ദിന്റേയും കൂടെ മദീനയിലേക്ക് ഹിജ്റത്തു ചെയ്തു. അദ്ദേഹത്തോടൊപ്പം ഹദ്റത്ത് മിസ്ത്വഹ് ബിൻ ഉഥാഥയും ഹദ്റത്ത് അബ്ബാദ് ബിൻ മുത്ത്വലിബും ഉണ്ടായിരുന്നു. മദീനയിൽ അദ്ദേഹം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലമ അജ്‌ലാനിയുടെ വീട്ടിൽ താമസിച്ചു. നിവേദനമനുസരിച്ച് നബി(സ)തിരുമേനി ഹദ്റത്ത് ഹുസ്വയ്നേയും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിനേയും സഹോദരന്മാരാക്കി. ഇത് മുഹമ്മദ് ബിൻ ഇസ്ഹാഖിന്റെ അഭിപ്രായമാണ്. ഹദ്റത്ത് ഹുസ്വയ്ൻ ബദ്ർ, ഉഹുദ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് ഹുസ്വയ്ന്റെ രണ്ടു സഹോദരന്മാർ ഹദ്റത്ത് ത്വുഫയ്‌ലും ഹദ്റത്ത് ഉബയ്ദും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഹിജ്റ 32–ലാണ് ഹദ്റത്ത് ഹുസ്വയ്ൻ വഫാത്തായത്. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 30, ഹുസ്വയ്ൻ ബിൻ അൽഹാരിഥ്, പ്രസാധകർ ദാറുഅഹ്‌യാഉത്തുറാഥ് അൽഅറബി, ബേറൂത്ത് ലബ്നാൻ 1996). (അൽഇസ്തീആബ് വാള്യം 3, പേജ് 141, ഉബയ്ദ ബിൻ അൽഹാരിഥ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2002) (ഉസുദുൽ ഗാബ, വാള്യം 1, പേജ് 573, ഹുസ്വയ്ൻ ബിൻ അൽഹാരിഥ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്റത്ത് ഹുസ്വയ്ന്റെ മകന്റെ പേര് അബ്ദുല്ലാഹ് എന്നായിരുന്നു. ഖദീജായും ഹിന്ദും അവരുടെ പെൺമക്കളായിരുന്നു. അവരും ഇസ്‌ലാം സ്വീകരിച്ചു. ഖയ്ബർ യുദ്ധ നേരത്ത് നബി(സ) തിരുമേനി അവരിരുവർക്കും നൂറ് വസഖ് ധാന്യം നല്കിയിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 30, ദിക്റു അൽഹുസ്വയ്ൻ ബിൻ അൽഹാരിഥ്, വാള്യം 8, പേജ് 364, തസ്മിയ്യത്തുന്നിസാ അൽമുബായിആത്ത് മിൻ ഖുറയ്ശിൻ, പ്രസാധകർ ദാറുഅഹ്‌യാഉത്തുറാഥ് അൽഅറബി, ബേറൂത്ത് ലബ്നാൻ 1996).

ഒരു വസഖ് 60 സ്വാആണ്. ഏകദേശം 375 മൻ ധാന്യം നബി(സ)തിരുമേനി അദ്ദേഹത്തിന് അദ്ദേഹത്തിന്റെ പിതാവ് കാരണത്താൽ നല്കി.(ലുഗാത്തുൽഹദീഥ്, വാള്യം 4, പേജ് 487, ‘വസഖ്’വാള്യം 2 പേജ് 648, ‘സ്വാഅ്’ പ്രസാധകർ നുഅ്മാനീ കുതുബ് ഖാന, ലാഹോർ 2005)

**ഹദ്റത്ത് സ്വഫ്‌വാൻ(റ):** ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് വഹബ് ബിൻ റബീഅ എന്നായിരുന്നു. ഹദ്റത്ത് സ്വഫ്‌വാന്റെ സംജ്ഞാനാമം അബൂ അംറ് എന്നായിരുന്നു. ബനൂ ഹാരിഥ് ബിൻ ഫുഹ്ർ ഗോത്രവുമായിട്ടായിരുന്നു ഇദ്ദേഹത്തിന്റെ ബന്ധം. ഇദ്ദേഹത്തിന്റെ പേര് ഒരു നിവേദനത്തിൽ ഉഹയ്യ് എന്നും വന്നിട്ടുണ്ട്. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് വഅ്ദ് ബിൻത് ജഹദം എന്നായിരുന്നു. അവർ ബയ്ളാഅ് എന്ന പേരിൽ പ്രസിദ്ധയായിരുന്നു. ഇക്കാരണത്താൽ ഹദ്റത്ത് സ്വഫ്‌വാനെ ഇബ്നു ബയ്ളാഅ് എന്നും പറയുന്നു. ഇദ്ദഹം ഹദ്റത്ത് സഹ്‌ലിന്റേയും സുഹയ്‌ലിന്റേയും സഹോദരനായിരുന്നു. നബി(സ)തിരുമേനി മസ്ജിദ് നബ്‌വിയ്ക്കുവേണ്ടി സ്ഥലം വാങ്ങിയത് ഈ സഹ്‌ലിൽനിന്നും സുഹയ്‌ലിൽനിന്നുമല്ല. അവർ വേറെയാണ്. നബി(സ)തിരുമേനി ഹദ്റത്ത് സ്വഫ്

വാനേയും ഹദ്റത്ത് റാഫിഅ് ബിൻ മുഅല്ലായേയും സഹോദരന്മാരാക്കി. ഒരു നിവേദനത്തിൽ പറയുന്നത് ഹദ്റത്ത് റാഫിഅ് ബിൻ അജ്ലാനേയും ഹദ്റത്ത് സ്വഫ്വാനേയും സഹോദരന്മാരാക്കി എന്നാണ്. ഇദ്ദേഹത്തിന്റെ വഫാത്തിനെ സംബന്ധിച്ചും വിവിധ അഭിപ്രായങ്ങളുണ്ട്. ചിലർ പറയുന്നത് ഹദ്റത്ത് സ്വഫ്വാനെ ബദ്ർ യുദ്ധത്തിൽ ത്വുഅയ്മ ബിൻ അദിയ്യ് ശഹീദാക്കി എന്നാണ്. ഒരു നിവേദനമനുസരിച്ച് അദ്ദേഹം ബദ്ർ യുദ്ധത്തിൽ ശഹീദായിരുന്നില്ല. മറിച്ച് ബദ്ർ യുദ്ധമടക്കം എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം അദ്ദേഹം പങ്കെടുത്തു. ഹദ്റത്ത് സ്വഫ്വാനെ സംബന്ധിച്ച് ഒരു നിവേദനത്തിൽ വന്നിട്ടുള്ളത് ബദ്ർ യുദ്ധത്തിനുശേഷം അദ്ദേഹം മക്കയിലേക്ക് മടങ്ങിപ്പോയെന്നാണ്. കുറച്ചു കാലത്തിനു ശേഷം വീണ്ടും ഹിജ്റത്തു ചെയ്തുവന്നു. അദ്ദേഹം മക്ക വിജയംവരെ അവിടെ താമസിച്ചുവെന്നും നിവേദനം ലഭിക്കുന്നുണ്ട്; അതായത് മക്കയിൽ. നബി(സ)തിരുമേനി അബ്ദുല്ലാഹ് ബിൻ ജഹ്ശ്സൈനികനീക്കത്തിൽഉൾപ്പെടുത്തിഅദ്ദേഹത്തെ അബ്വായിലേക്ക് അയച്ചുവെന്ന് ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നുണ്ട്. അദ്ദേഹം വഫാത്തായത് ഹിജ്റ 18 ലാണെന്നും 30 ലാണെന്നും 38 ലാണെന്നും വിവരിക്കപ്പെട്ടിട്ടുണ്ട്. (ഉസുദുൽ ഗാബ, വാള്യം 3, പേജ് 33, സ്വഫ്വാൻ ബിൻ വഹ്ബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാള്യം 3, പേജ് 358 –359, സ്വഫ്വാൻ ബിൻ വഹ്ബ് (റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995). (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 318, സ്വഫ്വാൻ ബിൻ ബയ്ളാഅ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

എന്തായാലും എല്ലായിടത്തും ഇദ്ദേഹം ബദ്‌രി സ്വഹാബിയാണെന്ന് പറയുന്നുണ്ട്.

**ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദിൽ മുൻദിർ:** അടുത്ത സ്വഹാബിയാണ് ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദിൽ മുൻദിർ. ഹദ്റത്ത് മുബശ്ശിറിന്റെ പിതാവിന്റെ പേര് അബ്ദുൽ മുൻദിർ എന്നും മാതാവിന്റെ പേര് നസീബ ബിൻത് സയ്ദ് എന്നുമായിരുന്നു. അദ്ദേഹം ഔസ് ഗോത്രമായ ബനൂ അംറ് ബിൻ ഔഫിൽ നിന്നുള്ളയാളായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദിൽ മുൻദിറിനേയും ഹദ്റത്ത് ആഖിൽ ബിൻ അബൂ ബുകയ്റിനേയും സഹോദരന്മാരാക്കി. ചിലർ പറയുന്നത് നബി(സ)തിരുമേനി ഹദ്റത്ത് ആഖിൽ ബിൻ അബൂ ബുകയ്റിനേയും ഹദ്റത്ത് മുജദ്ദർ ബിൻ സിയാദിനേയും സഹോദരന്മാരാക്കി എന്നാണ്. എന്തായാലും അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ആ യുദ്ധത്തിൽ അദ്ദേഹം ശഹീദാകുകയും ചെയ്തു. ഹദ്റത്ത് മുബശ്ശിറിന്റെ സഹോദരൻ ഹദ്റത്ത് സാഇബ് അബൂലുബാബ, ഹദ്റത്ത് അബൂലുബാബയുടെ മകനായിരുന്നു. അദ്ദേഹം നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനി ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദിൽ മുൻദിറിന് ഗനീമത്തു മുതലിൽ ഓഹരി നിശ്ചയിക്കുകയും മഅ്ൻ ബിൻ അദിയ്യ്(റ)ഞങ്ങളുടെ അടുത്ത് അദ്ദേഹത്തിന്റെ വിഹിതം കൊണ്ടു വരികയും ചെയ്തു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 347–348, മുബശ്ശിൽ ബിൻ അബ്ദിൽ മുൻദിർ, പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബേറൂത്ത് 1990). അദ്ദേഹത്തിന്റെ സഹോദരനും അദ്ദേഹത്തിന്റെ രണ്ട് സഹോദരപുത്രന്മാർക്കും ഓഹരി ലഭിക്കുകയുണ്ടായി.

മദീന ഹിജ്റത്തിന്റെ നേരത്ത് മുഹാജിരീംകളിൽപ്പെട്ട ഹദ്റത്ത് അബൂ സലമ ബിൻ അബ്ദിൽ അസദും ഹദ്റത്ത് ആമിർ ബിൻ റബീആയും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശും അദ്ദേഹത്തിന്റെ സഹോദരൻ ഹദ്റത്ത് അബൂ അഹ്മദ് ബിൻ ജഹ്ശും ഖുബാ എന്ന സ്ഥലത്ത് ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദിൽ മുൻദിറിന്റെ വീട്ടിലാണ് താമസിച്ചത്. പിന്നീട് മുഹാജിരീംകൾ തുടരെത്തുടരെ അവിടെ വരാൻ തുടങ്ങി. (അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം, പേജ് 335, ദിക്റുൽ മുഹാജിരീന ഇലൽമദീനത്തി ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001)

ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദിൽ മുൻദിർ തന്റെ രണ്ടു സഹോദരങ്ങളായ ഹദ്റത്ത് അബൂലുബാബാ ബിൻ അബ്ദിൽ മുൻദിർ, ഹദ്റത്ത് രിഫാഅ ബിൻ അബ്ദിൽ മുൻദിർ എന്നിവരോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. ഹദ്റത്ത് രിഫാഅ(റ)70 അൻസ്വാറിനോടൊപ്പം അഖബ ബയ്അത്തിലും പങ്കെടുത്തിരുന്നു. അതുപോലെതന്നെ ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. ഉഹുദ് യുദ്ധദിവസം ശഹീദായി. നബി(സ)തിരുമേനി ബദ്റിന്റെ ഭാഗത്തേക്ക് യാത്ര പുറപ്പെട്ടപ്പോൾ അവിടന്ന് ഹദ്റത്ത് അബൂലുബാബയെ മദീനായുടെ ഉദ്യോഗസ്ഥനാക്കി റൗഹാഅ് എന്ന സ്ഥലത്തുനിന്ന് തിരിച്ചയിച്ചിരുന്നു. റൗഹാഅ് എന്നത് ഒരു സ്ഥലത്തിന്റെ പേരാണെന്ന് മുമ്പേയും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. മദീനയിൽനിന്ന് 40 മൈൽ ദൂരത്താണു ഇത് സ്ഥിതി ചെയ്യുന്നത്. പക്ഷേ, നബി(സ)തിരുമേനി അദ്ദേഹത്തിന് ഗനീമത്തു മുതലിലും പുണ്യത്തിലും ഓഹരി നിശ്ചയിച്ചു. അല്ലാമ ഇബ്നു ഇസ്ഹാഖ് പറയുന്നു: ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദിൽ മുൻദിർ ബനൂ അംറുബ്നു ഔഫിൽപ്പെട്ടയാളായിരുന്നു. അദ്ദേഹം ബദ്റിൽ ശഹീദായ അൻസ്വാർ സ്വഹാബിമാരിൽപ്പെട്ടയാളാണ്. (ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 5, മുബശ്ശിർ ബിൻ അബ്ദിൽ മുൻദിർ, പേജ് 53, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് ലബ്നാൻ 2008).(അത്ത്വബക്കാത്തുൽ കുബ്റാ ഭാഗം 3, പേജ് 241, മുബശ്ശിർ ബിൻ അബ്ദിൽ മുൻദിർ, പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് അൽ അറബി ബേറൂത്ത് , ലബനാൻ 1996)(ലുഗാത്തുൽഹദീഥ് വാള്യം 2 പേജ് 149)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ഹറാം വിവരിക്കുന്നു: ഉഹുദ് യുദ്ധത്തിനു മുമ്പേ ഞാൻ ഇങ്ങനെ സ്വപ്നം കണ്ടു: മുബശ്ശിർ ബിൻ അബ്ദിൽ മുൻദിർ എന്നോടു പറയുകയാണ്, 'നീ അല്പദിവസത്തിനുള്ളിൽ നമ്മുടെ അടുക്കൽ വരുന്നതാണ്.' താങ്കളെവിടെയാണെന്നു ഞാൻ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, 'ഞാൻ സ്വർഗത്തിലാണുള്ളത്. സ്വർഗത്തിൽ നാം ആഗ്രഹിക്കുന്നിടത്തു നിന്നെല്ലാം ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നു.' താങ്കൾ ബദ്റിൽ ശഹീദായിരുന്നില്ലേ എന്നു ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'തീർച്ചയായും. എന്നാൽ, എന്നെ വീണ്ടും ജിവിപ്പിക്കുകയുണ്ടായി.' ഹദ്റത്ത് അബ്ദുല്ലാഹ് ഈ സ്വപ്നം നബി(സ)തിരുമേനിയെ കേൾപ്പിച്ചപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അല്ലയോ അബൂജാബിർ, ശഹാദത്തെന്നാൽ ഇതുതന്നെയാണ്. ശഹീദ് അല്ലാഹുവിന്റെ അടുക്കലെത്തുകയും അവിടെ സ്വതന്ത്രമായി വിഹരിക്കുകയും ചെയ്യുന്നു.'(അൽ മുസ്തദർക്ക് അല സ്സ്വഹീഹയ്ൻ, വാള്യം 5, പേജ് 1840–1841, കിതാബു മഅ്രിഫ്തതുസ്സ്വഹാബ, ദിക്റു മനാഖിബി അബ്ദില്ലാഹിബ്നി അംറ്, മക് തബ നിസാറെ മുസ്തഫാ അൽബാസ്, മക്ക 2000)

ശഹീദ് വീണ്ടും അല്ലാഹുവിന്റെ അടുക്കൽ പോകുകയും അവിടെ സ്വതന്ത്രനായി ചുറ്റിക്കറങ്ങുകയും ചെയ്യുന്നു.

അല്ലാമ സർഖാനി ബദ്ർ യുദ്ധാവസരത്തിൽ ശഹീദായ സ്വഹാബത്തിനെ സ്മരിച്ചുകൊണ്ടെഴുതുന്നു: രണ്ട് സ്വഹാബത്ത് ഔസ് ഗോത്രത്തിൽനിന്നുള്ളവരായിരുന്നു. അതിലൊരാൾ ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയായിരുന്നു. ചിലർ പറയുന്നത് ത്വുഅയ്മ ബിൻ അദിയ്യ് അദ്ദേഹത്തെ ശഹീദാക്കിയെന്നാണ്. ചിലർ പറയുന്നത് അംറ് ബിൻ അബ്ദ് വുദ്ദാണ് അദ്ദേഹത്തെ ശഹീദാക്കിയതെന്നാണ്. സംഹൂദി തന്റെ ഗ്രന്ഥമായ 'വഫാ'യിൽ എഴുതിയിരിക്കുന്നു: ചരിത്രകാരന്മാരുടെ വാക്യങ്ങളിൽനിന്ന് പ്രകടമാകുന്നത് ബദ്ർ യുദ്ധാവസരത്തിൽ ശഹീദായ സ്വഹാബത്ത് ഹദ്റത്ത് ഉബയ്ദല്ലാത്തവരെല്ലാം ബദ്റിൽ മറയടക്കപ്പെട്ടുവെന്നാണ്. ഹദ്റത്ത് ഉബയ്ദ മരിച്ചത് കുറച്ചുനേരം കഴിഞ്ഞാണ്. അദ്ദേഹം സ്വഫ്റാഅ് എന്ന സ്ഥലത്തോ റൗഹാ അ് എന്ന സ്ഥലത്തോ ആണ് മറയടക്കപ്പെട്ടിട്ടുള്ളത്.

ത്വബ്റാനീ വിശ്വാസയോഗ്യരായ നിവേദകരിൽനിന്ന് നിവേദനം ചെയ്തിരിക്കുന്നു. ഹദ്റത്ത് ഇബ്നു മസ്ഊദ് നിവേദനം. തീർച്ചയായും നബി(സ)തിരുമേനിയുടെ ബദ്റിൽ ശഹീദാക്കപ്പെട്ട സ്വഹാബത്തിനെ, അവരുടെ ആത്മാവിനെ അല്ലാഹു സ്വർഗത്തിൽ പച്ചപക്ഷികളിൽ വെക്കുന്നതായിരിക്കും. അവർ സ്വർഗത്തിൽ തിന്നുകയും കുടിക്കുകയും ചെയ്യുന്നതാണ്. അവർ ഏതവസ്ഥയിലായിരിക്കുമെന്നാൽ, അവരുടെ രക്ഷിതാവ് പെട്ടെന്ന് അവരിൽ വെളിപ്പെട്ട് ചോദിക്കും; എന്റെ ദാസരേ, നിങ്ങളെന്താണ് ആഗ്രഹിക്കുന്നത്? അപ്പോൾ അവർ ചോദിക്കും: ഞങ്ങളുടെ രക്ഷിതാവേ! ഇതിന്റെ മുകളിലും വല്ല സ്ഥാനവുമുണ്ടോ? ഞങ്ങൾ സ്വർഗത്തിൽ വന്നിരിക്കുന്നു. അല്ലാഹു വീണ്ടും ചോദിക്കും: നിങ്ങൾ എന്താണ് ആഗ്രഹിക്കുന്നത്? നാലാമത്തെ പ്രാവശ്യം സ്വഹാബത്ത് പറയും: 'ഞങ്ങൾ വീണ്ടും ആദ്യത്തെപ്പോലെ ശഹീദാകാൻ നീ ഞങ്ങളുടെ ആത്മാക്കളെ ഞങ്ങളുടെ ശരീരത്തിൽ മടക്കി അയക്കുക.' (ശർഹ് അൽഅല്ലാമ അസ്സർഖാനീ, ഭാഗം 2, പേജ് 327, ബാബ് ഗസ്വയേ ബദ്ർ അൽകുബ്റാ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ, 1996)

**ഹദ്റത്ത് വറഖ ബിൻ ഇയാസ്(റ):** അടുത്തതായി പരാമർശിക്കുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് വറഖ ബിൻ ഇയാസ്(റ). ഹദ്റത്ത് വറഖയുടെ പേരിനെപറ്റി അഭിപ്രായവ്യത്യാസമുണ്ട്. അദ്ദേഹത്തിന്റെപേര് വർഖ എന്നതിനുപുറമെ 'വദ്ഫ' എന്നും 'വദ്ഖ' എന്നും വിവരിച്ചിരിക്കുന്നു. ഹദ്റത്ത് വർഖയുടെ പിതാവിന്റെ പേര് ഇയാസ് ബിൻ അംറ് എന്നായിരുന്നു. അൻസ്വാറിന്റെ ഗോത്രമായ ഖദ്റജിന്റെ ശാഖയായ ബനൂ ലൗദാൻ ബിൻ ഗനമുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. അല്ലാമ ഇബ്നു ഇസ്ഹാഖിന്റെ നിവേദനമനുസരിച്ച് ഹദ്റത്ത് വർഖയ്ക്ക് രണ്ടു സഹോദരന്മാരായ ഹദ്റത്ത് റബീഅ്നും ഹദ്റത്ത് അംറിനുമൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുവാനുള്ള ഭാഗ്യം ലഭിച്ചു. ഹദ്റത്ത് വർഖയ്ക്ക് ബദ്ർ യുദ്ധത്തിനു പുറമെ ഉഹുദ്, ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുക്കാൻ തൗഫീഖ് കിട്ടി. യമാമാ യുദ്ധ ദിവസം ഹിജ്രി 11ന് ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്തു കാലത്ത് അദ്ദേഹം ശഹീദായി. (അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാംപേജ് 469, ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2001)(ഉസദുൽ ഗാബ, വാള്യം 5, പേജ്412–413, വർഖ ബിൻ ഇയാസ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008). (അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാള്യം 6, പേജ് 471,വർഖ ബിൻ ഇയാസ് ബിൻ അംറ് അൽഅൻസ്വാരി(റ), പ്രസാധ

കർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005).

**ഹദ്റത്ത് മുഹർരിസ് ബിൻ നള്‌ല(റ):** അടുത്തതായി പറയുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് മുഹർരിസ് ബിൻ നള്‌ല(റ). ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് നള്‌ല ബിൻ അബ്ദില്ലാഹ് എന്നാണ്. മറ്റൊരു അഭിപ്രായമനുസരിച്ച് അദ്ദേഹത്തിന്റെ പിതാവിന്റെ പേര് വഹബ് എന്നായിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂനള്‌ല എന്നായിരുന്നു. അദ്ദേഹം വെളുത്തയാളും സുമുഖനുമായിരുന്നു. അദ്ദേഹത്തിന്റെ ഉപനാമം ഫുഹയ്റ എന്നായിരുന്നു. അദ്ദേഹം അഖ്റം എന്ന പേരിലും അറിയപ്പെട്ടിരുന്നു. അദ്ദേഹം ബനൂ അബ്ദുശംസിന്റെ സഖ്യകക്ഷിയായിരുന്നു. ബനൂ അബ്ദുൽഅശ്ഹൽ തങ്ങളുടെ സഖ്യകക്ഷിയാണ് അദ്ദേഹമെന്ന് പറയുമായിരുന്നു. മുഹർരിസും അഖ്റമും രണ്ടും അദ്ദേഹത്തിന്റെ പേരായിരുന്നു. ഹദ്റത്ത് മുഹർരിസിന്റെ ബന്ധം മക്കയിലെ ഗോത്രമായ ബനൂ ഗനം ബിൻ ദൂദാനുമായിട്ടായിരുന്നു. ഈ ഗോത്രം മുസ്‌ലിമായി കഴിഞ്ഞിരുന്നു. ഈ ഗോത്രത്തിലെ പുരുഷന്മാർക്കും സ്ത്രീകൾക്കും മദീനയിലേക്ക് ഹിജ്റത്ത് ചെയ്യാൻ തൗഫീഖ് കിട്ടി. ഈ ഹിജ്റത്ത് ചെയ്തവരിൽ ഹദ്റത്ത് മുഹർരിസ് ബിൻ നള്‌ല(റ)യും പെടുന്നു. വാഖ്ദി പറയുന്നു: ഞാൻ ഇബ്റാഹീം ഇസ്മായീലിനെ കേട്ടു. അദ്ദേഹം പറയുമായിരുന്നു, യൗമുസ്സർഹിൽ–ഇത് ദീഖർദ് യുദ്ധത്തിന്റേയും അൽഗാബ യുദ്ധത്തിന്റേയും പേരാണ്, ഹിജ്റ ആറിലായിരുന്നു അത് നടന്നത്–ഹദ്റത്ത് മുഹർരിസ് ബിൻ നള്‌ല അല്ലാതെ മറ്റാരും ബനൂ അബ്ദുൽഅശ്ഹലിന്റെ വീട്ടിൽ നിന്ന് പുറത്തിറങ്ങിയില്ല. അദ്ദേഹം ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയുടെ കുതിപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. അതിന്റെ പേര് ദുല്ലംഹഃ എന്നായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് മുഹർരിസ് ബിൻ നള്‌ലയേയും ഹദ്റത്ത് ഉമ്മാറ ബിൻ ഹസമിനേയും സഹോദരന്മാരാക്കി. വാഖ്ദിയുടെ പക്കൽ അദ്ദേഹം ബദ്ർ, ഉഹുദ് ഖൻദഖ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. സ്വാലിഹ് ബിൻ കയ്സാൻ നിവേദനം; ഹദ്റത്ത് മുഹർരിസ് ബിൻ നള്‌ല പറഞ്ഞു: 'താഴത്തെ ആകാശം എനിക്കായി തുറക്കപ്പെട്ടിരിക്കുന്നതായും അതിലൂടെ ഞാൻ പ്രവേശിക്കുന്നതായും അങ്ങനെ ഏഴാമത്തെ ആകാശംവരെ എത്തുന്നതായും സ്വപ്നം കണ്ടു. പിന്നീട് സിദ്റത്തുൽ മുൻതഹാവരെ പോയി. ഇതാണ് നിന്റെ താമസസ്ഥലമെന്ന് എന്നോടു പറയപ്പെട്ടു.' ഹദ്റത്ത് മുഹർരിസ് പറയുന്നു: ഞാൻ ഹദ്റത്ത് അബൂബക്കർ(റ)സിദ്ദീഖിനോടു ഈ സ്വപ്നം പറഞ്ഞു. അദ്ദേഹം സ്വപ്നവ്യാഖ്യാനത്തിൽ അഗ്രഗണ്യനായിരുന്നു. അദ്ദേഹം പറഞ്ഞു: നിനക്ക് ശഹാദത്തിന്റെ സുവാർത്ത! പിന്നീടൊരു ദിവസം അദ്ദേഹം ശഹീദാക്കപ്പെട്ടു. അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം അസ്സർഹ് ദിവസം അൽഗാബ യുദ്ധത്തിന് പുറപ്പെട്ടു. ഈ യുദ്ധത്തിന് 'ദീ ഖർദ്' എന്നും പറയുന്നുണ്ട്. ഹിജ്റ ആറിലാണ് ഇത് നടന്നത്. അംറ് ബിൻ ഉഥ്മാൻ ജഹ്ശി തന്റെ പൂർവ പിതാക്കളിൽനിന്ന് നിവേദനം: ഹദ്റത്ത് മുഹർരിസ് ബിൻ നള്‌ല(റ) ബദ്ർ യുദ്ധത്തിൽ പങ്കെടുത്തപ്പോൾ അദ്ദേഹത്തിന് 31, 32 വയസായിരുന്നു. അദ്ദേഹം ശഹീദായപ്പോൾ 37, 38 വയസിനടുത്തായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ ഭാഗം 3, പേജ് 52, മുഹർരിസ് ബിൻ നള്‌ല(റ) പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് ബേറൂത്ത് 1996). (ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ ഭാഗം 5, പേജ് 68, മുഹർരിസ് ബിൻ നള്‌ല(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008).

ഹദ്റത്ത് മുഹർരിസിന്റെ ശഹാദത്തു സംഭവം ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു: ഹദ്റത്ത് ഇയാസ് ബിൻ സലമ, സീഖറദ് (Gazwa ze qarad) യുദ്ധത്തെക്കുറിച്ച് വിവരിക്കുന്നു. എന്റെ പിതാവ് എന്നോടു പറഞ്ഞു: ഹുദയ്ബിയ സംഭവത്തിനുശേഷം ഞങ്ങൾ മദീനയിലേക്കു തിരിച്ചുപോകാൻ പുറപ്പെട്ടു. പിന്നീട് ഒരിടത്തു തങ്ങി. ഞങ്ങൾക്കും ബനൂ ലിഹ്‌യാനുമിടയിൽ ഒരു മലയുണ്ടായിരുന്നു. അവർ അന്യാരാധകരായിരുന്നു. നബി(സ)തിരുമേനിക്കും സ്വഹാബത്തിനുവേണ്ടി സ്ഥിതിഗതികൾ വീക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നുദ്ദേശ്യത്തോടുകൂടി ചാരപ്രവൃത്തിചെയ്യുന്നതിന് രാത്രിയിൽ ആ മലമുകളിൽ കയറുന്ന ആളിനുവേണ്ടി നബി(സ)തിരുമേനി ദുആ ചെയ്തു; അതായത് മേൽനോട്ടത്തിനും സംരക്ഷണത്തിനുംവേണ്ടി മുകളിൽ കയറി ശത്രുക്കൾ ആരെങ്കിലും ആക്രമിക്കുന്നതിന് വരുന്നുണ്ടോ എന്ന് നോക്കുക! ഹദ്റത്ത് സലമാ ബിൻ അക്വഅ് പറയുന്നു: 'ഞാൻ ആ രാത്രി രണ്ടോ മൂന്നോ തവണ അവിടെ കയറി. പിന്നീട് മദീനയിലെത്തി. വീണ്ടും പറയുന്നു: നബി(സ)തിരുമേനി റബാഹ എന്ന് പേരുള്ള ഒരാളുടെ കൈയിൽ തന്റെ ഒട്ടകം കൊടുത്തുവിട്ടു. അയാൾ നബി(സ)തിരുമേനിയുടെ ദാസനായിരുന്നു. ഞാൻ ഹദ്റത്ത് ത്വൽഹയുടെ കുതിരപ്പുറത്ത് പുറപ്പെട്ടു. ഞാൻ അതിനെ ഒട്ടകങ്ങളോടൊപ്പം വെള്ളം കുടിപ്പിക്കാൻ പോകുകയായിരുന്നു. പ്രഭാതമായപ്പോൾ നബി(സ)തിരുമേനിയുടെ ഒട്ടകങ്ങളുടെമേൽ അബ്ദുർറഹ്മാൻ ഫസാരി ആക്രമണം നടത്തി. ഒപ്പം ഒരു ശത്രു ഗോത്രവുമുണ്ടായിരുന്നു. അവർ എല്ലാത്തിനേയും തെളിച്ചു കൊണ്ടു പോയി. മേയ്ച്ചിരുന്നയാളെ വധിക്കുകയും ചെയ്തു. നിവേദകൻ പറയുന്നു. ഞാൻ പറഞ്ഞു: അബൂ റബാഹേ! ഈ കുതിരയെ പ്പിടിക്കുകയും ഇതിനെ ത്വൽഹാ ബിൻ ഉബയ്ദുല്ലായുടെ കൈകളിലെത്തിക്കുകയും നബി(സ)തിരുമേനിയോടു തങ്ങളുടെ ഒട്ടകങ്ങളെ അന്യാരാധകർ പിടിച്ചു കൊണ്ടു പോയെന്ന് പറയുകയും ചെയ്യുക. അതിനുശേഷം ഞാൻ ഒരു കുന്നിൽ മദീനയിലേക്ക് മുഖം തിരിച്ച് നിന്നു. മൂന്നു പ്രവാശ്യം വിളിച്ചു പറഞ്ഞു,'യാ സ്വബാഹാ! യാ സ്വബാഹാ! പ്രഭാതത്തിൽ ഏതെങ്കിലും കൊള്ളക്കാരായ ശത്രുക്കളോ കവർച്ചക്കാരോ വന്നെത്തുമ്പോഴാണ് അറബികൾ ഇങ്ങനെ വിളിച്ചു പറയാറുള്ളത്. അവരിൽനിന്നുള്ള രക്ഷയ്ക്ക് വേണ്ടിയുള്ള ഒരു യാചനയാണിത്. സഹായത്തിനുവേണ്ടിയുള്ള വിളംബരം! പെട്ടെന്ന് തങ്ങളെ സഹായിക്കാൻ എത്താനും ശത്രുക്കളെ നേരിടാനും അവരെ തുരത്താനുമുള്ള യാചന!

ചിലർ പറഞ്ഞു: രാത്രിയായുടനെ യുദ്ധം നിറുത്തുകയും തങ്ങളുടെ വാസസ്ഥസ്ഥലങ്ങളിൽ എത്തുകയും ചെയ്യുക എന്നതായിരുന്നു പോരാടുന്നവരുടെ നിയമം. സ്വബാഹായെ സംബന്ധിച്ച് മറ്റു നിവേദനം ഇങ്ങനേയുമുണ്ട്. പിന്നീട് രണ്ടാം ദിവസം പോരാടുന്നവരെ ഉണർത്താനും സ്വബാഹാ എന്നു വിളിച്ചുപറയുമായിരുന്നു; ഇനി യുദ്ധത്തിനുവേണ്ടി വീണ്ടും തയ്യാറാകുക. ലുഗാത്തുൽ ഹദീഥിൽ ഈ വിശദീകരണം എഴുതിയിട്ടുണ്ട്. എന്തായാലും അദ്ദേഹം പറയുന്നു: പിന്നീട് ഞാൻ അക്കൂട്ടരുടെ പിന്നാലെ അന്വേഷിച്ചും അവരുടെനേരെ അമ്പെയ്തും പുറപ്പെട്ടു. ഞാൻ യുദ്ധഗാനങ്ങൾ ആലപിച്ചുകൊണ്ടാണു പോയിക്കൊണ്ടിരുന്നത്.

*അനബ്നുൽ അക്‌വഉ വൽയൗമു യൗമുർറുള്ളയി:* അതായത് ഞാൻ അഖ്വയിന്റെ മകനാകുന്നു, ഈ ദിവസം നീചൻമാരുടെ നാശത്തിന്റെ ദിനമാകുന്നു. ഞാൻ അവരിൽ കാണുന്നവരുടെയൊക്കെ ഒട്ടകപ്പുറത്തെ ഇരിപ്പിടങ്ങളിലേക്ക് അമ്പെയ്യുകയും അമ്പിന്റെ മുന തുളച്ചു കയറി അവരുടെ തോൾവരെ എത്തുകയും ചെയ്യുമായിരുന്നു. *അനബ്നുൽ അക്‌വഉ വൽയൗമു യൗമുർറുള്ളയി* ഞാൻ അഖ്വയിന്റെ മകനാകുന്നു, ഈ ദിവസം നീചൻമാരുടെ നാശത്തിന്റെ ദിനമാകുന്നു എന്നിങ്ങനെ പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം പറയുന്നു: അല്ലാഹുവാണ, ഞാൻ അവരെ അമ്പെയ്ത് പരിക്കേല്പിച്ചു കൊണ്ടിരുന്നു. എന്നെ ലക്ഷ്യമാക്കി ഏതെങ്കിലും കുതിരപ്പടയാളി വരുന്നതായാൽ ഞാൻ വൃക്ഷങ്ങൾക്കു പിറകിൽ മറഞ്ഞിരിക്കുകയും അയാളെ അമ്പെയ്തു പരിക്കേല്പ്പിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ അവർ മലയുടെ ഇടുങ്ങിയ വഴിയിലേക്കു കടന്നപ്പോൾ, ഞാൻ ആ മലമുകളിൽ കയറി അവരെ കല്ലെറിയാൻ തുടങ്ങി. അവർ നബി(സ)തിരുമേനിയുടെ ഒട്ടകങ്ങളെ കൊള്ളയടിച്ചു കൊണ്ടുപോകുകയായിരുന്നു. അവരുടെമേൽ അദ്ദേഹം ആക്രമണം നടത്തി. ഒറ്റയ്ക്കായിരുന്നു. ആദ്യം അമ്പെയ്തുകൊണ്ടിരുന്നു. പിന്നീട് പറയുന്നു, മലയിടുക്കിലെത്തിയപ്പോൾ കല്ലെറിയാൻ തുടങ്ങി. അവർ മുഴുവൻ ഒട്ടകങ്ങളെയും ഉപേക്ഷിച്ചു പോകുന്നതുവരെ ഞാൻ അവരെ പിന്തുടർന്നുകൊണ്ടിരുന്നു. ഞാൻ അമ്പെയ്ത്തു തുടർന്നു. അവർ ഭാരം കുറക്കുന്നതിനായി മുപ്പതിലധികം പുതപ്പുകളും കുന്തങ്ങളും വലിച്ചെറിഞ്ഞു. അതായത് അവർ ഒട്ടകങ്ങളെ ഉപേക്ഷിച്ചിരുന്നുവെങ്കിലും അനായാസം ഓടുന്നതിനുവേണ്ടി തങ്ങളുടെ സാധനങ്ങളും വലിച്ചെറിയാൻ തുടങ്ങി. നബി(സ) തിരുമേനിക്കും അനുചരൻമാർക്കും തിരിച്ചറിയാനായി ഒരടയാളമെന്നോണം അവർ വലിച്ചെറിയുന്ന സാധനങ്ങൾക്കുമേൽ ഓരോ കല്ല് കയറ്റി വയ്ക്കുമായിരുന്നു. ഒടുവിൽ അവർ ഒരു ഇടുങ്ങിയ താഴ്‌വരയിൽ എത്തിച്ചേർന്നു. അവിടെവെച്ച് അവർ ബദർ ഫസാരിയുടെ ഒരു മകനെ കണ്ടുമുട്ടി. അവർ ഇരുന്നു ഭക്ഷണം കഴിക്കാൻ ആരംഭിച്ചു. ഞാനൊരു പർവ്വത ശിഖരത്തിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഫസാരി ചോദിച്ചു, ഞാൻ കാണുന്ന ഈ വ്യക്തി ആരാണ്? അവർ പറഞ്ഞു, അയാൾ തന്നെയാണ് ഞങ്ങളെ ശല്യം ചെയ്തുകൊണ്ടിരിക്കുന്നത്. അല്ലാഹുവാണ, ഇയാൾ നിരന്തരം അമ്പാക്രമണം നടത്തുകയും ഞങ്ങളിൽ നിന്ന് എല്ലാം തട്ടിപ്പറിക്കുകയും ചെയ്തു. നിങ്ങളിൽ നിന്ന് ആരെങ്കിലും നാലുപേർ അയാളുടെ അടുത്തേക്കു പോകേണ്ടതാണെന്ന് അയാൾ പറഞ്ഞു. ഹദ്റത്ത് സലമ ബിൻ അക്വഅ് പറയുന്നു: അവരിൽ നാലുപേർ മല കയറി എന്റെയടുത്തു വന്നു. എന്റെയടുത്തെത്തിയപ്പോൾ ഞാനവരോടു നിങ്ങളെന്നെ അറിയുമോ എന്നു ചോദിച്ചു. അവർ പറഞ്ഞു; അറിയില്ല, നീയാരാണ്? ഞാൻ പറഞ്ഞു, ഞാൻ സലമ ബിൻ അക്വയാണ്. മുഹമ്മദ്(സ)ന്റെ മുഖത്തിന് അന്തസ്സ് നൽകിയവനെ കൊണ്ടു സത്യം! നിങ്ങളുടെ കൂട്ടത്തിൽ നിന്ന് ഞാനാഗ്രഹിക്കുന്നയാളെ എനിക്കു പിടിക്കാൻ സാധിക്കും. എന്നാൽ, നിങ്ങൾക്കാർക്കും എന്നെ പിടിക്കുവാൻ സാധിക്കുകയില്ല. അപ്പോൾ അവർ നാലുപേരും തിരിച്ചു പോയി. ഞാൻ അവിടെ തന്നെയിരുന്നു. അപ്പോഴേക്കും നബി(സ)തിരുമേനിയുടെ കുതിരകൾ മരങ്ങൾക്കിടയിലൂടെ വരുന്നതു കണ്ടു. അവരിൽ ഏറ്റവും മുന്നിൽ അഖ്റം അസദി ആയിരുന്നു. അദ്ദേഹത്തിന്റെ പിന്നാലെ അബൂഖത്താദ അൻസ്വാരി ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പിന്നിൽ മിഖ്ദാദ് ബിൻ അസ്‌വദ് കിന്ദി(റ)ഉണ്ടായിരുന്നു. ഞാൻ അഖ്റം അഥവാ ഹദ്റത്ത് മുഹർരിസിന്റെ കുതിരയുടെ കടിഞ്ഞാൺ പിടിച്ചപ്പോൾ അവിടെയിരുന്ന് ഭക്ഷണം കഴിക്കുകയായിരുന്ന അവർ പുറം

തിരിഞ്ഞ് നാലുഭാഗത്തേക്കും ഓടിക്കളഞ്ഞു. ഞാൻ മുഹർരിസിനോടു പറഞ്ഞു: 'നബി(സ) തിരുമേനിയും അനുചരൻമാരും എത്തിച്ചേരുന്നതുവരെ നീ അവരുടെ ആക്രമണത്തിൽനിന്നു രക്ഷപ്പെടുക. നിന്നെ അവർ വധിക്കാൻ പാടില്ല.' അദ്ദേഹം പറഞ്ഞു: അല്ലയോ സലമാ! നീ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ, സ്വർഗനരകങ്ങൾ സത്യമാണെന്ന് നിനക്കറിയാമെങ്കിൽ, നീ എനിക്കും ശഹാദത്തിനുമിടയിൽ തടസ്സമാകരുത്. ഞാൻ അദ്ദേഹത്തെ വിട്ടു. ഹദ്റത്ത് മുഹർരിസും അബ്ദുറഹ്മാനും മുഖാമുഖം ഏറ്റുമുട്ടാനായി നിന്നു. അദ്ദേഹം അബ്ദുർറഹ്മാനെയും കുതിരയെയും പരിക്കേല്പിച്ചു. അബ്ദുർറഹ്മാൻ ഹദ്റത്ത് മുഹർരിസിനെ കുന്തംകൊണ്ട് ശഹീദാക്കി. ഹദ്റത്ത് അബൂ ഖത്താദാ, അബ്ദുറഹ്മാന്റെ പിറകെ പോയി. അയാളെ പിടികൂടി കുന്തം കൊണ്ട് കുത്തിക്കൊന്നു. അയാൾ മുഹർരിസിനെ ശഹീദാക്കി ഓടുകയായിരുന്നു. ഹദ്റത്ത് സലമ പറയുകയാണ്: മുഹമ്മദിന്റെ മുഖത്തിന് അന്തസ്സ് നൽകിയവനെ കൊണ്ട് സത്യം! ഞാൻ ഓടി അയാളെ പിന്തുടർന്നുകൊണ്ടിരുന്നു. ഞാൻ വീണ്ടും അവരുടെ പിന്നാലെ പൊയ്ക്കൊണ്ടിരുന്നു. എത്രത്തോളമെന്നാൽ നബി(സ)തിരുമേനിയുടെ സ്വഹാബാക്കളിൽ ആരേയും അവരുടെ പൊടിപോലും ഞാനെന്റെ പിന്നിൽ കണ്ടില്ല. അതായത് അവർ വളരെ മുന്നിലെത്തിപ്പോയിരുന്നു. സൂര്യാസ്തമയത്തിനു മുമ്പേ ഒരു മലയിടുക്കിൽ ഞാനെത്തി. അവിടെ വെള്ളമുണ്ടായിരുന്നു. അതിനെ 'ദീഖർദ്' എന്നു പറയുന്നു. ധനം കൊള്ളയടിച്ചു കൊണ്ടുപോകുകയായിരുന്ന ആ കൊള്ളക്കാർ അവിടുന്ന് വെള്ളം കുടിക്കാൻ ആഗ്രഹിച്ചു. അവർക്ക് ദാഹമുണ്ടായിരുന്നു. പിന്നീട് അവർ ഞാൻ അവരുടെ പിന്നാലെ ചെല്ലുന്നത് കണ്ടു. ഞാൻ അവിടെനിന്ന് അവരെ മാറ്റി. അവിടെനിന്ന് ഒരു തുള്ളി വെള്ളം പോലും കുടിക്കുവാൻ അവർക്കു സാധിച്ചില്ല. അയാൾ അവിടെ നിന്ന് പുറപ്പെട്ട് വേഗത്തിൽ മറ്റൊരു മലയിടുക്കിലേക്കു കുതിച്ചു. ഞാനും ഓടി. അവരുടെ കൂട്ടത്തിലെ ഏറ്റവും പിറകിൽ കാണുന്നവരുടെയെല്ലാം തോളെല്ലിൽ ഞാൻ അമ്പെയ്തുകൊണ്ടിരുന്നു. ഞാനിങ്ങനെ പറഞ്ഞുകൊണ്ടിരുന്നു: 'ഞാൻ അക്‌വയുടെ മകനാകുന്നു, നീചൻമാർക്കിന്ന് നാശത്തിന്റെ ദിനമാകുന്നു.''രാവിലെ മുതൽ ഞങ്ങളുടെ പിറകെ കൂടിയ അതേ അക്‌വയാണോ എന്നയാൾ ചോദിച്ചു. അതെ, ഞാൻ തന്നെയാണ്. രാവിലെ നീ കണ്ട അതേ അക്‌വ.' അവർ രണ്ടു കുതിരയെ ആ മലയിടുക്കിൽ ഉപേക്ഷിച്ചു പോയി. ഞാൻ അവ രണ്ടിനെയും തെളിച്ചു നബി(സ)തിരുമേനിയുടെ അടുത്തേക്കു നീങ്ങി. എനിക്ക് ചെറിയ ഒരു തുകൽ സഞ്ചിയിൽ പാലുംവെള്ളവും ഒരു തുകൽ സഞ്ചിയിൽ വെള്ളവും ആമിർ കൊണ്ടുവരുന്നത് കണ്ടു. പിന്നീട് ഞാൻ വുളു ചെയ്യുകയും കുടിക്കുകയും ചെയ്തു. തുടർന്ന് ഞാൻ നബി(സ)തിരുമേനിയുടെ അടുത്തു വന്നു. ഞാൻ രാവിലെ ആ കവർച്ചക്കാരെ തുരത്തിയോടിച്ച അതേ സ്ഥലത്തുള്ള വെള്ളത്തിനടുത്ത് നബി(സ)തിരുമേനി അപ്പോൾ എത്തിക്കഴിഞ്ഞിരുന്നു. ഞാൻ ആ അന്യാരാധകരിൽ നിന്ന് തട്ടിയെടുത്ത ഒട്ടകങ്ങളും മറ്റു വസ്തുക്കളും നബി(സ)തിരുമേനി എടുത്തതായി കണ്ടു. അവരിൽ നിന്ന് ഞാൻ തട്ടിയെടുത്ത ഒട്ടകങ്ങളിൽ ഒരെണ്ണത്തെ ഹദ്റത്ത് ബിലാൽ അറുത്തു. അദ്ദേഹം നബി(സ)തിരുമേനിക്കുവേണ്ടി കരളിന്റെയും പൂഞ്ഞയുടെയും മാംസം വേവിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്! എനിക്കീ സൈന്യത്തിൽ നിന്ന് നൂറുപേരെ തിരഞ്ഞെടുക്കാനുള്ള അനുവാദം നൽകുകയാണെങ്കിൽ, ഞാനവരെ പിൻതുടർന്നു എല്ലാവരേയും വധിക്കുന്നതാണ്. തങ്ങളുടെ ഗോത്രത്തെ വിവരം അറിയിക്കാൻ അവരിൽ ഒരാൾപോലും അവശേഷിക്കുകയില്ല. നബി(സ)തിരുമേനി പൊട്ടിച്ചിരിച്ചു. എത്രത്തോളമെന്നാൽ തീയുടെ പ്രകാശത്തിൽ അങ്ങയുടെ പല്ലുകൾ തിളങ്ങുന്നതു കാണാമായിരുന്നു. അവിടന്ന് പറഞ്ഞു: 'അബൂ സലമാ! നിനക്കങ്ങനെ ചെയ്യാൻ കഴിയുമെന്ന് തോന്നുന്നുണ്ടോ? അവർ വീടുകളിൽ എത്തുന്നതിനുമുമ്പേ അവരെയെല്ലാം വധിക്കാൻ കഴിയുമോ? ഞാൻ പറഞ്ഞു: കഴിയും. അങ്ങേയ്ക്കു അന്തസ്സു നൽകിയവനെ കൊണ്ട് സത്യം! നബി(സ) പറഞ്ഞു: ഇപ്പോൾ അവർ ഗത്ഫാന്റെ അതിർത്തിയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു.

നബി(സ)തിരുമേനിയോടു ഹദ്റത്ത് സലമ ബിൻ അക്‌വഅ് വീണ്ടും അന്യാരാധകരെ പിന്തുടരാൻ അനുവാദം ചോദിച്ചപ്പോൾ നബി (സ) തിരുമേനി യബ്നൽ അക്‌വഇ! മലക്ത്ത ഫ അസ്ജിഹ് എന്നുള്ള വാക്കുകൾ പറഞ്ഞുവെന്നും മറ്റൊരു നിവേദനത്തിലുണ്ട്, അക്‌വയുടെ മകനേ! താങ്കൾ വിജയംവരിച്ച സ്ഥിതിക്ക് അവർ പൊയ്ക്കോട്ടെ. വിട്ടുവീഴ്ചയോടെ പെരുമാറുക. ഇനി അവരെ പിന്തുടരുകയും വധിക്കുകയും ചെയ്തിട്ടെന്തു ഫലം.' അദ്ദേഹം ഒറ്റയ്ക്കാണ് യുദ്ധം ചെയ്തുകൊണ്ടിരുന്നത്. ഹദ്റത്ത് മുഹർരിസ് വന്നപ്പോൾ അവർ ഒളി ആക്രമണം നടത്തി. അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ അദ്ദേഹത്തെ ശഹീദാക്കി. ആദ്യം അവർ അദ്ദേഹത്തിന്റെ കുതിരയെ പിടിച്ച് മറിച്ചിട്ടു. അദ്ദേഹം രക്ഷപ്പെട്ടു. പക്ഷേ, പിന്നീട് വീണ്ടും ആക്രമണം നടത്തി. അദ്ദേഹം ശഹീദായി. ഒന്നാമതായി ഇത് ഹദ്റത്ത് മുഹർരിസിന്റെ ശഹാദത്തിന്റെ സംഭവമാണ്. രണ്ടാമതായി അദ്ദേഹത്തിന്റെ ധീരതയും പ്രകടമാണ്. അദ്ദേഹത്തിന് യുദ്ധം ചെയ്യേണ്ട രീതിയും അറിയാം. അക്‌വഅ് ആ കൊള്ളക്കാരിൽനിന്ന് അവരുടെ എല്ലാം മുതലും തട്ടിപ്പറിച്ചെടുത്തു. പിന്നെ പ്രധാനകാര്യമെന്ന് പറയുന്നത് മുതലുകൾ മടക്കിവാങ്ങിയപ്പോൾ താൻ അവരെ പിന്തുടർന്ന് അവരെ എല്ലാവരേയും വധിക്കുമെന്നും പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി പറ ഞ്ഞു: അവർ പൊയ്ക്കോട്ടെ. എല്ലാ മുതലും തിരിച്ചെത്തിയ സ്ഥിതിക്ക് അവരെ വിട്ടയക്കുക. ഈ മാതൃകയായിരുന്നു നബി(സ)തിരുമേനിയുടേത്. കാരണം ആ മഹാത്മാവിന്റെ ലക്ഷ്യം കൊള്ളയും കൊലയുമായിരുന്നില്ല. ഇതായിരുന്നില്ല ഉദ്ദേശ്യം. കൊള്ളക്കാരിൽനിന്നും കള്ളന്മാരിൽനിന്നും അദ്ദേഹം മുതലുകൾ പിടിച്ചുവാങ്ങുകയും എല്ലാവരും പിന്തിരിഞ്ഞ് ഓടിപ്പോകുകയും അവരിൽ ചിലർക്ക് പരിക്കേൽക്കുകയും ചെയ്ത സ്ഥിതിക്ക് അദ്ദേഹവും അവിടെ ഒരു തരത്തിലുള്ള യുദ്ധമോ വധമോ നാശമോ ഉണ്ടാക്കിയില്ല.

ഇദ്ദേഹം പറയുന്നു: നബി(സ)തിരുമേനി ഇദ്ദേഹത്തോടു വിട്ടേക്കുക, അവർ പോയെങ്കിൽ പൊയ്ക്കോട്ടെ എന്ന് പറഞ്ഞുകൊണ്ടിരുന്നപ്പോൾ ബനീഗത്ഫാനിലെ ഒരാൾ വന്നുപറഞ്ഞു: 'ഇന്നയാൾ അവർക്കുവേണ്ടി ഒട്ടകത്തെ അറുത്തിരിക്കുന്നു. അയാൾ അതിന്റെ തോല് ഉരിക്കുകയായിരുന്നപ്പോൾ ഒരു പൊടിപടലം ഉയരുന്നതുകണ്ട് അവർ വന്നിരിക്കുന്നുവെന്ന് അയാൾ പറഞ്ഞു. അവർ അവിടെനിന്നും ഓടിക്കളഞ്ഞു. നേരം വെളുത്തപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'ഇന്ന് നമ്മുടെ ഏറ്റവും മികച്ച കുതിര സവാരിക്കാരൻ അബൂഖത്താദയാണ്. ഏറ്റവും മികച്ച കാൽനടക്കാരൻ യുദ്ധം ചെയ്യുന്നവരിൽ സലമയാകുന്നു. സലമ അവരെ ബുദ്ധിമുട്ടിൽ അകപ്പെടുത്തിയിരുന്നു.' അദ്ദേഹം പറയുന്നു:'നബി(സ) തിരുമേനി എനിക്ക് രണ്ട് ഓഹരി നല്കി. ഒന്ന് കുതിരസവാരിയുടേയും ഒന്ന് നടത്തത്തിന്റേയും. പിന്നീട് നബി(സ)തിരുമേനി മദീനയിലേക്ക് മടങ്ങിക്കൊണ്ട് എന്നെ അള്ബാ ഒട്ടകത്തിന്മേൽ തന്റെ പിന്നിലിരുത്തി.' അദ്ദേഹം പറയുന്നു: 'ഞാൻ പോകുകയായിരുന്നപ്പോൾ അൻസ്വാറിലെ ഒരാൾ -ഓട്ടത്തിൽ ഇദ്ദേഹത്തെ പരാജയപ്പെടുത്താൻ ആർക്കും കഴിയുകയില്ല-മദീനയിലേക്ക് ഓടാൻ പറ്റുന്ന ആരെങ്കിലുമുണ്ടോ?'എന്ന് ചോദിക്കാൻ തുടങ്ങി. ഇപ്പോൾ സമയം കഴിഞ്ഞുപോകുന്നതിനും ശത്രുക്കളുടെ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും യുദ്ധങ്ങളും ശത്രുക്കളും ബുദ്ധിമുട്ടിച്ചിരുന്നിട്ടും സ്വഹാബ തങ്ങളുടെ വിനോദത്തിനുള്ള സാഹചര്യവും ഒരുക്കിയിരുന്നു. പരസ്പരം ചെറിയ ചെറിയ വെല്ലുവിളികളും നടത്തിക്കൊണ്ടിരുന്നു. എന്തായാലും താനുമായി ഓടാൻ ആരെങ്കിലുമുണ്ടോ? എന്ന് അയാൾ ചോദിച്ചു. പറയുന്നു: 'അയാൾ ഇതിങ്ങനെ ആവർത്തിച്ചു ചോദിച്ചുകൊണ്ടിരുന്നു. ഞാനിതു കേട്ടപ്പോൾ മറ്റൊരു സ്വഹാബിയെ ദ്വേഷം പിടിപ്പിക്കാൻ പറഞ്ഞു: 'നിങ്ങൾ ഒരു ആദരണീയവ്യക്തിയേയും ബഹുമാനിക്കുന്നില്ലേ? ഒരു മഹാത്മാവിനേയും ഭയപ്പെടുന്നില്ലേ?' അയാൾ പറഞ്ഞു: 'നബി(സ) തിരുമേനിയെ അല്ലാതെ ആരേയും ഞാൻ ആദരിക്കുകയോ ഭയക്കുകയോ ഇല്ല.' ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ മാതാവും പിതാവും അങ്ങയ്ക്ക് തെണ്ടമാണ്. അയാളുമായി ഓടാൻ എന്നെ അനുവദിച്ചാലും' അവിടന്ന് പറഞ്ഞു: 'ശരി. താങ്കൾ ആഗ്രഹിക്കുന്നെങ്കിൽ ഓടുക.' ഞാൻ അയാളോടു ശരി ഓടാം എന്നു പറഞ്ഞു.' പിന്നീട് പറയുന്നു: 'ഞാൻ എന്റെ കാലുകൾ വളയ്ക്കുകയും ചാടുകയും ഓടാൻ തുടങ്ങുകയും ചെയ്തു. ഒന്നു രണ്ട് മലയിടുക്ക് ഞാൻ അയാളുടെ പിന്നാലെ ഓടി. ഞാൻ എന്റെ കരുത്ത് സംരക്ഷിച്ചുവെക്കുകയായിരുന്നു. പിന്നീട് ഞാൻ പതുക്കെ അയാളുടെ പിന്നാലെ ഓടി. തുടർന്ന് ഞാൻ വേഗം കൂട്ടി. അയാളുടെ തൊട്ടുപിന്നിലെത്തി. അങ്ങനെ ആ ഓട്ടം തുടർന്നുകൊണ്ടിരുന്നു. അയാൾ മദീനയിലെ ഏറ്റവും വേഗം കൂടിയ ഓട്ടക്കാരനായിരുന്നു.' പറയുന്നു: 'വേഗം കൂട്ടി ഞാൻ അയാളെ പോയിപിടിച്ചു. ഞാൻ അയാളുടെ തോളുകൾക്കിടയിൽ കൈ ചുരുട്ടി ഇടിച്ചു. ഞാൻ പറഞ്ഞു. അല്ലാഹുവാണ! നീ പിന്നിലായിപ്പോയി.'

ഒരു നിവേദകൻ പറയുന്നു: 'ഞാൻ വിചാരിക്കുന്നത് അദ്ദേഹം പറഞ്ഞത്, ഞാൻ മദീന വരെ അദ്ദേഹത്തിന്റെ മുമ്പിലായിരുന്നു. പിന്നീട് ഞാൻ മൂന്നു രാത്രി മാത്രം അവിടെ താമസിച്ചു. അതിനുശേഷം നബി(സ)തിരുമേനിയോടൊപ്പം ഖയ്ബറിലേക്ക് പുറപ്പെട്ടു എന്നാണ്.' (സ്വഹീഹ് മുസ്‌ലിം, വാള്യം 9, പേജ് 228-238, കിതാബുൽ ജിഹാദ്, ഹദീഥ് 3358 നൂർഫൗണ്ടേഷൻ 2008) (സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി ഹദീഥ് 4194)

ത്വബ്‌രിയുടെ ചരിത്രത്തിൽ ഈ യുദ്ധത്തെക്കുറിച്ച് കുറച്ച് വിശദീകരണമുണ്ട്. യുദ്ധത്തിൽ ശത്രുവിന്റെ അടുത്ത് എത്തിയ ഏറ്റവും ആദ്യത്തെ കുതിര ഹദ്റത്ത് മുഹർരിസ് ബിൻ നള്‌ലയുടേതായിരുന്നു. അദ്ദേഹം ബനൂ അസ്ദ് ബിൻ കുസ്മയിൽനിന്നുള്ള ആളാണ്. ഹദ്റത്ത് മുഹ്‌ർരിസ് ബിൻ നള്‌ല, അഖ്‌റം എന്നും പറയപ്പെടുന്നു. ഇതുപോലെ അദ്ദേഹത്തെ ഖുമയ്ർ എന്നും വിളിക്കുന്നുണ്ട്. ശത്രുപാളയത്തിൽനിന്ന് കൊള്ളയടിക്കാനും അപായപ്പെടുത്താനും ഒന്നിക്കാനും വിളംബരമുണ്ടായപ്പോൾ ഹദ്റത്ത് മഹ്‌മൂദ് ബിൻ മസ്‌ലമായുടെ കുതിര -അതിനെ അദ്ദേഹത്തിന്റെ തോട്ടത്തിൽ കെട്ടിയിരിക്കുകയായിരുന്നു. മറ്റു കുതിരകളുടെ മുരടനക്കങ്ങൾ

കേട്ടപ്പോൾ– അതുനിന്ന സ്ഥലത്തുനിന്ന് ചാടാൻ തുടങ്ങി. ഇത് നല്ലയിനത്തിൽപ്പെട്ടതും മെരുക്കപ്പെട്ടതുമായ കുതിരയായിരുന്നു. ബനൂ അബ്ദെ അശ്ഹലിലെ സ്ത്രീകളിൽനിന്നുള്ള ചിലർ കെട്ടിയിട്ടിരിക്കുന്ന കുതിര ഇങ്ങനെ ചാടുന്നതു കണ്ടപ്പോൾ ഹദ്റത്ത് മുഹർരിസ് ബിൻ നള്‌ലയോടു പറഞ്ഞു: 'ഖുമയ്റേ! ഈ കുതിരപ്പുറത്ത് യാത്രചെയ്യാൻ താങ്കൾക്ക് കഴിയുമോ? ഈ കുതിര എങ്ങനെയുള്ളതാണെന്ന് താങ്കൾ നോക്കിക്കൊണ്ടിരിക്കുന്നു.' പിന്നീട് അദ്ദേഹം മുസ്ലിമീംകളേയും നബി(സ)തിരുമേനിയേയും ചെന്നുകണ്ടു. അദ്ദേഹം പറഞ്ഞു: 'പോകാൻ ഞാൻ തയ്യാറാണ്.' പിന്നീട് സ്ത്രീകൾ ആ കുതിര അദ്ദേഹത്തിന് നല്കി. ഹദ്റത്ത് മുഹർരിസ് അതിന്റെ പുറത്തുകയറിപ്പോയി. അദ്ദേഹം ആ കുതിരയുടെ കടിഞ്ഞാൺ അയച്ചുവിട്ടു. അങ്ങനെ നബി(സ) തിരുമേനിയോടൊപ്പമുണ്ടായിരുന്ന ജമാഅത്തിനോടൊപ്പം ചെന്നുചേർന്നു. അവരുടെ മുന്നിൽ അദ്ദേഹം നിന്നു. ഹദ്റത്ത് മുഹർരിസ് ബിൻ നള്‌ല പറഞ്ഞു: 'അല്പം ചെറുസംഘമേ! നില്ക്കുക. പിന്നിലുള്ള മറ്റു മുഹാജിരീംകളും അൻസ്വാറുകളും നിങ്ങളോടൊപ്പം വന്നുചേരട്ടെ.' നിവേദകൻ പറയുന്നു: 'ശത്രുപക്ഷത്തുള്ള ഒരാൾ അദ്ദേഹത്തിനുമേൽ ആക്രമണം നടത്തി. അദ്ദേഹത്തെ ശഹീദാക്കി. പിന്നീട് ആ കുതിര കടിഞ്ഞാണില്ലാതെ ഓടി. ആർക്കും അതിനെ വരുതിയിലാക്കാൻ കഴിഞ്ഞില്ല. അത് ബനുഅബ്ദെ അശ്ഹലിന്റെ മഹല്ലിൽ വന്ന് അതിനെ കെട്ടിയിട്ടിരുന്ന കയറിന്റെ അടുത്തു വന്നുനിന്നു. മുസ്ലിംകളിൽ അദ്ദേഹമല്ലാതെ മറ്റാരും അന്ന് ശഹീദായിരുന്നില്ല. ഹദ്റത്ത് മഹ്മൂദ്(റ) (ത്വബഖാത്ത് ഇബ്നു സഅ്ദിന്റെ അഭിപ്രായമനുസരിച്ച് ഈ സ്വഹാബിയുടെ പേര് ഹദ്റത്ത് മുഹമ്മദ് ബിൻ മസ്ലമ എന്നായിരുന്നു)ന്റെ കുതിരയുടെ പേര് ദുല്ലമ്മ എന്നായിരുന്നു.

മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് മുഹർരിസ് ബിൻ നള്‌ല (റ), ഹദ്റത്ത് ഉക്കാശ ബിൻ മിഹ്സ്വന്റെ കുതിരപ്പുറത്ത് ശഹീദാകുന്ന സമയം യാത്രയിലായിരുന്നു. ആ കുതിരയെ ജനാഹ് എന്ന് വിളിച്ചിരുന്നു. ചില മൃഗങ്ങൾ ശത്രുക്കളുടെ കൈയിൽനിന്ന് രക്ഷപ്പെട്ടിരുന്നു. നബി(സ)തിരുമേനി തന്റെ സ്ഥലത്തുനിന്ന് പുറപ്പെട്ട് ദീഖർദ മലയിലെത്തി താമസിച്ചു. അവിടെ മറ്റു സ്വഹാബാക്കളുമെത്തി. നബി(സ)തിരുമേനി ഒരു രാവും പകലും അവിടെ തങ്ങി. സലമ ബിൻ അക്‌വഅ് നബി(സ)തിരുമേനിയോട് പറഞ്ഞു: 'യാ! റസൂലല്ലാഹ്! താങ്കൾ നൂറുപേരെ എന്നോടൊപ്പം അയക്കുകയാണെങ്കിൽ ബാക്കിയുള്ള മൃഗങ്ങളേയും ഞാൻ ശത്രുക്കളിൽനിന്ന് വിടുവിപ്പിച്ചുകൊണ്ടുവരാം.' നബി(സ)തിരുമേനി ചോദിച്ചു: എവിടെ പോകും? ഈ നേരത്ത് അവർ ഗത്ഫാന്റെ മദ്യം കുടിക്കുകയാണ്. നബി(സ)തിരുമേനി തന്റെ സ്വഹാബത്തിനെ നൂറു നൂറായി തിരിച്ച് അവരിൽ ഭക്ഷണത്തിന് ഒട്ടകങ്ങളെ വിതരണം ചെയ്തു. അവയെ സ്വഹാബത്ത് ഭക്ഷണത്തിന് ഉപയോഗിച്ചു. അതിനുശേഷം നബി(സ) തിരുമേനി മദീനയിൽ മടങ്ങിവന്നു. (താരീഖ് ത്വബ്രി, ഭാഗം 3, പേജ് 615, 616, മക്തബ ദാറുൽ ഫിക്ർ രണ്ടാം പതിപ്പ്, 2002) അത്വബക്കാഇൽ കുബ്റാ വാള്യം 3, പേജ് 70, മുഹർരിസ്ബിൻ നള്‌ല പ്രസാധകർ ദാറുൽകഇബുൽ ഇൽമിയ്യ ബേറൂത്ത് 1990)

അവരെ ആരും പിന്തുടർന്നില്ല. അവരെ വിട്ടയച്ചു. അവരെ പോകാൻ അനുവദിച്ചു. മുഹർരിസ് മാത്രമാണ് അവിടെ ശഹീദായത്. ഒരു നിവേദനമനുസരിച്ച് കുതിരസവാരിക്കാരിൽ ഏറ്റവും ആദ്യത്തെ ശഹീദ് ഇദ്ദേഹമായിരുന്നു. ഇതുതന്നെയാണ് ആദ്യത്തെ നിവേദനത്തിലുള്ളത്.

**ഹദ്റത്ത് സുവയ്ബിത് ബിൻ സഅ്ദ്(റ):** അടുത്തതായി പരാമർശിക്കുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് സുവയ്ബിത് ബിൻ സഅ്ദ്(റ). ഇദ്ദേഹത്തെ സുവയ്ബിത് ബിൻ ഹർമല എന്നും പറയാറുണ്ട്. ഇദ്ദേഹത്തിന്റെ പേര് സുവയ്ത് ബിൻ ഹർമല എന്നും സലീത് ബിൻ ഹർമല എന്നും വിവരിക്കപ്പെട്ടിരിക്കുന്നു. ബനൂ അബ്ദിദ്ദാർ ഗോത്രവുമായിട്ടായിരുന്നു ഇദ്ദേഹത്തിന്റെ ബന്ധം. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഹുനയ്ദ എന്നായിരുന്നു. പ്രാരംഭകാലത്ത് ഇസ്ലാം സ്വീകരിച്ചവരിൽ ഇദ്ദേഹം ഉൾപ്പെട്ടിരുന്നു. മിക്ക ജീവചരിത്രരചയിതാക്കളും ഇദ്ദേഹത്തെ ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തവരുടെ കൂട്ടത്തിൽ പെടുത്തിയിട്ടുണ്ട്. (ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 2, പേജ് 354, സുവയ്ബിത് ബിൻ ഹർമല, പ്രസാധകർ ദാറുൽഫിക്ർ ബേറൂത്ത്, ലബനാൻ 2003). (അൽ ഇസ്വാബ ഫീ തമീസിസ്സ്വഹാബ വാള്യം 6, പേജ് 368, നുഅ്മാൻ ബിൻ അംറ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബനാൻ 2005). (താരീഖ് ദിമശ്ഖുൽകബീർ ലിഇബ്നി അസാക്കീർ വാള്യം 12, ഭാഗം 24, പേജ് 117, ദാറു അഹ്യാഉത്തുറാഥ് അൽഅറബി, ബേറൂത്ത് ലബനാൻ)

ഹദ്റത്ത് സുവയ്ബിത് മദീനയിലേക്ക് ഹിജ്റത്തു ചെയ്തു. ഹിജ്റത്തിനുശേഷം അദ്ദേഹം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലമ അജ്ലാനിയുടെ വീട്ടിൽ താമസിച്ചു. നബി(സ)തിരുമേനി ഹദ്റത്ത് സുവയ്ബിത്വിനേയും ഹദ്റത്ത് ആഇദ് ബിൻ മായിസിനേയും സഹദോരന്മാരാക്കി. ഹദ്റത്ത് സുവയ്ബിത് ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്തു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 65, സുവയ്ബിത് ബിൻ സഅ്ദ്, പ്രസാധകർദാറു അഹ്യാഉത്തുറാഥ് അൽഅറബി, ബേറൂത്ത് ലബനാൻ 1996)

ഹദ്റത്ത് ഉമ്മു സലമാ വിവരിക്കുന്നു: നബി(സ)തിരുമേനിയുടെ വഫാത്തിനു ഒരു വർഷം മുമ്പേ ഹദ്റത്ത് അബൂബക്കർ(റ) ശാമിലെ ബുസ്റ എന്ന പ്രദേശത്ത് കച്ചവടത്തിന് പോയതായിരുന്നു. അവരോടൊപ്പം നുഅയ്മാനും സുവയ്ബിത് ബിൻ ഹർമലും യാത്രയിലുണ്ടായിരുന്നു. ഇവർ രണ്ടുപേരും ബദ്ർ യുദ്ധത്തിലും ഉണ്ടായിരുന്നു. ഭക്ഷണവിഭവങ്ങളുടെ ചുമതല നുഅയ്മാന് ആയിരുന്നു. സുവയ്ബിത് നർമപ്രകൃതക്കാരനായിരുന്നു. തനിക്ക് ആഹാരം തരൂ എന്നദ്ദേഹം നുഅയ്മാനോടു പറഞ്ഞു. കാരണം ഭക്ഷണപാനീയങ്ങളുടെ ചുമതല അദ്ദേഹത്തിനായിരുന്നു. ഹദ്റത്ത് അബൂബക്കർ വരുന്നതുവരെ ആഹാരം നൽകുകയില്ലെന്ന് അദ്ദേഹം മറുപടി നൽകി. എനിക്കു ഭക്ഷണം തന്നില്ലെങ്കിൽ നിന്നെ ഞാൻ ശുണ്ഠി പിടിപ്പിക്കുന്നതാണെന്നു സുവയ്ബിത് പറഞ്ഞു. ഈ സംഭവം മുമ്പേയും ഞാൻ അല്പം വിവരിച്ചിട്ടുണ്ട്. അങ്ങനെ അവർ പോയികൊണ്ടിരിക്കുമ്പോൾ ഒരു കൂട്ടം ആളുകൾ അതിലൂടെ കടന്നുപോയി. നിങ്ങൾ എന്റെ ഒരടിമയെ വാങ്ങിക്കുമോ എന്ന് സുവയ്ബിത് അവരോടു ചോദിച്ചു. വാങ്ങാം എന്നവർ മറുപടി പറഞ്ഞു. സുവയ്ബിത് പറഞ്ഞു നന്നായി സംസാരിക്കുന്ന അടിമയാണവൻ. ശ്രദ്ധിക്കുക താൻ സ്വതന്ത്രനാണെന്നൊക്കെ അവൻ പറഞ്ഞു കൊണ്ടിരിക്കും. അവനങ്ങനെ പറഞ്ഞാലും അവനെ വിടരുത്. അവർ പറഞ്ഞു: ഇല്ല. ഞങ്ങളവനെ നിന്റെ കൈയിൽ നിന്ന് വിലയ്ക്കു വാങ്ങാൻ ആഗ്രഹിക്കുന്നു. അങ്ങനെ പത്ത് ഒട്ടകം നൽകി അവർ അടിമയെ വാങ്ങി. പിന്നീട് അവർ ഹദ്റത്ത് നുഅയ്മാന്റെ അടുത്തു വന്ന് അദ്ദേഹത്തിന്റെ കഴുത്തിൽ കയറിട്ടു. നുഅയ്മാൻ പറഞ്ഞു, ഇയാൾ തമാശ പറയുകയാണ്. ഞാൻ സ്വതന്ത്രനാണ്, അടിമയൊന്നുമല്ല. അപ്പോൾ അവർ പറഞ്ഞു: നീ ഇങ്ങനെ തന്നെ പറയുമെന്ന് നിന്നെക്കുറിച്ച് അയാൾ പറഞ്ഞിരുന്നു. അങ്ങനെ അവർ അദ്ദേഹത്തെ പിടിച്ചുകൊണ്ടുപോയി. ഹദ്റത്ത് അബുബക്കർ(റ) തിരിച്ചെത്തിയപ്പോൾ നടന്ന സംഭവത്തെക്കുറിച്ച് ആളുകൾ പറഞ്ഞു. അദ്ദേഹം അവരുടെ പിറകെ പോകുകയും ഒട്ടകങ്ങളെ തിരികെ നൽകിക്കൊണ്ട് നുഅയ്മാനെ തിരിച്ചുകൊണ്ടുവരികയും ചെയ്തു. പറഞ്ഞു: ഇദ്ദേഹം അടിമയല്ല, സ്വതന്ത്രനാണ്. അദ്ദേഹം തമാശ കാണിച്ചതാണ്. ഇത്തരത്തിലുള്ള തമാശകളും സ്വഹാബത്തിന്റെ ഇടയിൽ നടന്നിരുന്നു. അങ്ങനെ ഇവർ തിരിച്ചെത്തിയപ്പോൾ നബി(സ)തിരുമേനിയുടെ അടുത്ത് വന്നു. നബിയോടു കാര്യങ്ങൾ പറഞ്ഞു. നിവേദകൻ പറയുന്നു; നബി(സ)തിരുമേനിയും അവിടത്തെ സ്വഹാബത്തും ഒരു വർഷംവരെ അതു പറഞ്ഞ് രസിക്കുമായിരുന്നു. (സുനൻ ഇബ്നുമാജ, കിതാബുൽഅദബ്, ഹദീഥ് 3719)(മുഅ്ജമുൽ ബുൽദാൻ വാള്യം 1, പേജ് 522, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)

നബി(സ)തിരുമേനിയും ഇക്കാര്യംകേട്ട് നല്ല വണ്ണം ചിരിച്ചു. ഒരു വർഷംവരെ ഈ ഫലിതം പ്രസിദ്ധമായിരുന്നു. മുകളിൽ പറഞ്ഞ സംഭവം ഒരു വ്യത്യാസത്തോടുകൂടി ചില ഗ്രന്ഥങ്ങളിൽ ഇങ്ങനേയും ലഭിക്കുന്നുണ്ട്. വിറ്റയാൾ ഹദ്റത്ത് സുവയ്ബിത് അല്ലെന്നും മറിച്ച് ഹദ്റത്ത് നുഅയ്മാനാണെന്നുമാണ് അവിടെ പറയുന്നത്.

സ്വഹാബാക്കളെക്കുറിച്ച് പരാമർശിച്ച ശേഷം ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ **'വസ്സിഅ് മകാനക്ക'** (നിന്റെ ഭവനത്തെ വിശാലമാക്കുക) എന്ന ഒരു ഇൽഹാമിനെക്കുറിച്ച് ചുരുക്കിപ്പറയാൻ ആഗ്രഹിക്കുകയാണ്. പല സമയങ്ങളിലായി അദ്ദേഹത്തിന് ഈ ഇൽഹാം ഉണ്ടായിട്ടുണ്ട്. ആരംഭത്തിൽ അല്ലാഹു **'വസ്സിഅ് മകാനക്ക'** (നിന്റെ ഭവനത്തെ വിശാലമാക്കുക)


**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**'ഭൗതികശക്തികൾ ഇസ്ലാം–അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.' (ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.

എന്ന ഇൽഹാം നല്കിയപ്പോൾ അവിടന്ന് പറയുന്നു: 'ആ നേരത്ത് രണ്ടോ മൂന്നോ പേരായിരുന്നു എന്റെ മജ്‌ലിസിൽ വന്നിരുന്നത്. മറ്റാർക്കും എന്നെ അറിയുകപോലുമില്ലായിരുന്നു.' (സിറാജെ മുനീർ, റൂഹാനീ ഖസാഇൻ വാല്യം 12 പേജ് 73).

പിന്നീട് വിവിധ നേരങ്ങളിൽ മറ്റു ഇൽഹാമുകളോടൊപ്പവും **'വസ്സിഅ് മകാനക്ക'** എന്ന ഇൽഹാം ഉണ്ടായിക്കൊണ്ടിരുന്നു. അതായത് നിന്റെ താമസസ്ഥലം വിശാലമാക്കുക. അതിനോടൊപ്പമുള്ള മറ്റു ഇൽഹാമുകളിൽ സുവാർത്തകളെ കുറിച്ചും വിവിധ രീതിയിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഉണ്ടാകുന്നതിനെ സംബന്ധിച്ചും പറയുന്നുണ്ട്. അല്ലാഹു തന്റെ പ്രവാചകൻമാരോട് ഒരു കാര്യം ചെയ്യുക എന്ന് ഇൽഹാമിലൂടെ കല്പിക്കുമ്പോൾ അതിനർഥം അല്ലാഹുവിന്റെ സഹായവും പിന്തുണയും അതിനോടൊപ്പം ഉണ്ടാകുമെന്നാണ്. അതിനുള്ള സാഹചര്യം അവൻ ഒരുക്കുകയും അങ്ങനെ അവൻ അത് പൂർത്തീകരിക്കുകയും ചെയ്യുന്നു. നമ്മുടെ അനുഭവവും അതാണ്. ഈ ഇൽഹാം എത്ര മാഹാത്മ്യത്തോടെ അല്ലാഹു പൂർത്തിയാക്കിയെന്ന് ജമാഅത്തിന്റെ ചരിത്രം നമുക്ക് പറഞ്ഞുതരുന്നു. ഇപ്പോഴും പൂർത്തിയാക്കിക്കൊണ്ടേപോകുന്നു. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിസാരരായ ദാസരാണ്. ഈ ഇൽഹാമിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പൂർത്തിയാകുന്ന ദൃശ്യങ്ങൾ നമ്മളേയും കാണിച്ചുകൊണ്ടേപോകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഓരോ ഇൽഹാമും അദ്ദേഹത്തിനോടു ഏതെങ്കിലും കാര്യം കൽപിച്ചിട്ടുള്ളതും അല്ലെങ്കിൽ പ്രവചനമെന്നനിലയിൽ പറഞ്ഞിട്ടുള്ളതും യഥാർഥത്തിൽ അവിടന്ന് മുഖേന നബി(സ) തിരുമേനിയുടെ ദീൻ അതായത് ഇസ്‌ലാമിന്റെ പ്രചാരണത്തിനും അതിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനുമുള്ള സന്തോഷവാർത്തയാണ്. അത് ആ മഹാത്മാവിന്റെ കാലശേഷം ഖിലാഫത്ത് പരമ്പര മുഖേന നബി(സ)തിരുമേനിയുടെ സന്ദേശം ലോകത്തുപരത്തുമെന്നുള്ള സന്ദേശമാണ്. മുന്നോട്ടുയരുന്ന നമ്മുടെ ഓരോ ചുവടും, അല്ലെങ്കിൽ നമ്മൾ കാണുന്ന ഓരോ നേട്ടവും യഥാർഥത്തിൽ അല്ലാഹു ഇസ്‌ലാമിനെ ലോകത്ത് പരത്തുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള പദ്ധതികളുടെ ഭാഗമാണ്.

ഈ മുഖവുരയ്ക്കുശേഷം വീണ്ടും ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമിലേക്ക് വരികയാണ്. അതായത് **വസ്സിഅ് മകാനക്ക.** ഇവിടെ യു.കെ.യിൽ ഖിലാഫത്തിന്റെ ഹിജ്റത്തിനുശേഷം ബ്രിട്ടനിലും യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലും ലോകത്തെ മറ്റു രാഷ്ട്രങ്ങളിലും ജമാഅത്ത് വ്യാപിക്കുന്നതിനോടൊപ്പം വീടുകളും വിശാലമായിക്കൊണ്ടിരിക്കുകയാണ്. അല്ലാഹു നമുക്ക് സ്ഥലങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുമാറാകട്ടെ.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇവിടെ ഹിജ്റത്ത് ചെയ്തു വന്നപ്പോൾ ഉടനെതന്നെ അല്ലാഹു അസാധാരണമായ നിലയിൽ തന്റെ വിശാലതയുടെ ഒരു ദൃശ്യം കാണിക്കുകയുണ്ടായി. ഇസ്‌ലാമാബാദിൽ 25 ഏക്കർ ഭൂമി ജമാഅത്തിന് വാങ്ങുവാൻ തൗഫീഖ് കിട്ടി. അതിനുശേഷം ആറ് ഏക്കർ കൂടുതലായി അതിനോട് ചേർക്കപ്പെട്ടു. അവിടെ ജൽസയും നടന്നുകൊണ്ടിരുന്നു. ജമാഅത്തിലെ ഉദ്യോഗസ്ഥർക്കും വാഖ്ഫീനെ സിന്ദഗിക്കും കുറച്ചു താമസസൗകര്യവും ലഭ്യമായി. ഖലീഫത്തുൽ മസീഹിന്റെ താമസത്തിന് ഒരു ബംഗ്ലാവുമുണ്ടായിരുന്നു. കുറച്ചു ഓഫീസുകളുമുണ്ടായിരുന്നു. ഒരു ഹരിതാഭമായ സ്ഥലമായിരുന്നു അത്. അതിൽ മസ്ജിദും നിർമിച്ചു. എനിക്കോർമയുണ്ട്, ഒരിക്കൽ 1985-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പ്രത്യേകമായ നിലയിൽ എന്നോടു പറഞ്ഞു, മർക്കസിനുവേണ്ടി അല്ലാഹു നമുക്ക് വളരെ നല്ലൊരു സ്ഥലവും ലഭ്യമാക്കിയിരിക്കുന്നു. വാക്കുകളിൽ മാറ്റമുണ്ടാകാമെങ്കിലും ആശയം ഇതുതന്നെയായിരുന്നു. എനിക്കു ദൃഢവിശ്വാസമുണ്ട് മറ്റു തെളിവുകളും അതു പ്രകടിപ്പിക്കുന്നുണ്ട്. ഇവിടെ സ്ഥിരമായൊരു മർക്കസ് ഉണ്ടാക്കണമെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന് ആഗ്രഹമുണ്ടായിരുന്നു. ഏതായിരുന്നാലും ഏതു ജോലിക്കും അല്ലാഹു ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്. ഇപ്പോൾ അല്ലാഹു തൗഫീഖ് നല്കിയതുകൊണ്ട് ഇസ്‌ലാമാബാദിൽ പുതിയ നിർമാണം ഉണ്ടായി. മികച്ച സൗകര്യങ്ങളോടുകൂടി കുറച്ചു ഓഫീസുകൾ നിർമിച്ചിരിക്കുന്നു. മസ്ജിദ് നിർമിച്ചിരിക്കുന്നു. കാലത്തിന്റെ ഖലീഫയ്ക്കു താമസിക്കുവാനുള്ള വീടും ഉണ്ടാക്കിയിരിക്കുന്നു. അതുപോലെ വഖ്ഫെ സിന്ദഗികൾക്കും ജമാഅത്തിന്റെ ഉദ്യോഗസ്ഥർക്കുമായി വീടുകളും ഉണ്ടാക്കിയിട്ടുണ്ട്. ഇനിയും നിർമാണങ്ങളുണ്ടാകും.

ലണ്ടനിൽ വീടുകൾ താൽക്കാലിക ഓഫീസുകളാക്കി ഉപയോഗിക്കുകയാണ് ചെയ്തിരുന്നുത്. വളരെ ഇടുങ്ങിയ മുറികളിൽ തികച്ചും പ്രയാസപ്പെട്ടാണ് കാര്യങ്ങൾ നടന്നിരുന്നുത്. പ്രവർത്തനത്തിന്റെ വിശാലതകൊണ്ട് സ്ഥലത്തിന്റെ കുറവ് ശരിക്കും അനുഭവപ്പെട്ടിരുന്നു. ഇതിനു പുറമെ, 'ഈ വീടുകൾ താമസത്തിന് നിർമിച്ചിട്ടുള്ളതാണ്, ഇതു നിങ്ങൾ ഓഫീസുകളാക്കിയിരിക്കുന്നു' എന്ന ആക്ഷേപം കൗൺ സിലിനുമുണ്ടായിരുന്നു. ഓഫീസുകൾ നിറുത്തണമെന്നും പറഞ്ഞിരുന്നു. പൊതുവെ ഇടയ്ക്കിടെ ഈ ബഹളം ഉയർന്നുകൊണ്ടിരുന്നു. ഇപ്പോൾ ഈ പുതിയ നിർമാണത്തോടെ വീടുകളിൽ ഇവിടെ പ്രവർത്തിച്ചിരുന്ന മൂന്നു നാല് ഓഫീസ് ഇൻശാ അല്ലാഹ് ഇസ്‌ലാമാബാദിലേക്ക് മാറ്റുന്നതായിരിക്കും. അതുപോലെ, അല്ലാഹു ഇസ്‌ലാമാബാദ് പദ്ധതിയിൽത്തന്നെ ഫാൻഹാമിൽ(Farnham) ഒരു വലിയ ഇരുനിലക്കെട്ടിടവും ജമാഅത്തിനു ലഭ്യമാക്കി. പ്രസ്സ് അതിലാണ് പ്രവർത്തിക്കുന്നത്. രണ്ടുമൂന്നു മൈൽ അകലെയാണ് ഈ കെട്ടിടം. കുറച്ച് ഓഫീസുകളും ഉണ്ട്. കൂടാതെ ഖുദ്ദാമുൽ അഹ്മദിയ്യായ്ക്കും ഇവിടെ വലിയൊരു കെട്ടിടം വാങ്ങുവാനുള്ള സൗഭാഗ്യം ലഭിച്ചു. ഇതിനു മുമ്പേ ജൽസാഗാഹിനു വേണ്ടി 200 ലധികം ഏക്കർ 'ഹദീഖത്തുൽ മഹ്ദി' സ്ഥലവും സമീപത്തായിത്തന്നെ വാങ്ങുവാനുള്ള തൗഫിഖും അല്ലാഹു നൽകി. ലണ്ടനിലായിരുന്ന ജാമി അ ഇവിടേക്കു മാറിയിരിക്കുന്നു. ഇപ്പോൾ ജാമിഅ സ്ഥിതിചെയ്യുന്ന സ്ഥലം വളരെ കുറഞ്ഞ വിലയ്ക്ക് നല്ല അന്തരീക്ഷത്തിലും മികച്ച സൗകര്യങ്ങളോടും കൂടിയ നിലയിൽ അല്ലാഹു നൽകി അനുഗ്രഹിക്കുകയുണ്ടായി. ഏകദേശം മുപ്പത് ഏക്കർ ഭൂമിയുമുണ്ട്. ഈ സ്ഥലങ്ങളെല്ലാം ഇസ്‌ലാമാബാദിൽ നിന്ന് പത്ത് മുതൽ ഇരുപത് മിനിറ്റ് വരെ ദൂരത്താണുള്ളത്. ഇസ്‌ലാമാബാദ് പദ്ധതിയോടനുബന്ധിച്ച് ഈ സ്ഥലങ്ങളെല്ലാം വാങ്ങുന്നതിനുള്ള പ്ലാനിങ് ഒന്നും മുൻകൂട്ടി നിശ്ചയിച്ചതായിരുന്നില്ല. മറിച്ച് ഇതെല്ലാം അല്ലാഹുവിന്റെ പദ്ധതിയായിരുന്നു. ഈ എല്ലാ സ്ഥലങ്ങളും ഒറ്റ പ്രദേശത്തുതന്നെ അടുത്തടുത്തായിക്കൊണ്ടിരുന്നു. മർക്കസിനോടു ചേർന്നുതന്നെ അല്ലാഹു മറ്റു കാര്യങ്ങളും സൗകര്യപ്പെടുത്തിത്തന്നു. ജാമിഅയും സമീപത്തായിരിക്കേണ്ടത് ആവശ്യമാണ്. അല്ലാഹു ഈ എല്ലാ സ്ഥലങ്ങളും ഒറ്റപ്രദേശത്ത് ഒരുമിച്ചു കുട്ടിയത് എല്ലാവിധത്തിലും അനുഗ്രഹീതമാക്കട്ടെ എന്ന് ദുആ ചെയ്യുക.

ഞാൻ പറഞ്ഞതുപോലെ കാലത്തിന്റെ ഖലീഫയ്ക്കു താമസിക്കുവാനുള്ള വീടും ഓഫീസുകളുമെല്ലാം അവിടെ നിർമിച്ചിട്ടുണ്ട്. വലിയ മസ്ജിദും നിർമിച്ചിട്ടുണ്ട്. അതുകൊണ്ട് കുറച്ചു ദിവസങ്ങൾക്കുള്ളിൽ ഞാൻ ലണ്ടനിൽനിന്ന് ഇസ്‌ലാമാബാദിലേക്ക് താമസം മാറ്റുന്നതാണ്. അവിടെ മാറിയതിനുശേഷം എല്ലാവിധത്തിലും അവിടുത്തെ താമസവും അനുഗൃഹീതമാകുന്നതിന് ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അനുഗ്രഹിച്ചുകൊണ്ടിരിക്കുമാറാകട്ടെ. ഇസ്‌ലാമാബാദിൽനിന്ന് ഇസ്‌ലാമിക പ്രബോധനപ്രവൃത്തി മുമ്പത്തേതിനേക്കാൾ കൂടുതൽ അല്ലാഹു വിശാലമാക്കുമാറാകട്ടെ. **വസ്സിഅ് മക്കാനക്ക** എന്നത് കേവലം വീടുകളുടെ വിശാലതയിൽ മാത്രം ഒതുങ്ങാതെ അല്ലാഹുവിന്റെ പദ്ധതികളുടെ പൂർത്തീകരണ വിശാലതയ്ക്ക് മാർഗമായിത്തീരട്ടെ. ഇതുംകൂടി വ്യക്തമാക്കട്ടെ, മസ്ജിദ് ഫള്‌ലിന്റെ അയൽവാസികൾക്ക് മസ്ജിദിൽ വന്നുംപോയുമിരുന്ന അഹ്മദികൾ കാരണത്താൽ, ട്രാഫിക്കും പാർക്കിംഗും കാരണത്താൽ പലപ്പോഴും പരാതി ഉണ്ടായിരുന്നു. അതുകൊണ്ട് പുതിയ സ്ഥലത്ത് അയൽവാസികൾക്കും പ്രദേശവാസികൾക്കും ഇസ്‌ലാമാബാദിൽ നമസ്കരിക്കാൻ വരുന്ന കാരണത്താൽ ഒരുതരത്തിലുള്ള പരാതിയും ഉണ്ടാകരുത്. അതിനുള്ള അവസരം നിങ്ങൾ കൊടുക്കരുത്. ചുറ്റുവട്ടത്തുള്ള ആളുകൾ വരുന്നതായിരിക്കും. അതുകൊണ്ട് ട്രാഫിക്ക് പാലിക്കുകയും സൂക്ഷ്മത എപ്പോഴും മുന്നിൽ വെക്കുകയും വേണം.

ജുമുഅയെ സംബന്ധിച്ചിടത്തോളം പൊതുവെ ജുമുഅ ബയ്ത്തുൽ ഫുതൂഹിൽതന്നെ ഇൻശാ അല്ലാഹ് നമസ്കരിപ്പിക്കുന്നതായിരിക്കും. അമീർ സാഹിബിനോടു ഞാൻ പറഞ്ഞിട്ടുണ്ട്. അദ്ദേഹം കൃത്യമായി പദ്ധതി തയ്യാറാക്കി ജമാഅത്തുകളെ അറിയിക്കുന്നതാണ്. ഇസ്‌ലാമാബാദിലും അല്ലെങ്കിൽ അവിടെയും ഇവിടെയുമൊക്കെയുള്ളവർ എവിടെ നമസ്കരിക്കണമെന്ന് അദ്ദേഹം പറയുന്നതാണ്. അദ്ദേഹം വീതിക്കുന്നതാണ്. ചുറ്റുപാടുള്ളവർക്ക് അവിടെ തന്നെ നമസ്കരിക്കാം. അതിനെക്കുറിച്ചുള്ള നിർദേശം തദ്ദേശ സ്വദ്ർമാർക്കു ലഭിക്കുന്നതാണ്. 20 മൈലിനു പുറത്ത് ആരാണോ അവിടെ നമസ്കരിക്കാൻ ആഗ്രഹിക്കുന്നത് അവരെക്കുറിച്ചും അറിയുന്നതാണ്. അവസാനവും എനിക്ക് പറയാനുള്ളത്, അല്ലാഹു ഈ പദ്ധതിയേയും ഇവിടേക്ക് മാറുന്നതിനേയും എല്ലാവിധത്തിലും അനുഗ്രഹിക്കുമാറാകട്ടെ.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും**
**മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,**
**നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും**
**അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും**
**നിത്യവും ഖുർആൻ പാരായണം ചെയ്യാൻ**
**അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്‌ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## കഴിഞ്ഞ ലക്കം തുടർച്ച.....)

Islamic Education വിഷയത്തിൽ സ്പെഷ്യലിസ്റ്റായ വനിതാ പൊഫസർ ചോദിച്ചു: സ്വന്തം സിലബസ് അനുസരിച്ച് പഠിപ്പിക്കുന്ന നിങ്ങളുടേതായ സ്കൂൾ ഉണ്ടോ?

ഹുദൂർ പറഞ്ഞു: 'യൂറോപ്പിലോ ഇതര പടിഞ്ഞാറൻ രാജ്യങ്ങളിലോ ഞങ്ങൾക്ക് ഇപ്പോൾ സ്വന്തം സ്കൂളില്ല. ആഫ്രിക്കയിൽ ഞങ്ങളുടെ സ്കൂളുകളുണ്ട്. എന്നാലത് മതപരമായ സ്കൂളുകളല്ല. അവിടെ ഭൗതിക വിദ്യാഭ്യാസം നൽകുന്നതിനോടൊപ്പം വിശുദ്ധ ഖുർആൻ, ബൈബിൾ എന്നിവയിൽ നിന്നുള്ള അടിസ്ഥാന അധ്യാപനങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. ഏതെങ്കിലും പ്രത്യേക മതത്തിന്റെ സിലബസുമായി ബന്ധപ്പെട്ട് ജർമനിയിലെ ഒരു പ്രദേശത്തുനിന്ന് അവിടുത്തെ ഭരണകൂടം വിവിധ മുസ്‌ലിം വിഭാഗങ്ങളുടെ മക്കളെ പഠിപ്പിക്കാൻ സിലബസ് ഉണ്ടാക്കിക്കൊടുക്കാൻ ആവശ്യപ്പെട്ടിരുന്നു. അവിടെ ഞങ്ങൾ ഞങ്ങളുടെ സിലബസ് ഉണ്ടാക്കിക്കൊടുത്തു. അവരത് സ്വീകരിക്കുകയും ചെയ്തു. അതു തന്നെയാണ് സ്കൂളുകളിൽ പഠിപ്പിച്ചു കൊണ്ടിരിക്കുന്നത്. അതിൽ തർക്കവിഷയം എടുക്കുന്നതിനു പകരം ഞങ്ങൾ വിശുദ്ധ ഖുർആനിൽനിന്നും തിരുഹദീഥുകളിൽനിന്നും എല്ലാവർക്കുമിടയിൽ പൊതുവായ വിഷയങ്ങളുൾക്കൊള്ളുന്ന ഇസ്‌ലാമിക ചരിത്രമാണ് ചേർത്തിട്ടുള്ളത്. ഇതു കൂടാതെ ഞങ്ങളുടെ മിഷണറി ട്രെയ്നിംഗ് കോളേജുകളുണ്ട്. യൂറോപ്യൻ കോളേജുകളിലൊന്ന് ജർമനിയിലുണ്ട്. ഒന്ന് യൂ.കെയിലുമുണ്ട്. ഒന്ന് കനഡയിലും. ആഫ്രിക്കയിൽ ഒരു അന്തർദേശീയ ട്രൈനിംഗ് കോളേജ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇന്തൊനേഷ്യയിലുമുണ്ട്. കുറഞ്ഞ സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്ന എണ്ണമറ്റ കോളേജുകളുമുണ്ട്. ഹുദൂർ കാശിഫ് മഹ്മൂദ് വറക്കിനെ ചൂണ്ടിക്കൊണ്ട് അദ്ദേഹവും യൂ.കെ കോളേജിൽ നിന്ന് ട്രെയ്നിംഗ് എടുത്ത മിഷണറിയാണെന്ന് പറഞ്ഞു. അവിടെ നിന്ന് പുറത്തിറങ്ങിയ ആദ്യബാച്ചിലെ അംഗമാണെന്നും അവിടുത്തെ ആരംഭകാല വിദ്യർഥിയാണെന്നും പറഞ്ഞു.

ഒരു പ്രൊഫസർ ചോദിച്ചു: പാക്കിസ്ഥാനിലും ബംഗ്ലാദേശിലുമുള്ള ഭരണകൂടങ്ങളുമായുള്ള നിങ്ങളുടെ ബന്ധങ്ങളിൽ എന്തെങ്കിലും പുരോഗതിയുണ്ടോ?

ഹുദൂർ പറഞ്ഞു: 'ബംഗ്ലാദേശുമായുള്ള ബന്ധത്തിന്റെ കാര്യം പറയുകയാണെങ്കിൽ അവിടുത്തെ ഭരണകൂടവുമായി ഞങ്ങൾക്ക് നല്ല ബന്ധമാണുള്ളത്. കാരണം ബംഗ്ലാദേശിൽ ഞങ്ങളുടെ ജമാഅത്തിനെതിരിൽ ഒരു നിയമവും ഇല്ല. പാക്കിസ്ഥാന്റെ കാര്യം പറയുകയാണെങ്കിൽ 1974-ൽ അവർ പാർലമെന്റിൽ അഹ്മദികൾക്കെതിരെ നിയമം പാസ്സാക്കി. അവിടുത്തെ നിയമവും ഭരണഘടനയുമനുസരിച്ച് അഹ്മദികൾ മുസ്‌ലിമീംകളല്ല. ഇപ്പോഴും അവിടെ അഹ്മദികൾക്കെതിരിൽ നിയമം നിലവിലുണ്ട്. ഈ നിയമത്തിൽ വർധന ഉണ്ടായത് സിയാഉൽഹഖ് അവിടെ മാർഷൽ ലാ അഡ്മിനിസ്ട്രേറ്റർ ആയിരുന്നപ്പോഴാണ്. മുമ്പേ കേവലം പാർലമെന്റ് മാത്രം നിയമം പാസ്സാക്കി. അതിൽ ഞങ്ങൾ മുസ്‌ലിമീംകൾ അല്ല എന്ന് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് ഞങ്ങളെ ബധിച്ചിരുന്നില്ല. എന്നാൽ, സിയാഉൽഹഖ് പാസ്സാക്കിയ നിയമത്തിൽ ഞങ്ങൾക്ക് സ്വയം മുസ്‌ലിം എന്ന് പറയാനുള്ള അവകാശത്തേയും എടുത്തു മാറ്റി. സ്വന്തം മസ്ജിദുകളെ മസ്ജിദ് എന്ന് പറയാൻ പാടില്ല. മുസ്‌ലിം നാമങ്ങൾ ഞങ്ങളുടെ കുട്ടികൾക്ക് ഇടാൻ പാടില്ല. ഏതുവരെയെന്നാൽ ആർക്കും അസ്സലാമു അലയ്ക്കും എന്നു പറയാൻ പോലും ഞങ്ങൾക്ക് അവകാശമില്ല.

ഈ നിയമം നിലനിൽക്കുവോളം അതിന്റെ മറവിൽ ആക്രമണം നടന്നു കൊണ്ടിരിക്കും. അപ്പോൾ പാക്കിസ്ഥാനിൽ ഞങ്ങളുടെ അവസ്ഥകൾ എങ്ങനെ നന്നാകാനാണ്. എന്നാൽ, ബംഗ്ലാദേശിൽ അവസ്ഥ വ്യത്യസ്തമാണ്. അതിന്റെ ബന്ധം ഭരണകൂടത്തിന്റെ പോളിസിയനുസരിച്ചാണ്. ഭരണകൂടവുമായി നല്ലബന്ധത്തിലാണ് ബംഗ്ലാദേശ് ജമാഅത്തുള്ളത്.'(തുടരും)

(ബദർ വീക്കിലി 2016 ജൂലൈ 21)

## മെയ് 18, 2016 ബുധനാഴ്ച:

ഒരു ക്രൈസ്തവമിഷണറി ചോദിച്ചു: ഇന്നലെ 10 വയസ്സുള്ള മുസ്‌ലിം കുട്ടികൾ ചർച്ചിൽ വന്നിരുന്നു. ഞങ്ങൾ മാമോദിസ ചെയ്യുന്ന രീതിയെപ്പറ്റി പറഞ്ഞു കൊടുത്തപ്പോൾ ഒരു കുട്ടി ചോദിച്ചു: മുസ്‌ലിം കുട്ടി ജനിക്കുമ്പോൾ നിങ്ങൾ ആ കുട്ടിക്ക് മാമോദിസ മുക്കിയാൽ ആ കുട്ടി മുസ്‌ലിം എന്ന് വിളിക്കപ്പെടുമോ?അപ്പോൾ ഞാൻ പറഞ്ഞു:'എനിക്കറിയില്ല. എന്നാൽ, ഞാൻ മാമോദിസ മുക്കിയാൽ ആ കുട്ടി ഒരു പക്ഷേ കൃസ്ത്യാനി ആകും അല്ലെങ്കിൽ മുസ്‌ലിം എന്ന് തന്നെ വിളിക്കപ്പെടും.ഇത്തരം സാഹചര്യത്തിൽ മറുപടിയെന്താണ്.?

ഹുദൂർ: ഇസ്‌ലാം മത സ്ഥാപകർ പറഞ്ഞിട്ടുള്ളത് എല്ലാ കുട്ടികളും ശരിയായ പ്രകൃതിയിലാണ് ജനിക്കുന്നതെന്നാണ്. മതപരമായ രീതിയിൽ അപ്പോൾ അവൻ മുസ്‌ലിമോ ക്രിസ്ത്യാനിയോ യഹൂദിയോ അല്ല. എന്നാൽ, അവന്റെ പ്രകൃതി നന്മയിലധിഷ്ഠിതമാണ്. പിന്നീട് അവന്റെ മാതാപിതാക്കൾ അവനെ അവരാഗ്രഹിക്കുന്ന വിധത്തിൽ വളർത്തുകയാണ്. പക്ഷേ, ഒരു ക്രിസ്ത്യാനിയും സൽപ്രകൃതക്കാരനല്ലെന്ന് എനിക്ക് പറയാൻ കഴിയില്ല. എന്റെ അഭിപ്രായത്തിൽ എല്ലാ കുട്ടികളും പരിശുദ്ധ പ്രകൃതിയാലാണ് ജനിക്കുന്നത് എന്നാണ്.

ഹുദൂർ ഇന്ത്യൻ അംബാസഡറോടു(രാജ്യപ്രതിനിധി) പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിന്റെ ശുഭാരംഭം ഇന്ത്യയിൽ നിന്നാണ്. പഞ്ചാബിലെ ഒരു ചെറു പ്രദേശമായ ഖാദിയാനിൽ നിന്നാണ്. ഹുദൂറിന്റെ ചോദ്യത്തിന് മറുപടി എന്നോണം അദ്ദേഹം പറഞ്ഞു: ഞാൻ ഡൽഹിയിൽ നിന്നാണ് വരുന്നത്. എന്നാൽ. അടിസ്ഥാന പരമായി എന്റെ ബന്ധം കിഴക്കൻ ബംഗാളുമായിട്ടാണ്.ഇന്ത്യയിൽ നിങ്ങളുണ്ട് എന്നത് വെളിവാക്കുന്നത് ഇന്ത്യ ഒരു സെക്യുലർ നാടാണെന്നാണ്.എല്ലാ മതങ്ങൾക്കും ആദരവുണ്ടാകണമെന്നത് ഞങ്ങളുടെ ഉറച്ച വിശ്വാസമാണ്.

ഹുദൂർ പറഞ്ഞു: ശരിയായ കാര്യമാണത്. ഇന്ത്യയിലെ നിലവിലുള്ള ഭരണകൂടവുമായി ജമാഅത്തിന് വളരെ നല്ല ബന്ധമാണുള്ളത്.

ഇന്ത്യൻ അംബാസഡർ പറഞ്ഞു: ഈയിടെ നടന്ന സ്വൂഫിയാക്കളുടെ ആഗോള സമ്മേളനത്തിൽ നമ്മുടെ പ്രധാനമന്ത്രി നരേന്ദ്ര മോദി സാഹിബ്, ഇസ്‌ലാം ഒരു സമാധാനത്തിന്റെ മതമാണെന്നും അതിനെ ഒരു തീവ്രമതമെന്ന രൂപത്തിൽ ലോകത്ത് വ്യാജമായി അവതരിപ്പിക്കുകയാണെന്നും വ്യക്തമാക്കുകയുണ്ടായി.

ഹുദൂർ: 'തികച്ചും ശരിയാണ്. എല്ലാ മതവും അടിസ്ഥാനപരമായി സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സമത്വത്തിന്റേയും അധ്യാപനങ്ങളിൽ അധിഷ്ഠിതമാണ്.അല്ലാഹുവിനെ സ്നേഹിക്കുക, മനുഷ്യകുലത്തെ സ്നേഹിക്കുക.'

ഇതിനു ശേഷം ഹുദൂർ സ്വീഡനിലെ ഇസ്രയേൽ അംബാസഡറോടു പറഞ്ഞു: 'ഞങ്ങളുടെ ജമാഅത്ത് ഇസ്രയേലിലുമുണ്ട്.'

ഇസ്രയേൽ അംബാസഡർ: 'ഇസ്‌ലാമിലെ ഒരു സമാധാന കാംക്ഷിയായ വിഭാഗം ഞങ്ങളുടെ രാജ്യത്തുണ്ട് എന്നതിൽ ഞങ്ങൾക്ക് വളരെ അഭിമാനമുണ്ട്. അതിനു ഞാൻ താങ്കൾക്ക് നന്ദി അറിയിക്കാൻ ആഗ്രഹിക്കുന്നു.'

ഇസ്രയേൽ അംബാസഡർ: 'സ്വീഡനിൽ നമുക്ക് അഹ്മദികളോട് വളരെ നല്ല ബന്ധമാണുള്ളത്. എന്നാൽ, സ്വീഡനിലുള്ള ഇതര മുസ്‌ലിമീംകളുമായി നമ്മുടെ സമൂഹത്തിന് ഇതു പോലൊരു ബന്ധമില്ല എന്നത് വളരെ ദൗർഭാഗ്യകരമാണ്.'

ഹുദൂർ: ഇസ്രയേലിൽ താമസിക്കുന്ന അഹ്മദികൾ അവിടെയുള്ള ഇതര മുസ്‌ലിമീംകൾക്കും യഹൂദർക്കുമിടയിൽ ഒരു വിധത്തിൽ മധ്യസ്ഥ നിലപാടാണ് വഹിച്ചു വരുന്നത്.

ഇസ്രയേൽ അംബാസഡർ: ഇവിടെ സ്വീഡനിൽ ഞങ്ങളുടെ ശ്രമം ഉണ്ടായിട്ടും ഇതര മുസ്‌ലിമീംകളുമായി ബന്ധം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. ഇവർ യഹൂദരുമായി ഒരു ബന്ധവും ഉണ്ടാക്കാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് എനിക്ക് താങ്കളോട് വളരെ നന്ദിയുണ്ട്. താങ്കൾ കേവലം സമാധാന അധ്യാപനങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നു എന്ന് മാത്രമല്ല, സ്വയം അതനുസരിച്ച് പ്രവൃത്തിക്കുകയും ചെയ്യുന്നു.

ഒരു പ്രൊഫസർ ചോദിച്ചു: മുസ്‌ലിം രാജ്യങ്ങളിലും ഇതര സ്ഥലങ്ങളിലും മഹ്ദി വാദം നടത്തുന്നവരുണ്ട്; സുഡാനിൽ ഒരു വ്യക്തി മഹ്ദിയാണെന്ന് വാദിച്ചതുപോലെ.1979-ൽ സഊദി അറേബ്യയിലും ഒരു വ്യക്തി മഹ്ദിയാണെന്ന് വാദിച്ചു. ഈ മഹ്ദി വാദികളെ കുറിച്ചുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണമെന്താണ്?

ഹുദൂർ: വാദികൾ പലരും ഉണ്ടാകാവുന്നതാണ്. എന്നാൽ, നോക്കേണ്ടത് വാദി എത്രമാത്രം വിജയിക്കുന്നു എന്നതാണ്. ഞാൻ മുമ്പേയും പറഞ്ഞിട്ടുള്ളതുപോലെ നബി(സ)തിരുമേനി, മഹ്ദിയുടെ വെളിപ്പെടലുമായി ബന്ധപ്പെട്ട് ചില അടയാളങ്ങളെ കുറിച്ച് ദീർഘദർശനം നൽകിയിരുന്നു. ഇത് പതിനാലാം നൂറ്റാണ്ടിൽ പൂർത്തിയായി. ഇത് പൂർത്തിയാകുമ്പോൾ മഹ്ദി വാദം പുറപ്പെടുവിച്ച ഒരു വ്യക്തി നിലവിലുണ്ടായിരുന്നു. ആ സമയത്ത് മറ്റാരും വാദം പുറപ്പെടുവിച്ചിട്ടുമില്ല. ഇതുകൂടാതെ നബി(സ)തിരുമേനി ദീർഘദർശനം നടത്തിയ മറ്റൊരു കാര്യം മഹ്ദിയും മസീഹും ഒരേ വ്യക്തിയായിരിക്കുമെന്നായിരുന്നു. എന്നാൽ, നിങ്ങൾ സൂചിപ്പിച്ച വ്യക്തികളെല്ലാം മഹ്ദി വാദം മാത്രമേ നടത്തിയിട്ടുള്ളൂ. പക്ഷേ, ഹദീഥിലുള്ളത് ഈ രണ്ടു നാമവും ഒരേ വ്യക്തിക്ക് നൽകപ്പെടുന്നതാണെന്നാണ്. മറ്റൊരു കാര്യം മഹ്ദി വാദം പുറപ്പെടുവിക്കുന്നവർ എവിടെവരെ പോയിട്ടുണ്ട് എന്നതാണ്. ലോകത്ത് എത്ര രാഷ്ട്രങ്ങളിൽ വരെ എത്തി എന്നതാണ്. അഹ്മദിയ്യാ ജമാഅത്ത് കഴിഞ്ഞ 127 വർഷമായി നിരന്തരം പുരോഗതി പ്രാപിച്ചു കൊണ്ടേയിരിക്കുന്നു. ലോകം മുഴുവനും ഈ സന്ദേശം വ്യാപിച്ചു കൊണ്ടേയിരിക്കുന്നു. ചിലർ നല്ലവരായിരിക്കാം. ഔലിയാ ആയിരിക്കാം. അതു കാരണത്താൽ അവരെ പിന്തുടരുന്നവർ മഹ്ദി എന്ന സ്ഥാനപ്പേര് അവർക്ക് നൽകിയതായിരിക്കാം. പക്ഷേ, അവർ കേവലം പ്രത്യേക പ്രദേശങ്ങളിലും പ്രത്യേക ജനതക്കുവണ്ടിയും മാത്രമായിരുന്നു.'

ഒരു പ്രൊഫസർ ചോദിച്ചു: അഹ്മദിയ്യാ ജമാഅത്തിൽ രണ്ടു വിഭാഗങ്ങളുണ്ടോ? ഒരു വിഭാഗം ഖാദിയാനുമായി ബന്ധമുള്ളവരും മറ്റൊരു വിഭാഗം ലാഹോരികൾ എന്ന് വിളിക്കപ്പെടുന്നവരും. ഇതു രണ്ടും തമ്മിലുള്ള ബന്ധമെന്താണ്?

ഹുദൂർ: അഹ്മദി ഖിലാഫത്ത് വ്യവസ്ഥിതിയെ ലാഹോരി അംഗീകരിക്കുന്നില്ല. ഇതേ കാരണം കൊണ്ടുതന്നെ അവർ ജമാഅത്തിൽനിന്ന് വേറിട്ടു പോയി. അവർ പറയുന്നത് ജമാഅത്തിന്റെ വ്യവസ്ഥാപിതമായ കാര്യങ്ങളും ഉത്തരവാദിത്വ നിർവഹണവും ഒരു ഖലീഫയുടെ കൈയിലല്ല വേണ്ടതെന്നും ഒരു കമ്മിറ്റിയോ ഏതാനും ചില വ്യക്തികളോ ചേരുന്ന ഗ്രൂപ്പിന്റെ കൈയിലാണ് വേണ്ടതെന്നുമാണ്. എന്നാൽ, ഞങ്ങൾ പറയുന്നത്, നബിക്കുശേഷം ഖിലാഫത്തിന്റെ വ്യവസ്ഥിതി സ്ഥാപിതമാകുന്നു എന്നാണ്. അപ്പോൾ അടിസ്ഥാനപരമായ കാരണത്താലാണ് അവർ അഹ്മദിയ്യാ ജമാഅത്തിൽ നിന്ന് വേറിട്ടു പോയത്. ഞങ്ങളുടെ പരസ്പര ബന്ധത്തെ കുറിച്ച് പറയുകയാണെങ്കിൽ ഞങ്ങൾ പരസ്പരം കാണുമ്പോൾ നല്ല രീതിയിലാണ് പെരുമാറുന്നത്. രണ്ടു മൂന്ന് വർഷം മുമ്പേ അവരുടെ ബർലിനിലുള്ള മസ്ജിദിൽ ഞാൻ പോവുകയും ചെയ്തിരുന്നു. മസ്ജിദിലെ ഇമാം വളരെ ആവേശത്തോടുകൂടിയാണ് എന്നെ സ്വീകരിച്ചത്. ഞങ്ങളുടെ ശ്രമങ്ങളെ ശ്ലാഘിക്കുകയുണ്ടായി. ഇവർ നമ്മുടെ പരിപാടികളിൽ പങ്കെടുക്കാറുണ്ട്. ഞങ്ങളുടെ ഇട

യിൽ വളരെ വലിയ ശത്രുതയോ വെറുപ്പോ ഇല്ല. എന്നാൽ, ഞങ്ങളുടെ ജമാഅത്തിലാണ് വർധന ഉണ്ടാകുന്നത് എന്നതാണ് യാഥാർഥ്യം. ദിനംതോറും അവർ കുറഞ്ഞു വരികയാണ്.എന്നു മാത്രമല്ല,അവരിൽ നിന്ന് നല്ലൊരു വിഭാഗം നമ്മുടെ ജമാഅത്തിൽ ചേർന്നിട്ടുമുണ്ട്.

ഒരു പ്രൊഫസർ ചോദിച്ചു.:താങ്കൾ കുറച്ചു മുമ്പേ പറഞ്ഞിരുന്നു, ഖലീഫ ഒരു ആത്മീയനേതാവാണെന്ന്. അപ്പോൾ താങ്കളുടെ അഭിപ്രായത്തിൽ ഈ സമയത്ത് അഹ്മദിയ്യാ ജമാഅത്തിനും ഇതരലോകത്തിനും ആത്മീയമായി ഏതു തരത്തിലുള്ള ബുദ്ധിമുട്ടുകളാണ് നേരിടേണ്ടി വരുന്നത്?

ഹുദൂർ: താങ്കളോടൊപ്പമിരിക്കുന്ന ഈ ക്രിസ്തീയ മിഷണറിക്കും നല്ലവണ്ണമറിയാം ജനത അവരുടെ യഥാർഥ സ്രഷ്ടാവിൽ നിന്ന് അകന്നു കൊണ്ടിരിക്കുകയാണ്. തങ്ങളുടെ സ്രഷ്ടാവിനോടുള്ള കടമകൾ നിർവഹിക്കുന്നതിൽനിന്ന് അശ്രദ്ധരായിരിക്കുന്നു. അതുകൊണ്ട് ഏറ്റവും വലിയ ചലഞ്ച് മനുഷ്യ സമൂഹത്തെ അവരുടെ സ്രഷ്ടാവിലേക്ക് അടുപ്പിക്കുന്ന വിഷയത്തിലാണ്. കാരണം വിശുദ്ധ ഖുർആൻ പറയുന്നതനുസരിച്ച് മനുഷ്യ സൃഷ്ടിപ്പിന്റെ അടിസ്ഥാന ഉദ്ദേശ്യം തങ്ങളുടെ സ്രഷ്ടാവിന്റെ മുമ്പിൽ കുനിയുക എന്നതാണ്. നിങ്ങളുടെ സൃഷ്ടിപ്പിന്റെ അടിസ്ഥാന ലക്ഷ്യം ഇതായിരിക്കുമ്പോൾ തീർച്ചയായും ഏറ്റവും വലിയ ചലഞ്ച് ഇതു തന്നെയാകും.

പ്രൊഫസർ തുടർന്ന് ചോദിച്ചു: ഇതു വിഷയകമായി ബുദ്ധിമുട്ടുകളിൽ വർധന ഉണ്ടാകുന്നുണ്ടോ?

ഹുദൂർ: ഈ ബുദ്ധിമുട്ടുകളിൽ ദിനേന വർധന ഉണ്ടാകുന്നു. അമേരിക്കയിൽതന്നെ ഏതാനും വർഷങ്ങൾക്കു മുമ്പേ 77 ശതമാനം പേർ മതവിശ്വാസത്തിലേക്ക് ആഭിമുഖ്യമുള്ളവരായിരുന്നു. അഥവാ ചുരുങ്ങിയത് ക്രിസ്തു മതത്തിൽ വിശ്വാസമുള്ളവരായിരുന്നു. ഇപ്പോൾ ഈ കണക്ക് ചുരുങ്ങി 50 ശതമാനത്തോടടുത്തിരിക്കുന്നു. കുറഞ്ഞു കൊണ്ടിരിക്കുന്നു. നിങ്ങൾക്കുനേരിട്ട് കാണാൻ കഴിയും നിരീശ്വരവാദികളുടെ എണ്ണം ദിനേന പെരുകുകയാണ്. മതത്തെ അംഗീകരിക്കുന്നവരിൽ തുടർച്ചയായ കുറവ് വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നമുക്കെല്ലാവർക്കും സംയുക്തമായ ചലഞ്ചാണുള്ളത്. പ്രഥമമായി മനുഷ്യ സമൂഹത്തെ അവരുടെ സ്രഷ്ടാവുമായി അടുപ്പിക്കപ്പെടേണ്ടതുണ്ട്. അതിനുശേഷമാണ് ഏത് മതമനുസരിച്ചാണ് പ്രവർത്തിക്കേണ്ടതെന്ന തീരുമാനം ഉണ്ടാകേണ്ടത്.

പ്രൊഫസർ ചോദിച്ചു: പ്രകൃതിയെ കുറിച്ചുള്ള താങ്കളുടെ അഭിപ്രായമെന്താണ്?

ഹുദൂർ: പ്രകൃതി എന്നതുകൊണ്ട് താങ്കളുദ്ദേശിച്ചത് കാലാവസ്ഥാ വ്യതിയാനമാണെങ്കിൽ അതിന്റെ അടിസ്ഥാന കാരണം സന്തുലിതാവസ്ഥയുടെ നിരാസമാണ്. പ്രകൃതി എല്ലാ ഓരോന്നിനും ഒരു സന്തുലിതാവസ്ഥ വെച്ചിട്ടുണ്ട്. ലോകത്ത് ജനസംഖ്യ വർധിക്കുന്നതനുസരിച്ച് പച്ചപ്പു നിറഞ്ഞ കാടുകൾ വെട്ടി നശിപ്പിച്ചു കൊണ്ടിരിക്കുന്നു. പുതിയ പട്ടണങ്ങളും പ്രദേശങ്ങളും രൂപംകൊള്ളുന്നു. ഇത് തുടർച്ചയായി വർധിച്ചു കൊണ്ടിരിക്കുന്നു. മറുഭാഗത്ത് വ്യാവസായിക വിപ്ലവവും നടക്കുന്നു. ഇക്കാര്യങ്ങൾ കാരണത്താൽ അന്തരീക്ഷം മലിനീകരിക്കപ്പെടുന്നു. അതുകൊണ്ട് എല്ലാ കാര്യങ്ങളിലും സന്തുലിതാവസ്ഥ നിലനിറുത്തേണ്ടത് അനിവാര്യമാണ്.

രണ്ടാമത്തെ കാര്യം സമാധാനം ഇല്ലാതായിരിക്കു ന്നു എന്നതാണ്. സമാധാനം ഇല്ലാതാവുകയും ജനങ്ങൾ പരസ്പരം ഏറ്റുമുട്ടുകയും കൊല്ലും കൊലയും നടത്തുകയുമാണെങ്കിൽ ജീവിതം തന്നെ ഇല്ലാത്തിടത്ത് പ്രകൃതിയെ കൊണ്ട് എന്ത് കാര്യമാണുള്ളത്?

ഒരു പ്രൊഫസർ ചോദിച്ചു: താങ്കളുടെ ജമാഅത്തിൽ കർമപരമായ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കുന്നു?

ഹുദൂർ: അടിസ്ഥാനപരമായി ഞങ്ങൾ ഹനഫി ഫിഖ്ഹി(കർമശാസ്ത്രം)നെയാണ് അംഗീകരിക്കുന്നത്. ചില കാര്യങ്ങളിൽ ഹനഫി ഫിഖ്ഹിൽ പരിഹാരം കാണുന്നില്ലെങ്കിൽ വിശുദ്ധ ഖുർആനിന്റേയും ഹദീഥുകളുടേയും വെളിച്ചത്തിൽ പരിഹാരം കാണുന്നു. ഏതാനും ചില കാര്യങ്ങളിൽ മാത്രമേ നമുക്കും ഹനഫികൾക്കുമിടയിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകുകയുള്ളൂ.'

ഒരു പ്രൊഫസർ ചോദിച്ചു:അഹ്മദികൾക്ക് ഹജ്ജ് ചെയ്യുന്നതിന് ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നു എന്ന് കേട്ടിട്ടുണ്ട്. ഹജ്ജിന് പകരം നിങ്ങൾ മറ്റെന്തെങ്കിലും ചെയ്യുന്നുണ്ടോ?

ഹുദൂർ: ഹജ്ജിനു പകരമായി മറ്റൊന്നുമില്ല. ഇസ്ലാമിന്റെ അടിസ്ഥാന വിശ്വാസ കാര്യങ്ങൾ കലിമ, നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ് എന്നിങ്ങനെയാണ്.ഹജ്ജ് ഇസ്ലാമിന്റെ അടിസ്ഥാന കർമമാണ്. ഞങ്ങൾക്ക് ഹജ്ജിന് പോകുന്നതിന് തടസ്സമുണ്ടെങ്കിലും എല്ലാ വർഷവും നല്ലൊരു ഭാഗം അഹ്മദികൾ ഹജ്ജിനു പോകാറുണ്ട്. എന്നാൽ, അവിടെ അഹ്മദികൾക്ക് താൻ അഹ്മദിയാണെന്ന് പറയാൻ കഴിയില്ല. ഇതു വിഷയമായി ഒരു പ്രശ്നവുമില്ല. എങ്കിലും ഞങ്ങളും ഹജ്ജു ചെയ്യുന്നുണ്ട്. നമ്മുടെ ആദ്യത്തെ ഖലീഫയും ഹജ്ജ് ചെയ്തിരുന്നു. രണ്ടാം ഖലീഫയും ഹജ്ജ് ചെയ്തിട്ടുണ്ട്. അവരുടെ മക്കളും ഹജ്ജ് ചെയ്തിട്ടുണ്ട്. എന്റെ മൂത്ത സഹോദരനും രണ്ട് വർഷം മുമ്പേ ഹജ്ജ് ചെയ്തിരുന്നു.

ഒരു വനിതാ പ്രൊഫസർ ചോദിച്ചു: മക്ക കൂടാതെ നിങ്ങൾക്ക് ഹജ്ജ് ചെയ്യാൻ മറ്റു സ്ഥലമുണ്ടോ?

ഹുദൂർ: ഇല്ല, മക്കയ്ക്ക് പകരമാകാൻ കഴിയുന്ന ഒരു സ്ഥലവുമില്ല.

വനിതാ പ്രൊഫസർ: മക്കയ്ക്ക് പകരമല്ല, എന്നാൽ, ചിലപ്പോൾ ദർഗകളിലും മറ്റും ജനങ്ങൾ പോകാറുണ്ടല്ലോ?

ഹുദൂർ: 'ദർഗയൊന്നുമില്ല. എന്നാൽ, ഞങ്ങൾക്കും ചില പരിശുദ്ധ സ്ഥലങ്ങളുണ്ട്; ഖാദിയാൻ പോലെ. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ ജന്മ സ്ഥലം. ഇത് ഞങ്ങൾക്ക് വളരെ പരിശുദ്ധമായ സ്ഥലമാണ്. കാരണം അദ്ദേഹം അവിടെ ജനിച്ചു, ജീവിച്ചു, ഖബറടക്കപ്പെട്ടു. എന്നാൽ, ഖാദിയാനും മക്കയും ഒന്നു തന്നെയാണെന്ന് നിങ്ങൾക്ക് പറയാൻ കഴിയില്ല.'

ഒരു പ്രൊഫസർ ചോദിച്ചു: താങ്കളെ താങ്കൾക്ക് മുമ്പേുള്ള ഖലീഫ, ഖലീഫ എന്ന നിലയിൽ നിർദ്ദേശിച്ചതാണോ?

ഹുദൂർ: അല്ല, ഞങ്ങളുടെ ഒരു തിരഞ്ഞെടുപ്പ് കമ്മിറ്റിയുണ്ട്. അതിലെ അംഗങ്ങൾ അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളായിരിക്കും. ആ അംഗങ്ങളിൽ കേന്ദ്ര ഉദ്യോഗസ്ഥർ, രാഷ്ട്രങ്ങളുടെ അമീർമാർ, ചില സീനിയർ മിഷണറിമാർ ഉണ്ടായിരിക്കും.നിലവിലുള്ള ഖലീഫയുടെ വഫാത്തിനുശേഷം അവർ ഒരുമിച്ചു കൂടി പുതിയ ഖലീഫയെ തിരഞ്ഞെടുക്കുന്നു. ഖിലാഫത്തിനു വേണ്ടി പേരു നിർദേശിക്കപ്പെടുന്നു. അവർക്കുവേണ്ടി വോട്ട് നൽകപ്പെടുന്നു. ഈ പരിപാടി പൂർണമായും റെക്കോർഡ് ചെയ്യപ്പെടുന്നു. പോപ്പിന്റെ തിരഞ്ഞെടുപ്പ് നടത്തപ്പെടുന്നതുപോലെ തന്നെയാണ്. എന്നാൽ, നമുക്ക് പുക വരുന്ന ചിമ്മിനിയില്ല. എന്നു മാത്രമല്ല പുതിയ ഖലീഫ തിരഞ്ഞെടുക്കപ്പെടുമ്പോൾ ജമാഅത്തംഗങ്ങൾ അദ്ദേഹത്തിന്റെ കൈയിൽ ബയ്അത്ത് ചെയ്യുന്നു.

ഒരു പ്രൊഫസർ ചോദിച്ചു: ഏതെല്ലാം ജനവിഭാഗങ്ങൾ ചേർന്നതാണ് അഹ്മദിയ്യാ ജമാഅത്ത്. അധികപേരും തെക്കനേഷ്യയുമായി ബന്ധമുള്ളവരാണോ? അതോ വേറെയും ജനത അഹ്മദിയാണോ?

ഹുദൂർ: ഈ സമയത്ത് ഇന്ത്യയിലും പാക്കിസ്ഥാനിലുമുള്ള അഹ്മദികൾ എണ്ണത്തിൽ കൂടുതലാണ്. പാക്കിസ്ഥാനിലും ഇന്ത്യയിലുമുള്ള അഹ്മദികൾ അമേരിക്കയിലും യൂറോപ്പിലും ഇതര രാഷ്ട്രങ്ങളിലും വ്യാപിക്കുന്നുണ്ടെങ്കിലും ആഫ്രിക്കൻ അഹ്ദികളുടെ എണ്ണത്തിൽ വർധന ഉണ്ടാകുന്നുണ്ട്. പിന്നെ ഇന്തൊനേഷ്യ, മലേഷ്യ പോലുള്ള വിദൂര കിഴക്കൻ രാജ്യങ്ങളിലും അഹ്മദികളുടെ എണ്ണം കൂടുതലാണ്.

ഒരു വനിതാ പ്രൊഫസർ ചോദിച്ചു: അഹ്മദിയ്യാ ജമാഅത്തിൽ സ്ത്രീകളുടെ കർത്തവ്യങ്ങളെന്തൊക്കെയാണ്?

ഹുദൂർ: അഹ്മദിയ്യാ ജമാഅത്തിൽ സ്ത്രീകളുടെ പങ്ക് വളരെ സുപ്രധാനമാണ്. കാരണം നബി(സ) തിരുമേനിയുടെ ഒരു തിരുവചനമുണ്ട്. 'സ്വർഗം മാതാക്കളുടെ കാൽക്കീഴിലാണ്.' ഇതിന്റെ ഉദ്ദേശ്യം സ്ത്രീകൾ കുട്ടികളുടെ വിദ്യാഭ്യാസവും ശിക്ഷണവും ശരിക്കും നിർവ്വഹിക്കാതിരിക്കുകയാണെങ്കിൽ അവർ സ്വയം സ്വർഗത്തിൽ നിന്ന് തടയപ്പെടുമെന്ന് മാത്രമല്ല മറിച്ച് മക്കൾക്കും സ്വർഗം നിഷേധിക്കുന്നവരായിത്തീരും. ഇതാണ് അടിസ്ഥാന തത്ത്വങ്ങൾ. ഇതേ കാരണത്താൽ ഞങ്ങൾ ജമാഅത്തിനുള്ളിൽ സ്ത്രീകൾക്ക് പ്രത്യേകം സംഘടന സ്ഥാപിച്ചിട്ടുണ്ട്. അതിന് ഓരോ രാജ്യത്തും ദേശീയതലത്തിൽ പ്രസിഡന്റുണ്ട്; തദ്ദേശ തലത്തിലും പ്രസിഡന്റുണ്ട്; മറ്റു ഭാരവാഹികളുമുണ്ട്. അവർ തങ്ങളുടെ യോഗങ്ങൾ ചേരുന്നു. ഇതിനുപുറമെ ജമാഅത്തുപരമായ നിലയിലും യോഗം ചേരുന്നു. അതിൽ പുരുഷന്മാരും സ്ത്രീകളുമെല്ലാം പങ്കെടുക്കുന്നു. അത്തരം പരിപാടികളിലും സ്ത്രീകൾക്ക് പ്രത്യേക സമയം നല്കുന്നു. അതിൽ അവർ അവരുടെ പ്രസംഗങ്ങളും മറ്റും നടത്തുന്നു. പിന്നീട് കുട്ടികളുടെ വിദ്യാഭ്യാസം, ശിക്ഷണം, അവരുടെ ആത്മീയമായ വിദ്യാഭ്യാസം ശിക്ഷണം, അവരുടെ ആരോഗ്യവും തുടങ്ങിയവ സംബന്ധിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. ഞങ്ങളുടെ ജമാഅത്തിൽ സ്ത്രീകൾക്ക് വിശാലമായ പങ്കാണുള്ളത്.

ഞങ്ങളുടെ ജമാഅത്തിൽ വിദ്യഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ അംഗസംഖ്യ പുരുഷന്മാരെ അപേക്ഷിച്ച് അധികമാണ്.നിങ്ങളുടെ പക്കൽ പൂർണമായ അറിവില്ലാത്തിടത്തോളം നിങ്ങൾക്ക് നിങ്ങളുടെ കുട്ടികൾക്ക് നല്ല ശിക്ഷണം നല്കാൻ സാധിക്കുകയില്ല. അതാണെങ്കിൽ സ്ത്രീകളുടെ മുഖ്യമായ ഉത്തരവാദിത്വമാണ്. ഞങ്ങളുടെ സ്ത്രീകൾ വളരെ സാക്ഷരരാണ്. അവരിൽ എഞ്ചിനിയർമാരും, ഡോക്ടർമാരും, ആർക്കിടെക്റ്റുമാരും പ്രൊഫസർമാരുമുണ്ട്. എത്രത്തോളമെന്നാൽ, മൂന്നാം ലോക രാഷ്ട്രങ്ങളിലും ഞങ്ങളുടെ സ്ത്രീകളിൽ 99.9% സാക്ഷരരായ സ്ത്രീകളാണ്. ഇതിനെതിരിൽ പുരുഷന്മാർ 90%ആണ്. വിദ്യാഭ്യാസ സാക്ഷരത കൊണ്ടുദ്ദേശിക്കുന്നത് എഴുത്തും വായനയും അറിയുക എന്നതല്ല. പാക്കിസ്താനിൽ സാക്ഷരത കൊണ്ടുദ്ദേശിക്കുന്നത് വിശുദ്ധ ഖുർആൻ പാരായണം ചെയ്യാൻ അറിയാമെങ്കിൽ നിങ്ങൾ സാക്ഷരരായി ഗണിക്കപ്പെടും. മറിച്ച് സാക്ഷരതകൊണ്ടുള്ള ഉദ്ദേശ്യം ചുരുങ്ങിയത് സെക്കന്ററി വിദ്യാഭ്യാസം കരസ്ഥമാക്കിയവരാണ്.

ഒരു പ്രൊഫസർ ചോദിച്ചു: ഇപ്പോൾ യൂറോപ്പ് ഒരു ദുഷ്കരമായ അവസ്ഥയിലാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. യൂറോപ്പ് അഭയാർഥികളുടെ പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുന്നു. താങ്കളുടെ അഭിപ്രായത്തിൽ യൂറോപ്പിൽ Integration (ഏകീകരണം)ഉണ്ടാക്കുന്നതിന് എന്തെല്ലാം ബുദ്ധിമുട്ടുകളാണുള്ളത്.

ഹുദൂർ: ഞാൻ അധിക പേരോടും ചോദിക്കുന്ന ഒരു കാര്യമാണ് ഇന്റഗ്രേഷന്റെ (Integration)വ്യാഖ്യാനം. അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ശരിയായ രൂപത്തിൽ തന്നെ സമൂഹത്തിന്റെ ഭാഗമാണ്. കാരണം എന്റെ അഭിപ്രായത്തിൽ ഇന്റഗ്രേഷന്റെ ഉദ്ദേശ്യം ഏതു രാജ്യത്തിലാണോ നാം താമസിക്കുന്നത് ആരാജ്യത്തിനു

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

വേണ്ടി നമ്മൾ എന്താണ് ചെയ്യുന്നതെന്ന് നോക്കുക. രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി തന്റെ എല്ലാ അറിവും കഴിവും ഉപയോഗിക്കുന്നുണ്ടെങ്കിൽ അതിന്റെ അർഥം
നമ്മൾ ഇന്റഗ്രേഷൻ ചെയ്തുകൊണ്ടിരിക്കുന്നു എന്നാണ്. യൂറോപ്പിൽ ഞങ്ങളെ വളരെ പ്രശംസിക്കാറുണ്ട്.യൂറോപ്പിൽ, ഇവിടെ സ്വീഡനിൽ ജർമനിയിൽ എല്ലാ സ്ഥലങ്ങളിലും സ്ത്രീ പുരുഷൻമാരുടെ വലിയൊരു വിഭാഗം വരുന്ന അഹ്മദികൾ വിദ്യാസമ്പന്നരാണ്. അവർ സമൂഹത്തിലെ സുപ്രധാന വ്യക്തികളെന്ന നിലയിൽ അറിയപ്പെടുന്നു. ഇന്റഗ്രേഷൻ വിഷയത്തിൽ നമ്മെ അലട്ടുന്ന ഒരു പ്രശ്നവും എനിക്ക് കാണാൻ കഴിയുന്നില്ല. താങ്കൾ വിദ്യസമ്പന്നനാണെങ്കിൽ താങ്കൾക്ക് നല്ലതേത് മോശമേത് എന്ന് മനസ്സിലാക്കാൻ കഴിയും.
ഒരു പ്രൊഫസർ ചോദിച്ചു: അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശമെന്താണ്. താങ്കൾ താങ്കളുടെ ഒരു ജനതയെ സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നുണ്ടോ?
ഹുദൂർ: അഹ്മദിയ്യാ ജമാഅത്തിന്റെ ലക്ഷ്യം ലോകത്തുള്ള ഓരോ വ്യക്തിയും തന്റെ യഥാർഥ സ്രഷ്ടാവിന്റെ മുമ്പിൽ തല കുനിക്കുന്നവരാകണമെന്ന് തന്നെയാണ്. ഈ ലക്ഷ്യം പൂർത്തിയായാൽ അതു തന്നെ മതിയാകും. നമുക്ക് ഒരു ജനതയേയും സൃഷ്ടിക്കേണ്ട ആവശ്യമില്ല. നമുക്ക് രാഷ്ട്രങ്ങളുടെമേൽ ആധിപത്യം പുലർത്തേണ്ട ആവ്യശ്യമില്ല തന്നെ. എല്ലാ ജനങ്ങളും അല്ലാഹുവിനെ തിരിച്ചറിയുന്നവരും സൃഷ്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നവരുമായിത്തീരുകയാണെങ്കിൽ ഓരോ വ്യക്തിയും ആഗ്രഹിക്കും ആത്മീയമായി പുരോഗതി കൈവരിക്കണമെന്ന്. ഇതേ സന്ദേശം വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണ് ഞങ്ങൾ മുഴുകിയിരിക്കുന്നത്. എനിക്ക് സ്വീഡന്റേയോ ജർമനിയുടേയോ മറ്റേതെങ്കിലും ശക്തിയുടേയോ അത്യാഗ്രഹമില്ല. ഇതുകൊണ്ടാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ തന്റെ ഒരു കവിതയിൽ പറഞ്ഞത്:

*മുജ് കൊ കിയാ മുൽക്കോംസെ*
*മേരാ മുൽക് ഹെ സബ് സെ ജുദാ*
*മുജ് കൊ കിയാ താജോംസെ*
*മേരാ താജ് ഹെ രിള്‌വാനെ യാർ*

രാജ്യങ്ങളോടു എനിക്കെന്ത്! എല്ലാത്തിൽനിന്നും വേർപ്പെട്ടതാണ് എന്റെ രാജ്യം. കിരീടവുമായി എനിക്കെന്ത് ബന്ധം! പ്രിയതമന്റെ സന്തോഷമാണ് എന്റെ കിരീടം!
എനിക്ക് പറയാനുള്ളതും ഇതു തന്നെയാണ്. ഭൗതികശക്തികൾ ഇസ്‌ലാം- അഹ്മദിയ്യത്തിനെ കൊണ്ട് തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'
ഒരു പൊഫസർ ചോദിച്ചു: പരലോകത്തിൽ കൂടുതൽ ശ്രദ്ധിക്കുന്ന കാരണത്താൽ ഇഹലോക കാര്യങ്ങളിൽ ശ്രദ്ധക്കുറവുണ്ടാകുമെന്ന ആശങ്കയെകുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?
ഹുദൂർ: താങ്കൾ ഇഹലോകത്ത് വന്നിട്ടുണ്ടെങ്കിൽ പൂർത്തീകരിക്കേണ്ട ചില ഉത്തരവാദിത്വങ്ങൾ താങ്കൾക്കുണ്ട്. താങ്കൾ നിർവ്വഹിക്കേണ്ട ചില കടമകളുണ്ട്. ഈ കടമകൾ ഉന്നതനായ അല്ലാഹുവിന്റെ തൃപ്തികാംക്ഷിച്ചുകൊണ്ട് നിർവ്വഹിക്കുകയാണെങ്കിൽ ആ പ്രവർത്തനത്തിന്റെ പ്രതിഫലം താങ്കൾക്ക് ഇഹലോകത്തും പരലോകത്തും കിട്ടും. നബി(സ) തിരുമേനിയുടെ ഒരു ഹദീഥ് ഇതിന് ഉദാഹരണമാണ്: താങ്കൾ താങ്കളുടെ ഭാര്യയെ ശ്രദ്ധിക്കുന്ന വ്യക്തിയാണെങ്കിൽ, ഏതുവരെയെന്നാൽ അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ട് അവളുടെ വായിൽ ഒരു ഉരുളയാണെങ്കിലും ഇട്ടുകൊടുത്താൽ അതിന്നും താങ്കൾക്ക് പ്രതിഫലം കിട്ടുന്നതാണ്. താങ്കൾ സമാധാനം സ്ഥാപിക്കുകയും പരസ്പരം സ്നേഹിക്കുകയും ചെയ്യുകയാണെങ്കിൽ അതിന്റെ പ്രതിഫലം ഇഹലോകത്തും പരലോകത്തും കിട്ടുന്നതായിരിക്കും. താങ്കൾ ഭാര്യയെ സ്നേഹിക്കുകയാണെങ്കിൽ താങ്കളുടെ വീട്ടിൽ ശാന്തി കൈവരും. താങ്കളുടെ മക്കൾ സമാധാനത്തിൽ കഴിയും. കൂടാതെ പരലോകത്തും അതിന്റെ പ്രതിഫലം കിട്ടും. അപ്പോൾ പരലോകത്തിലാണ് കൂടുതൽ ശ്രദ്ധയെന്ന് താങ്കൾക്ക് പറയാൻ കഴിയില്ല. കാരണം താങ്കൾ എന്തൊന്നാണോ ചെയ്യുന്നത്, ഉന്നതനായ അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചു കൊണ്ടാണ് ചെയ്യുന്നതെങ്കിലും താങ്കളുടെ ശ്രദ്ധ കേവലം പരലോകത്തിൽ മാത്രമല്ല, ഇഹലോകത്തിലും ഉണ്ട്.
ഒരു പ്രൊഫസർ ചോദിച്ചു: താങ്കൾ സമൂഹത്തിൽ Integrationന്റെ കാര്യം പറയുകയായിരുന്നു. താങ്കളുടെ ജമാഅത്തിൽ മാനവസേവനവും സാമൂഹിക പ്രവർത്തനവും അനിവാര്യമാണോ?
ഹുദൂർ: തികച്ചും അനിവാര്യമാണ്. ഞങ്ങൾ യൂറോപ്പിലും ഇതര രാഷ്ട്രങ്ങളിലും Charity walks സംഘടിപ്പിക്കുന്നു. ഇങ്ങനെ സമാഹരിക്കുന്ന തുക ഞങ്ങൾ തദ്ദേശ ചാരിറ്റികൾക്ക് നൽകുന്നു. കൂടാതെ ഞങ്ങളുടെ സ്വന്തം ചാരിറ്റി സംഘടനയുമുണ്ട് .അതിന്റെ പേര് ഹ്യൂമാനിറ്റി ഫസ്റ്റ് എന്നാണ്. യൂറോപ്പിനെ കൂടാതെ ആഫ്രിക്കയിലും ഞങ്ങൾ വളരെ സേവനങ്ങൾ ചെയ്തു വരുന്നു. അവിടെ ഞങ്ങളുടെ ആശുപത്രികളും സ്കൂളുകളുമുണ്ട്. ആഫ്രിക്കയിലെ വിദൂര ഗ്രാമങ്ങളിൽ വസിക്കുന്നവർക്ക് ശുദ്ധജലത്തിനുവേണ്ടി കിണർ കുഴിച്ചു കൊടുക്കുന്ന പ്രവൃത്തിക്കും ആരംഭം കുറിച്ചിട്ടുണ്ട്. കുടിവെള്ളം അവർക്ക് ലഭിക്കാൻ വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്. അവിടെ ചെറിയ ചെറിയ കുട്ടികൾ കുടങ്ങൾ തലയിലേന്തി കിലോമീറ്ററോളം നടന്നാണ് വെള്ളം കൊണ്ടുവരുന്നത്. ഒരു പക്ഷേ, താങ്കളുടെ അറിവിൽ വന്നിട്ടുണ്ടാവില്ല. അവർ ഏറ്റിക്കൊണ്ടു വരുന്ന വെള്ളമാകട്ടെ പല രോഗങ്ങളും വഹിക്കുന്ന മലിന ജലമാണ്. കൂടാതെ മോഡൽ വില്ലേജുകൾ നിർമിച്ചു വരുന്നുണ്ട്. അതിൽ റോഡുകളിൽ വെളിച്ചം, കുടിക്കാൻ ശുദ്ധജലം, കമ്യൂണിറ്റി ഹാൾ, പച്ചക്കറികൾ വളർത്താൻ വെള്ളം എത്തിക്കൽ തുടങ്ങിയ സംവിധാനങ്ങളുണ്ട്. അവിടുത്തെ പ്രാദേശിക ജനങ്ങൾക്ക് ഞങ്ങളുണ്ടാക്കിക്കൊടുക്കുന്ന സൗകര്യങ്ങളാണിത്.
ഒരു വനിതാ പ്രൊഫസർ ചോദിച്ചു: ആഫ്രിക്കയിലെ ഏത് പ്രദേശങ്ങളിലാണ് ഈ സൗകര്യങ്ങൾ താങ്കൾ ചെയ്യുന്നത്:
ഹുദൂർ: പശ്ചിമാഫ്രിക്കൻ രാഷ്ട്രങ്ങളായ ഘാന, നൈജീരിയ, ബുർക്കിനോ ഫാസോ, മാലി, ഐവറികോസ്റ്റ്, ഗാംബിയ, സെനിഗാൾ തുടങ്ങിയവ ഇതിൽപെടുന്നു. ഏകദേശം പടിഞ്ഞാറേ ആഫ്രിക്കയിലെ എല്ലാ രാജ്യങ്ങളിലും സേവനങ്ങൾ ചെയ്തു വരുന്നുണ്ട്. പൂർവ ആഫ്രിക്കൻ രാജ്യങ്ങളായ കെനിയ,ടൻസാനിയ, ഉഗാണ്ട തുടങ്ങിയ രാജ്യങ്ങളിലും പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ മധ്യ ആഫ്രിക്കയിലും ആഫ്രിക്കയുടെ തെക്കൻ പ്രദേശങ്ങളിലും സേവനം നടന്നു വരുന്നു. കോംഗാ കിൻഷാസ(Congo Kinshasa)യിൽ ഞങ്ങൾക്ക് വലിയ ജമാഅത്തുണ്ട്. കൂടാതെ തെക്കേ അമേരിക്കയിലും ചില പ്രൊജക്ടുകൾക്ക് ആരംഭം കുറുച്ചിട്ടുണ്ട്. ഗ്വാട്ടിമാലയിൽ (Guatemala) വലിയ ഒരു ഹോസ്പിറ്റലിന്റെ നിർമാണം നടന്നു വരുന്നു.
പ്രസ്തുത വനിതാ പ്രൊഫസർ തുടർന്ന് ചോദിച്ചു: ഈ പ്രൊജക്റ്റുകൾക്കുള്ള തുക എവിടെ നിന്നാണ് സമാഹരിക്കുന്നത്?
ഹുദൂർ: ജമാഅത്തിലെ വ്യക്തികൾ സ്വയം സാമ്പത്തിക ത്യാഗം ചെയ്യുന്നു. കൂടാതെ ഞങ്ങൾ ചാരിറ്റി പ്രോഗ്രാമുകൾ സംഘടിപ്പിച്ച് അവിടെനിന്ന് തുകകൾ സമാഹരിക്കുന്നു. ഈയടുത്ത സമയത്ത് ഹ്യൂമാനിറ്റി ഫസ്റ്റ് അമേരിക്കയിൽ ഒരു Triathlon സംഘടിപ്പിച്ചിരുന്നു. അതിൽ നിന്ന് ഒന്നര മില്യൺ ഡോളർ സമാഹരിച്ചു. ഇത് ഗ്വാട്ടിമാല ആശുപത്രിയുടെ നിർമാണത്തിന് ചെലവിടുന്നതാണ്. ഞങ്ങളുടെ അധിക പ്രവർത്തനങ്ങളും ശ്രമദാനത്തിലൂടെയാണ് നടന്നു പോകുന്നത്. ഇങ്ങനേയും ഞങ്ങൾ ചെലവ് ചുരുക്കുന്നു. ഒരു പ്രൊജക്റ്റ് ഏതെങ്കിലും കമ്പനിക്ക് നൽകുമ്പോൾ 5 മില്യൻ ചെലവ് വരുന്നിടത്ത് ഞങ്ങൾ ഒരു മില്യൺകൊണ്ട് അത് പൂർത്തിയാക്കുന്നു.
പ്രോഗ്രാമിനൊടുവിൽ ഹുദൂർ പറഞ്ഞു: സമയം ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും ഞാൻ നിങ്ങളോടൊപ്പം കൂടുതൽ ഇരിക്കുമായിരുന്നു. എനിക്ക് അടുത്ത പരിപാടിയിൽ പങ്കെടുക്കേണ്ടതുണ്ട്. അപ്പോൾ അവിടെയുള്ള എല്ലാവരും ഹുദൂറിന് നന്ദി പറഞ്ഞു.
ഈ പരിപാടി 11.15-ന് സമാപിച്ചു. തുടർന്ന് ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങിപ്പോയി.

### ബയ്ത്തുൽ ആഫിയത്തിൽ ആഗമനം

ഏകദേശം 12 മണിക്ക് ഇവിടെ നിന്ന് ഹുദൂർ സ്റ്റോക്ക്ഹോമിലുള്ള ബയ്ത്തുൽ ആഫിയത്തിലേക്ക് പുറപ്പെട്ടു. അരമണിക്കൂറിനുള്ളിൽ സ്റ്റോക്ക്ഹോം ജമാഅത്ത് പ്രസിഡന്റ് ഖാലിദ് മഹ്മൂദ് ചീമയുടെ വീട്ടിലെത്തുകയും കുറച്ച് നിമിഷങ്ങൾ അവിടെ ചെലവഴിച്ചതിനുശേഷം സ്റ്റോക് ഹോം മുബല്ലിഗ് കാശിഫ് മഹ്മൂദ് വർക് സാഹിബിന്റ വസതിയിലേക്ക് പോകുകയും ചെയ്തു. ഇവിടെ അര മണിക്കൂറോളം ഹുദൂർ തങ്ങിയശേഷം മേജർ അബ്ദുൽ ഹമീദ് ശർമ സാഹിബിന്റെ മകൻ ഡോക്ടർ മഹ്മൂദ് ശർമ സാഹിബിന്റെ വസതിയിലെത്തിയ ഹുദൂർ സ്റ്റോക് ഹോം സ്വദ്റിന്റെ വീട്ടിൽ മടങ്ങിയെത്തി. ഹുദൂറിനോടൊപ്പം എല്ലാവരും ഭക്ഷണം കഴിച്ചു. തുടർന്ന് ബയ്ത്തുൽ ആഫിയത്തിലേക്ക് പുറപ്പെട്ടു. ആകാംക്ഷയോടെ ഹുദൂറിനെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു അവിടുത്തെ അഹ്മദികൾ.ഹുദൂർ എത്തിയപ്പോൾ പെൺകുട്ടികൾ സംഘമായി സ്വാഗത ഗാനം ആലപിച്ചു. ഹുദൂർ കൈയുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. തുടർന്ന് ബയ്ത്തുൽ ആഫിയത്തിൽ ളുഹ്റും അസ്റും ജംഅക്കി നിർവ്വഹിച്ചു. തുടർന്ന് ഗോഥൻ ബർഗിലേക്ക് പുറപ്പെടുന്നതിനു മുമ്പേ എല്ലാവരോടുമൊപ്പം ദുആ ചെയ്തു.സ്റ്റോക് ഹോം സ്വദ്ർ സാഹിബിന്റെ വീട്ടിലേക്ക് പുറപ്പെട്ട ഹുദൂർ അവിടെ നിന്ന് 2.40 ന് ഗോഥൻ ബർഗിലേക്ക് പുറപ്പെട്ടു. 483 കിലോമീറ്റർ ദൂരം ഏകദേശം 3 മണിക്കൂർകൊണ്ട് താണ്ടി 8.15-ന് ഗോഥൻ ബർഗിലെ മസ്ജിദ് നാസിറിലെത്തി. ഇടയിൽ കുറച്ചു സമയം ഒരു കഫ്റ്റീരിയയിൽ തങ്ങി. ജമാഅത്തിലെ വലിയൊരു ജനാവലി തങ്ങളുടെ പ്രിയനേതാവിനെ അവിടെ പ്രതീക്ഷിക്കുന്നുണ്ടായിരുന്നു. അത്യന്തം ആവേശത്തോടെ പ്രിയ ഹുദൂറിന് സ്വാഗതമോതി. പെൺകുട്ടികൾ സ്വാഗത ഗാനം ആലപിച്ചപ്പോൾ ഒരു ഭാഗത്തായി നിന്നിരുന്ന സ്ത്രീകൾ ഹുദൂറിനെ ദർശിച്ച് അനുഗൃഹീതരായി തീർന്നു. കൈകളുയർത്തി ഹുദൂർ അസ്സലാമു അലയ്ക്കും പറഞ്ഞു. തുടർന്ന് മസ്ജിദിനോട് ചേർന്നുള്ള വാസസ്ഥലത്തേക്ക് പോയി. 9.45-ന് മഗ്‌രിബ് -ഇശാഅ് നമസ്കാരം മസ്ജിദ് നാസിറിൽ ജംഅ് ജമാഅത്തായി നിർവ്വഹിക്കാൻ നേതൃത്വം നൽകിയ ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങുകയും ചെയ്തു. ഗോഥൻ ബർഗിൽ സൂര്യാസ്തമയം 9.39-നായിരുന്നു. മസ്ജിദ് നാസിർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്വീഡനിലെ ആദ്യ മസ്ജിദാണ്. ഹദ്റത്ത്

**ഹദീഥുന്നബവി (സ):**

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

**അല്ലഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 16 May 2019 Issue-20

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ഖലീഫത്തുൽ മസീഹ് മൂന്നാമനാണ് 1975 സെപ്റ്റംബർ 27–ന് ഈ മസ്ജിദിന് ശിലാസ്ഥാപനം നിർവഹിച്ചത്. മുൻകൂട്ടി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ദുആയോടുകൂടി കൊടുത്തു വിട്ട ഖാദിയാനിലെ മസ്ജിദ് മുബാറക്കിന്റെ 2 ഇഷ്ടികയാണ് വേദനാനിർഭരമായ ദുആയോടു കൂടി ഹുദൂർ(റഹ്) തറക്കല്ലിട്ടത്. ഈ മസ്ജിദ് ചെറിയൊരു മലമുകളിലാണ് സ്ഥിതി ചെയ്യുന്നത്. 325 ചതുരശ്ര മീറ്റർ വിസ്താരമുള്ള ഈ മസ്ജിദിന്റെ നിർമാണം പൂർത്തിയാക്കി 1976 ആഗസ്റ്റ് 20–ന് അനുഗൃഹീത വെള്ളിയാഴ്ച ദിവസം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ (റഹ്) ഉൽഘാടനം നിർവ്വഹിച്ചു. മസ്ജിദ് നാസ്വിർ സ്ഥിതി ചെയ്യുന്ന സ്ഥലം 8000 ചതുരശ്രമീറ്ററാണ്. തുടക്കത്തിൽ ലീസിൽ ആയിരുന്ന ഈ സ്ഥലം 1997ൽ ജമാഅത്ത് വാങ്ങുകയും 1999–ൽ മസ്ജിദ് വിപുലമാക്കുകയുംചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുടെ നിർദേശാനുസരണം മുഹമ്മദ് ഉഥ്മാൻ ചീനി സാഹിബാണ് ഇതിന്റെ ശിലാസ്ഥാപന കർമം നിർവ്വഹിച്ചത്. വിപുലീകരണത്തിനു ശേഷം ഈ രണ്ടു നില പള്ളിയിൽ ആയിരത്തിലധികം പേർക്ക് നമസ്കരിക്കാൻ കഴിയും. ഗ്രൗണ്ട് ഫ്ളോർ പുരുഷന്മാർക്കുള്ള വലിയ നമസ്കാര ഹാളും ലൈബ്രറി ഹാളും ഡൈനിംഗ് ഹാളും കിച്ചണും 5 ഓഫീസും ഒരു റസിഡൻഷ്യൽ ഫ്ളാറ്റും ഉൾക്കൊള്ളുന്നതാണ്.

രണ്ടാം നിലയിൽ സ്ത്രീകൾക്ക് വേണ്ടിയുള്ള വലിയ നമസ്കാര ഹാൾ, കുട്ടികൾക്കുവേണ്ടി പ്രത്യേക സ്ഥലം, അതോടുചേർന്ന് രണ്ട് ഹാൾ, ലജ്നാ ഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്നു. ഇതിൽ ഒരു ഗസ്റ്റ് ഹൗസുമുണ്ട്. കൂടാതെ രണ്ട് ഓഫീസും ഒരു സുന്ദരമായ എം.ടി.എ.സ്റ്റുഡിയോയുമുണ്ട്. മസ്ജിദിന് രണ്ട് ഗുംബദും മസ്ജിദിനോടൊപ്പം മിനാറത്തുൽ മസീഹിന്റെ രൂപത്തിൽ പണികഴിപ്പിച്ച മിനാരവും സ്ഥിതി ചെയ്യുന്നു. ഉയർന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നതുകൊണ്ട് ദൂരെനിന്ന് ഇതു കാണാൻ കഴിയുന്നു.(ബദ്ർ പത്രത്തോട് കടപ്പാട് 2016 ജൂലൈ 21)

## 2016 മെയ് 19 വ്യാഴാഴ്ച:

രാവിലെ 3.15–ന് ഹുദൂർ മസ്ജിദ് നാസ്വിറിൽ സുബ്ഹി നമസ്കാരത്തിനു നേതൃത്വം നൽകി. തുടർന്ന് താമസ സ്ഥലത്തേക്ക് മടങ്ങി. ഓഫീസ് സംബന്ധമായ കത്തുകളും ഇതര കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും ആവശ്യമായ നിർദേശങ്ങൾ സ്വന്തം കൈപ്പടയിൽ നൽകുകയും ചെയ്തു. ഉച്ചക്ക് 2 മണി വരെ ഓഫീസ് സംബന്ധമായ പ്രവൃത്തിയിൽ മുഴുകിയിരുന്ന ഹുദൂർ ളുഹ്ർ അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാര ശേഷം താമസസ്ഥലത്തേക്ക് മടങ്ങി. ഉച്ചക്ക് ശേഷവും ഹുദൂർ ഓഫീസ് സംബന്ധമായ പ്രവൃത്തിയിൽതന്നെ വ്യാപൃതനായി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചയ്ക്ക് 7 മണിക്ക് ഹുദൂർ ഓഫീസിലെത്തി. തുടർന്ന് കൂടിക്കാഴ്ച ആരംഭിച്ചു. വൈകുന്നേരം നടന്ന ഈ കൂടിക്കാഴ്ചയിൽ 28 കുടുംബത്തിൽ നിന്നുള്ള 94 പേർക്ക് തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്താൻ സൗഭാഗ്യം ലഭിച്ചു. ഇവരെല്ലാം ഗോഥൻ ബർഗിൽനിന്നുള്ളവരായിരുന്നു. സ്റ്റോക്ക് ഹോമിൽനിന്നും 483 കിലോമീറ്റർ ദൂരം യാത്ര ചെയ്ത് ഒരു കുടുംബം എത്തിയതായിരുന്നു. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനുള്ള സൗഭാഗ്യവും കിട്ടി. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹുദൂർ സസന്തോഷം പേന നൽകി. ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നൽകി. 9.10 വരെ നീണ്ടു നിന്ന ഈ പരിപാടിക്ക് ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

9.48–ന് മസ്ജിദ് നാസ്വിറിൽ മഗ്‌രിബ് ഇശാഅ് ജംആക്കി നമസ്കരിപ്പിച്ചതിനുശേഷം ഹുദൂർ തിരിച്ചുപോയി.

## ഹുദൂറിന്റെ സ്വീഡൻ സന്ദർശനം;

### റേഡിയോ,ടെലിവിഷൻ കവറേജ്, പത്രവാർത്തകൾ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്വീഡനിലെ ദേശീയവും പ്രാദേശികവുമായ പ്രിന്റ് ഇലക്ട്രോണിക് മീഡിയകളിൽ ഹുദൂറിന്റെ സന്ദർശനത്തിന് നല്ല കവറേജ് ലഭിച്ചു. നാഷണൽ ടീവിയിലും റേഡിയോയിലും വിവിധ അഭിമുഖങ്ങൾ സംപ്രേഷണം ചെയ്തു. പത്രങ്ങളിലും അത് പ്രസിദ്ധീകരിക്കപ്പെട്ടു.

മാൽമോയിലെ മസ്ജിദ് മഹ്മൂദിനെ കുറിച്ചും ലേഖനങ്ങൾ വന്നു കൊണ്ടിരുന്നു. ഓൺലൈൻ സോഷ്യൽ മീഡിയായിലും വ്യാപകമായി കവറേജ് ഉണ്ടായികൊണ്ടിരുന്നു. സ്വീഡിഷ് ദേശീയ ടെലിവിഷൻ ചാനലായ Sveriges Sydnytt TV മെയ് 11–ലെ അതിന്റെ സംപ്രേഷണത്തിൽ കവറേജ് നൽകി. സ്വീഡന്റെ തെക്കൻ പ്രദേത്തുനിന്നുള്ള ഒരു ന്യൂസ് ടീം മെയ് 11–ന് ഹുദൂറുമായുള്ള അഭിമുഖത്തിന് മാൽമോയിലെ മഹ്മൂദ് മസ്ജിദിലെത്തി. അതേ ദിവസം വൈകുന്നേരം ഈ വാർത്ത സംസ്ഥാന ടെലിവിഷനിൽ സംപ്രേഷണം ചെയ്തു. ഇതിൽ മസ്ജിദിന്റെ സൗന്ദര്യം ഉദ്ധരിച്ച് ഹുദൂറിന്റെ ഒരു ചോദ്യത്തിനുള്ള മറുപടിയായിരുന്നു. തദ്ദേശ വാസികളും മസ്ജിദ് ഇഷ്ടപ്പെടുമെന്ന പ്രതീക്ഷയും പ്രകടിപ്പിച്ചു. നമ്മുടെ മോട്ടോ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതാണെന്നും ഇസ്‌ലാമിന്റെ അർഥം ശാന്തി, സമാധാനം എന്നാണെന്നും പ്രത്യേകം എടുത്തു പറഞ്ഞു.

ഈ പ്രദേശത്തിന്റെ മൊത്തം ജനസംഖ്യ 1.3 മില്യനാണ്. വെബ്സൈറ്റിലും ഒരു ലേഖനം പോസ്റ്റ് ചെയ്യപ്പെട്ടു. ആ വാർത്ത ഇപ്രകാരമാണ്:

ഇന്നാളുകളിൽ മാൽമോയിൽ ഒരു പുതിയ മസ്ജിദിന്റെ ഇൽഘാടനം നടക്കാൻ പോകുകയാണ്. ഈ മസ്ജിദിന്റെ നിർമാണം നിർവ്വഹിച്ചതും പണം ചെലവഴിച്ചതും അഹ്മദിയ്യാ ജമാഅത്താണ്. എല്ലാത്തരം തീവ്രവാദത്തേയും ജമാഅത്ത് അപലപിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ പരമോന്നത നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് പറയുന്നു: ഞങ്ങളുടെ മോട്ടോ എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് എന്നതാണ്.

മസ്ജിദിന്റെ ഉൽഘാടനത്തിന് ഖലീഫ ഇപ്പോൾ യാത്രയിലാണ്. യാത്ര ചെയ്തുകൊണ്ട് Yttre ring-vagen റോഡിലൂടെ ഡ്രൈവ് ചെയ്യുന്ന പോകുന്ന ധാരാളം വ്യക്തികൾ ഈ മസ്ജിദ് കണ്ടിട്ടുണ്ടാകും. അതിന്റെ പേര് മഹ്മൂദ് മസ്ജിദ് എന്നാണ്. ഇത് അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫയുടെ പേരിലാണ് വെക്കപ്പെട്ടിട്ടുള്ളത്. ബുധനാഴ്ച അദ്ദേഹം മാധ്യമങ്ങളെ ക്ഷണിച്ചിരുന്നു. ധാരാളം അഹ്മദികളും ഇതിൽ പങ്കെടുക്കുന്നുണ്ട്. വസീം അഹ്മദ് സാജിദ് തന്റെ കുടുംബത്തോടൊപ്പം ലോലേ വിൽ നിന്ന് വന്നിരുന്നു. ഇവിടെ വരിക എന്നത് വളരെ മഹത്വമുള്ള കാര്യമാണ്. അതേപോലെ ഫരീദ് അസോഫി ഇസ്‌ലോൺ എന്ന സ്വീഡൻ അഹ്മദി വനിത ലോലേവിൽ നിന്ന് ഇവിടെ വന്നിട്ടുണ്ട്. അവർ പറയുന്നു: ഇന്നിവിടെ ഞങ്ങൾ വന്നത് ഹുദൂറിനെ കാണാനാണ്. എനിക്ക് വളരെ സന്തോഷിക്കാനുള്ള അവസരമാണ്. ഒരു പ്രാവശ്യം ഞാൻ ഹുദൂറിനെ ലണ്ടനിൽ വെച്ച് കണ്ടിട്ടുണ്ട്. **തുടരും**

# AhmadiyyaVocational(Technical)Training Centre Qadian

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)1934–ൽ അനുഗൃഹീത നാടായ ഖാദിയാനിൽ യുവാക്കളെ സാങ്കേതികവിദ്യ അഭ്യസിപ്പിക്കുന്നതിനും അവരെ ഉത്തമ പൗരന്മാരാക്കുന്നതിനുംവേണ്ടി ദാറുസ്സ്വനാഅത്ത് വകുപ്പിന് അടിത്തറയിട്ടു. അത് ഇന്ത്യാവിഭജനത്തിനുശേഷം അവസ്ഥകൾ മോശമായ കാരണത്താൽ നിലച്ചുപോയിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദാറുസ്സ്വനാഅത്ത് 2010 മുതൽ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ അനുവാദവും മാർഗനിർദേശവും കൊണ്ട് നളാറത്ത് തഅ്ലീം ഖാദിയാന്റെ മേൽനോട്ടത്തിൽ വീണ്ടും സേവനം ചെയ്തു വരുന്നു. ഈ സ്ഥാപനം NSIC (ദില്ലി) (National Small Industries Corporation)ൽ അഫ്ലിയേറ്റഡാ (affiliated)ണ്. ഈ സ്ഥപനത്തിൽനിന്ന് ഒരു വർഷത്തെ കോഴ്സ് പൂർത്തിയാക്കുമ്പോൾ വിദ്യാർഥിക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സർട്ടിഫിക്കേറ്റ് നല്കപ്പെടുന്നതാണ്.

ഈ സ്ഥാപനത്തെ പൂർണമായും പ്രയോജനപ്പെടുത്താൻ ഇന്ത്യയിലെ അഹ്മദിയ്യാ യുവാക്കളോടു അപേക്ഷിക്കുകയാണ്. ദാറുസ്സ്വനാഅത്തിൽ താഴെ പറയുന്ന ഒരു വർഷത്തെ ടെക്നിക്കൽ കോഴ്സുകളാണ് നിലവിലുള്ളത്. *1. വെൽഡിംഗ്, 2. ഇലക്ട്രിക്കൽ 3. പ്ലംബിംഗ്, 4. ഏ സി &ഫ്രിഡ്ജ് 5. ഡീസൽ മെക്കാനിക്കൽ. 6. പെട്രോൾ മെക്കാനിക്. 7. കാർപെന്റർ 8. കമ്പ്യൂട്ടർ.* ഇതുവരെ ഈ സ്ഥാപനത്തിൽ നിന്ന് നൂറുക്കണക്കിന് അഹ്മദി യുവാക്കൾ പരിശീലനം കഴിഞ്ഞ് രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്തു വരുന്നു.

**പ്രവേശനത്തിനുള്ള നിബന്ധനകൾ:**

1. അപേക്ഷകൻ 8–ാം ക്ലാസ് പാസായിരിക്കണം.
2. പ്രവേശന ഫോറം പൂരിപ്പിച്ച് 2019 ജൂൺ 30 നുള്ളിൽ പ്രിൻസിപ്പാൾ ദാറുസ്സ്വനാഅത്ത് ഖാദിയാന് രജിസ്റ്റർ അല്ലെങ്കിൽ ഈമെയിൽ അയക്കുകയോ അല്ലെങ്കിൽ കൂടെ കൊണ്ടുവരികയോ ചെയ്യുക.
3. ഖാദിയാന് വെളിയിൽനിന്നു വരുന്ന അഹ്മദി വിദ്യാർഥികൾ അമീറിന്റേയോ സ്വദ്റിന്റേയോ മുബല്ലിഗിന്റേയോ സാക്ഷ്യത്തോടുകൂടിയ കത്ത് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.
4. ഹോസ്റ്റൽ സൗകര്യം വെറും 40 വിദ്യാർഥികൾക്കാണ്. ഇതിനുപുറമെ വരുന്ന കുട്ടികൾ താമസത്തിനും ഭക്ഷണത്തിനുമുള്ള സൗകര്യം സ്വന്തം ചെയ്യേണ്ടതാണ്.
6. എല്ലാം ഒരു വർഷത്തെ കോഴ്സാണ്. അതുകൊണ്ട് ഏത് ടെക്നിക്കൽ കോഴ്സിലാണോ പ്രവേശനം വേണ്ടത് അതിന്റെ ഫീസ് ഒന്നിച്ചോ രണ്ടുഗഡുവായോ നിർബന്ധമായും അടയ്ക്കേണ്ടതാണ്. അപേക്ഷകൻ ഖാദിയാനിൽ വരേണ്ട തിയതി എഴുത്തു മുഖേനയോ ടെലഫോൺ മുഖേനയോ അറിയിക്കുന്നതാണ്. അനുവാദം കിട്ടിക്കഴിഞ്ഞാൽ 2019 ജൂൺ 30 നുള്ളിൽ സ്വന്തം ചെലവിൽ ഖാദിയാനിൽ എത്തേണ്ടതാണ്.
7. അപേക്ഷകൻ പ്രവേശന ഫോറത്തോടൊപ്പം (വ്യക്തിപരമായ മെഡിക്കൽ ഫയൽ, അതിൽ ബ്ലഡ്ഗ്രൂപ്പ്, ഏതെങ്കിലും വിധത്തിലുള്ള അലർജി തുടങ്ങിയ രോഗമുണ്ടെങ്കിൽ അതും കാണിച്ചിരിക്കേണ്ടതാണ്, ജമാഅത്തിന്റെ തിരിച്ചറിയൽ കാർഡ്, ജനനത്തിയതി രേഖപ്പെടുത്തിയിട്ടുള്ള സ്കൂൾ സർട്ടിഫിക്കേറ്റ്, ആധാർകാർഡ്/വോട്ടർ കാർഡ് മൂന്നു ഫോട്ടോയും) അത്യാവശ്യമായ രേഖകളും സമർപിക്കേണ്ടതാണ്.

(കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്)

**പ്രവേശന ഫോറം(darulsanaat,qadian @gmail.com)എന്ന വിലാസത്തിൽ നിന്ന് വാങ്ങാവുന്നതാണ്.**

**(മുബശ്ശിർ അഹ്മദ് ബട്ട്, പ്രിൻസിപ്പാൾ ദാറുസ്സ്വനാഅത്ത് ഖാദിയാൻ) Mobile:9872923363**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin